032:1M64x
F1.1

MUL
034892

കൊടുങ്ങല്ലൂർ

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ

# കൃതികൾ

പുസ്തകം ൧.

പ്രസാധകൻ

പി. വി. കൃഷ്ണവാരിയർ

ലക്ഷ്മീസഹായം അച്ചുക്കൂടം

കോട്ടക്കൽ

1097

25678

34892
032:1M64x
F1.6

# അനുക്രമണിക


| | |
|---|---|
| ആമുഖോപന്യാസം ... ... ... | i—viii |
| ജീവചരിത്രം ... ... ... | 1—32 |
| പരശുരാമാഷ്ടകം ... ... ... ... | 1 |
| ശരസേതുബന്ധം ... ... ... ... | 3 |
| വേട്ടയ്ക്കൊരുമകൻ ... ... ... ... | 14 |
| ജരാസന്ധവധവ്യായോഗം (സംസ്കൃതം) ... ... | 21 |
| എഴുത്തുകൾ ... ... ... ... | 48 |
| സ്യമന്തകം ഭാഷാനാടകം ... ... ... | 73 |

# ആമുഖോപന്യാസം

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ ഞാനാദ്യംകണ്ടതു് 1069-ാമതു കൊല്ലത്തിലാണു്. കോഴിക്കോട്ടുവെച്ചുകൂടിയ ഭാഷാപോഷിണിസഭയിൽ സന്നിഹിതനായിരുന്ന തിരുമനസ്സുകൊണ്ടു് പുതിയ സ്നേഹിതന്മാരായ കിഴക്കേ കോവിലകത്തെ ചില ചെറിയതമ്പുരാക്കന്മാരോടുകൂടി കോട്ടയ്ക്കൽ വന്നപ്പോളാണു് എനിക്കിതിന്നു സംഗതിവന്നതു്. അന്നു ഞാൻ നന്നെ കുട്ടിയായിരുന്നതിനാൽ, ഈ മഹാനെ കാണുകമാത്രം ചെയ്തല്ലാതെ, അടുത്തു ചെന്നു വന്ദിക്കുന്നതിനുപോലും ധൈൎയ്യപ്പെട്ടില്ല. എങ്കിലും, പിന്നെ ഒരു കൊല്ലം കഴിയുന്നതിന്നു മുമ്പായിത്തന്നെ കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സുകൊണ്ടു് കിഴക്കേകോവിലകത്തു് ഒരു 'ഇരിപ്പുകാര'നായതിനാൽ അവിടുത്തെ കാണ്മാനും, ധാരാളം പരിചയിപ്പാനും എനിക്കു സൌകൎയ്യം കിട്ടി.

അക്കാലത്തു് എനിക്കു കവിതാഭ്രമം കലശലായിരുന്നു. അതുനിമിത്തം കവികളുമായി സഹവസിക്കുന്നതിന്നും കവിത കേൾക്കുന്നതിന്നും തരം കിട്ടുമ്പോളൊന്നും ഒഴിച്ചുവിടുക പതിവില്ലെന്നല്ല, സ്വന്തമായി ചില മുറിശ്ലോകങ്ങളുണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇത്തരക്കാർ തന്റെ മ

മ്പിൽപെട്ടാൽ വെറുതേ വിടുന്ന ആളാണോ കുഞ്ഞിക്കുട്ടൻ തമ്പുരാൻ? സ്വതേ കവിതക്കാരെ പുച്ഛമായിട്ടുള്ള ചില 'പച്ചപ്പരിഷ്കാരികൾ' പോലും ഒരിക്കൽ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മുമ്പിൽ പെട്ടുപോയാൽ അവിടുന്ന് കമ്പം പിടിപ്പിക്കാതിരിക്കുകയില്ല. എന്തിനധികം പറയുന്നു? ഇന്നു സാഹിത്യരംഗത്തിൽ ആദ്യവസാനക്കാരായി ചൊല്ലിയാടുന്ന പല വൻകിടക്കാരും കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കളരിയിൽ കച്ചകെട്ടിയവരോ, അവിടുത്തെ ഉപദേശംകൊണ്ടും പ്രോത്സാഹനംകൊണ്ടും മാത്രം പേരെടുത്തവരോ ആണെന്നു തിരുമനസ്സിലെ അറിയുന്നവൎക്കെല്ലാം അറിയാം. അല്ലാത്തവർ, അവിടുന്ന് ഓരോ കവികൾക്കയച്ചിട്ടുള്ള കത്തുകൾ ഈ ഗ്രന്ഥാവലിയിൽ പ്രസിദ്ധപ്പെടുത്തുന്നതു നോക്കിയാൽ മതിയാകുന്നതുമാണ്.

ഈക്കൂട്ടത്തിൽതന്നെ, ഞങ്ങൾ തമ്മിൽ പരിചയമായശേഷം തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ ഞാനും കവിതാവിഷയത്തിൽ ഒരു ശിഷ്യനായി കൂടി. ആദ്യകാലങ്ങളിൽ അവിടുന്ന് എന്നെക്കൊണ്ടു നിർബ്ബന്ധിച്ചു കവിതയുണ്ടാക്കിക്കുകയും, അതിലെ ഗുണദോഷങ്ങൾ പറഞ്ഞുതരികയും പതിവായിരുന്നു. പക്ഷേ എനിക്കിതിന്നു വളരെക്കാലം ഭാഗ്യമുണ്ടായില്ല. തമ്പുരാൻ തിരുമനസ്സുകൊണ്ടു കോട്ടയ്ക്കൽ സ്ഥിരതാമസമായിട്ട് അധികകാലം കഴിയുന്നതിന്നുമുമ്പായി ഇംഗ്ലീഷുപഠിപ്പിന്നുവേണ്ടി ഞാൻ കോഴിക്കോട്ടേക്കു പോയി. പിന്നെ കോഴിക്കോട്ടുവെച്ചും കോട്ടയ്ക്കൽ വരുമ്പോ-

ഴം ഇടയ്ക്കിടയ്ക്ക് അവിടുത്തെ കാണാമെന്നല്ലാതെ, കവിതാവിഷയത്തിൽ ഏർപ്പെട്ടുവാൻ എനിക്കു സമയവും സൌകൎയ്യവും കിട്ടിയിരുന്നില്ല. കോളെജുപൂട്ടുന്ന മദ്ധ്യവേനല്ക്കാലങ്ങളിലോ ക്രിസ്തുമസ്സുകാലത്തോ തമ്പുരാൻതിരുമനസ്സുകൊണ്ടു കോട്ടയ്ക്കലുള്ളപക്ഷം ഞാൻ സംസ്കൃതസാഹിത്യത്തിൽ വല്ല ഗ്രന്ഥങ്ങളും നോക്കുകയാണ് പ്രായേണ ചെയ്തിരുന്നത്. ഇക്കൂട്ടത്തിൽ ഒരിക്കൽ വൃത്തരത്നാകരവും, മറ്റൊരവസരത്തിൽ പ്രതാപരുദ്രീയത്തിൽ ഏതാനും ഭാഗവും ഞാൻ ഇവിടുത്തെ അടുക്കൽ പഠിക്കുകയുണ്ടായിട്ടുണ്ട്.

1078-ലാണ് ഞാൻ വീണ്ടും കോട്ടയ്ക്കൽ സ്ഥിരതാമസമാക്കിയത്. 79 മുതല്ക്കു ധന്വന്തരി ആരംഭിച്ചപ്പോൾ എനിക്കു കവിതയിലുള്ള ശ്രദ്ധ കുറെക്കൂടി കാൎയ്യമുണ്ടതായി വന്നു. അതുനിമിത്തം അത്യാവശ്യകാൎയ്യങ്ങൾക്കല്ലാതെ കവിത കേൾക്കുന്നതിന്നോ വെടി പറയുന്നതിന്നോ മാത്രമായി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കാണുന്നതും ചുരുക്കമായിത്തീൎന്നു. ഇതിന്നിടയ്ക്ക് ഒരു സംഗതിവശാൽ ഞാനെഴുതി അയച്ച ഒരു ചെറുകൃതിയെപ്പറ്റി തമ്പുരാൻതിരുമനസ്സുകൊണ്ട് എനിക്കയച്ചിരുന്ന ഒരു സ്വകാൎയ്യക്കത്തിൽ,

"പതിവായ് കവിതയ്ക്കു നോക്കിടാ-
തതിലങ്ങിങ്ങു ചിലപ്പൊളീവിധം
കൃതിചെയ്യുതുമിത്ര സുഷ്ഠുവാ-
വതിലാണേററമെനിക്കൊരൽഭുതം"

എന്നെഴുതിയിരുന്നു. അവിടുന്ന് ഇങ്ങിനെ എഴുതിയതു,

ഞാൻ നിരന്തരമായി കവിതാപരിശ്രമം ചെയ്യുന്നതിന്നു വേണ്ടി മാത്രമാണെന്നു സ്പഷ്ടമാണല്ലോ.

85-മേടത്തിൽ ഞാൻ 'കവനകൌമുദി' ഏറ്റെടുത്തതുമുതൽക്കു പ്രകൃതമെല്ലാം മാറി. കൌമുദിയുടെ പത്രാധിപത്യമുൾപ്പെടെയുള്ള സകലഭാരവും ഞാൻ വഹിക്കാനേറ്റതുതന്നെ തമ്പുരാൻതിരുമനസ്സുകൊണ്ടു ധൈര്യപ്പെടുത്തീട്ടാണ്. 'ഞാനുള്ളകാലം കൌമുദിക്കു ലേഖനങ്ങളില്ലാതെ ബുദ്ധിമുട്ടു വരികയില്ലെ'ന്നുംകൂടി അന്ന് അവിടുന്നു പറഞ്ഞിരുന്നു. അതുപോലെതന്നെ, അവിടുത്തെ നിര്യാണകാലംവരെയും, അതിൽ പിന്നീടും അവിടുത്തെ കൃതികൾ കൌമുദിയെ സവിശേഷം അലങ്കരിച്ചിട്ടുണ്ടെന്നു പ്രത്യേകം ഇവിടെ പറയേണ്ടതുമില്ലല്ലോ.

കവനകൌമുദി കയ്യേറ്റതുമുതൽക്കാണ് ഞങ്ങൾ തമ്മിൽ ഇടവിടാതെ അടുത്തു പരിചയിച്ചുതുടങ്ങിയതു്. തമ്പുരാൻ തിരുമനസ്സിലേക്കു എനിക്കെത്രമാത്രം ഭക്തിയും ബഹുമാനവുമുണ്ടോ അതിലധികമായ വാത്സല്യവും വിശ്വാസവും അവിടേക്കെന്റെ പേരിലും ഉണ്ടെന്നു പലവിധത്തിലും പ്രത്യക്ഷപ്പെട്ടു. അവിടുന്നു കോട്ടക്കലുള്ള കാലങ്ങളിൽ ഞങ്ങൾ രണ്ടാളുംകൂടി കൌമുദിആപ്പീസ്സിലിരുന്ന് പല കവിതകളും തിരുത്തുകയും, പല കവിതകളുടേയും ഗുണദോഷവിവേചനം ചെയ്കയും, സാഹിത്യവിഷയമായി പല ആലോചനകളും നടത്തുകയും ചെയ്തിട്ടുണ്ടു്. ഈ കൂട്ടത്തിലൊന്നാണ് "പുരാണപുരുഷന്മാർ" എന്ന പുസ്തകാവലിയുടെ ആലോചന. അന്നു ഞങ്ങൾ

വാല സാഹിത്യകാരന്മാക്കും ഓരോ പുരാണപുരുഷന്മാരെ
പ്പററി എഴുതുവാൻ തിരിച്ചുവെച്ച കൂട്ടത്തിൽ, എ. ര
ജരാജവമ്മതമ്പുരാൻ എം. ഏ. അവർകളോട് അപേ
ക്ഷിച്ചതിനനുസരിച്ചാണ് 'സുയോധനൻ' അരങ്ങത്തു വ
ന്നത്. അങ്ങിനേതന്നെ വേറെ ചിലരും ചിലതു പ്രസി
ദ്ധപ്പെടുത്തീട്ടുണ്ട്.

ഇതിന്നിടക്കു കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സി
ലെ അച്ചടിച്ചതും അച്ചടിക്കാത്തതുമായ കൃതികളെല്ലാം
ഞാൻ ശേഖരിച്ചുകൊണ്ടിരുന്നു. അതിൽ ചിലത് അവിടു
ന്നുതന്നെ എനിക്കു വരുത്തിത്തരികയാണ് ചെയ്തിട്ടുള്ളത്.
ഇതൊക്കെ എന്തിനാണെന്ന് ഒരിക്കൽ അവിടുന്നു ചോദി
ച്ചപ്പോൾ തിരുമനസ്സിലെ വിസ്തരിച്ചുള്ള ഒരു ജീവചരിത്രം
എഴുതുവാനാണെന്നു ഞാൻ പറകയും, അതിന്നത്യാവശ്യം
ചില വിവരങ്ങൾ അവിടുന്നുതന്നെ തരേണ്ടതുണ്ടെന്നറിയി
ക്കുകയും ചെയ്തു. അങ്ങിനെ അന്നു ഞാൻ നിർബ്ബന്ധിച്ച
തുകൊണ്ട് തന്നെപ്പററി അത്യാവശ്യമായ ചില വിവര
ങ്ങൾ അവിടുന്നുതന്നെ സ്വഹസ്താക്ഷരത്തിൽ എനിക്കെഴു
തിത്തന്നിട്ടുണ്ട്. അതിപ്പോഴും എൻെറ കൈവശത്തിലുണ്ടു
താനും. ഈ പുസ്തകത്തിൽ ചേത്തുകാണുന്ന ജീവചരിത്രം
പ്രായേണ അതിനെ അടിസ്ഥാനപ്പെടുത്തി എഴുതിയതാ
ണ്. 88 മകരം 10-ാംനു- തമ്പുരാൻ തീപ്പെട്ടശേഷം ഞാ
നിതെഴുതുകയും, അധികം താമസിക്കാതെ 'സനാതനധമ്മം'
മാസികയിൽ അതിൻെറ ഉടമസ്ഥന്മാരുടെ നിബ്ബന്ധപ്ര
കാരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ ചരിത്രംതന്നെ

യാണ് പറയത്തക്ക മാററങ്ങളൊന്നും കൂടാതെ ഇപ്പോഠം ഇതിലും ചേത്തിട്ടുള്ളത്.

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ സകലകൃതികളും ഭംഗിയുള്ള ഒരേതരം പുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തണമെന്നാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. ഇതവിടുന്നും അന്നു സന്തോഷപൂവ്വം സമ്മതിച്ചിരുന്നു. പക്ഷേ എന്റെ ഏപ്പാടുകഠം പൂത്തിയാകുന്നതിന്നു മുമ്പെ ആ മഹാന്റെ കാലം കഴിഞ്ഞുപോയി. എങ്കിലും അതിന്നുശേഷം കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ അനുജനായ കുഞ്ഞുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അവിടുത്തെ കൃതികളെല്ലാം അച്ചടിക്കുവാനായി സദയം എനിക്ക് അനുവാദം തന്നിട്ടുണ്ട്. ഇതിന്നനുസരിച്ച് 1088 കുംഭം 5-ാംനു ഞാൻ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം പലരും കണ്ടിരിക്കുമല്ലോ. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികഠം, പ്രത്യേകിച്ച് അച്ചടിക്കാത്ത കൃതികഠം, നാടാകെ ചിന്നിച്ചിതറിക്കിടക്കുന്നതു ശേഖരിക്കുവാൻ വിചാരിച്ചതിലധികം കാലതാമസം വന്നുപോയതിനാലും, അപ്പോഴക്കു യൂറോപ്പിൽ മഹായുദ്ധം ആരംഭിച്ചതുകൊണ്ടു കടലാസ്സിന്നും മററും കണക്കില്ലാതെ വിലകയറിയതുകൊണ്ടും വിജ്ഞാപനത്തിന്നനുസരിച്ചു പ്രവത്തിക്കുവാൻ ഇതേവരെ എനിക്കു സാധിച്ചില്ല. ഇപ്പോഴും കാലം നല്ലവണ്ണം അനുകൂലമായിട്ടില്ലെങ്കിലും ഇനിയും താമസിക്കുന്നതു കൃതഘ്നതയാകുമെന്നു ഭയപ്പെട്ട് ഒന്നാമത്തെ പുസ്തകം ഈവിധം പ്രസിദ്ധപ്പെടുത്തുവാൻ തീച്ചപ്പെടുത്തിയതാണ്.

ഈ ഗ്രന്ഥാവലിയിലെ ഓരോ പുസ്തകത്തിലും വിവിധവിഷയങ്ങൾ ഉൾപ്പെടുത്തുവാനാണ് ഞാനുദ്ദേശിച്ചിട്ടുള്ളത്. അതുപ്രകാരം ഒന്നിൽതന്നെ അഷ്ടകമോ പഞ്ചകമോ ഏതെങ്കിലും ഒന്ന്, ഒരു ഖണ്ഡകൃതി, ഒരു ഗാഥ, രൂപകങ്ങളിൽ ഒന്ന്, കുറേ എഴുത്തുകൾ ഇങ്ങിനെ പലതും ഇടകലർന്നിരിക്കും. പക്ഷേ ഓരോ കൃതിയും ഓരോ പുസ്തകത്തിൽതന്നെ പൂർത്തിയായിരിക്കണമെന്നുകൂടി നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പ്രത്യേകം ഒരു പുസ്തകമാക്കാൻ വകയുള്ള 'ഒതെല്ലൊ' നാടകം ഇതിൽ തുടങ്ങാതിരുന്നത്.


ഈ പുസ്തകത്തിൽ ചേർത്ത കൃതികളിൽ 'പരശുരാമാഷ്ടകം' മംഗളോദയത്തിലും, 'ശരസേതുബന്ധം' കവനകൌമുദിയിലും, 'വേട്ടയ്ക്കൊരുമകൻ പാന' പ്രത്യേകപുസ്തകമായും, 'സ്യമന്തകം നാടകം' ജനരഞ്ജിനിയിലും മുമ്പു പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. എങ്കിലും ഇപ്പോൾ അവക്ക പ്രചാരം കുറഞ്ഞിട്ടുള്ളതുകൊണ്ടും, ഈ പുസ്തകാവലിയിൽ വലിയ പുസ്തകങ്ങളല്ലാത്ത എല്ലാ കൃതികളും ഉൾപ്പെട്ടിരിക്കണമെന്നുദ്ദേശമുള്ളതുകൊണ്ടും ഇതിൽ എടുത്തു ചേർത്തതാണ്. ഇതിന്ന് അതാതിന്റെ ഉടമസ്ഥന്മാരോടു ഞാൻ പ്രത്യേകം പ്രത്യേകം ക്ഷമായാചനം ചെയ്യുന്നു.

ഈ കൂട്ടത്തിൽതന്നെ, അയോദ്ധ്യാകാണ്ഡം അഞ്ചുകളും തുള്ളൽ അയച്ചുതന്നിട്ടുള്ള തോട്ടാശ്ശേരി പുരുഷോത്തമൻ നമ്പൂതിരിഅവർകൾക്കും, ഏതാനും കത്തുകളും മററും അയച്ചുതന്നിട്ടുള്ള നടുവത്തു മഹൻനമ്പൂതിരിഅവർകൾക്കും

കൊട്ടാരത്തിൽ ശങ്കുണ്ണിഅവർകൾ, കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പ് അവർകൾ, വെണ്മണി കുഞ്ഞുണ്ണിനമ്പൂതിരിപ്പാടവർകൾ, തോരണത്ത പരമേശ്വരമേനോനവർകൾ മുതലായ മററ പല മാന്യന്മാൎക്കും ഞാൻ പ്രത്യേകം കടപ്പെട്ടിട്ടുണ്ടെന്നുകൂടി ഇവിടെ കൃതജ്ഞതാപൂൎവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു.

ഈ പുസ്തകാവലിയുടെ പ്രസിദ്ധീകരണത്തിൽ എനിക്കു പ്രത്യേകം ചില സഹായങ്ങൾ ചെയ്തുതന്നിട്ടുള്ളതിന്ന്, കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഭാൎയ്യാസഹോദരനായ കെ. സി. തിരുവീരരായൻ രാജാ ബി. ഏ. അവർകൾക്കും, കഴിഞ്ഞുപോയ മഹാന്റെ പുത്രനും അവിടുത്തെ വിശിഷ്ടഗുണങ്ങൾക്ക് പ്രത്യേകാവകാശിയെന്ന് ഇപ്പോൾതന്നെ പ്രത്യക്ഷപ്പെടുത്തിവരുന്ന ഒരു വിദ്യാൎത്ഥിയും ആയ കെ. സി. ഏട്ടൻതമ്പുരാൻ അവർകൾക്കും, വിശേഷിച്ച് ഈ പ്രസിദ്ധീകരണത്തിന്നു സദയം അനുവാദം തന്ന കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിത്തമ്പുരാൻ തിരുമനസ്സിലേക്കും ഞാൻ എന്നെന്നും കൃതജ്ഞനാണെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

കോട്ടക്കൽ<br>97-കൎക്കിടകം 30-ാംനു } പി. വി. കൃഷ്ണവാരിയർ.


I.A. SCHOOL

UNIVERSITY LIBRARY
14 DEC 1926

കൊടുങ്ങല്ലൂർ

# കുഞ്ഞിക്കുട്ടൻതമ്പുരാൻ

തിരുമനസ്സുകൊണ്ടു്.

---

പാരമ്പര്യത്തിന്നു പ്രത്യേകം ഒരു മാഹാത്മ്യമുണ്ടെന്നു ദൃഷ്ടാന്തപ്പെടുത്തുവാൻ ഈ മഹാകവിയുടെ ജീവചരിത്രം മതിയായ ഒരു ലക്ഷ്യമാകുന്നു. ആധുനികഭാഷാകവികൾക്കു് ഒരു മാർഗ്ഗദർശിയായി സ്മരിക്കപ്പെട്ടുവരുന്ന വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട്ടിലെ "പേർകേൾക്കാതെയും അദ്ദേഹത്തിൻെറ ഒരു ശ്ലോകമെങ്കിലും തോന്നാതെയും അക്ഷരജ്ഞാനമുള്ള മലയാളികളുടെ കൂട്ടത്തിൽ ആരും" ഉണ്ടെന്നു തോന്നുന്നില്ല. ആ മഹാത്മാവിന്നു ബ്രാഹ്മണപത്നിയിലുണ്ടായ ഏകസന്തതിയാകുന്നു പ്രസിദ്ധനായ വെണ്മണി മഹൻ നമ്പൂതിരിപ്പാട്. അതുപോലെ, കൊടുങ്ങല്ലൂർ കോവിലകത്തു കുഞ്ഞിപ്പിള്ളത്തമ്പുരാൻ* എന്ന ഇപ്പോഴത്തെ അമ്മത്തമ്പുരാൻ തിരുമനസ്സിലെ, അച്ഛൻനമ്പൂതിരിപ്പാട്ടു തൻെറ ക്ഷത്രിയപത്നിയായി സ്വീകരിച്ചതിലുണ്ടായ പ്രഥമസന്താനമാകുന്നു നമ്മുടെ ചരിത്രനായകൻ. ഈ രണ്ടു മക്കളിലും അച്ഛൻെറ കവിതാവാസന ഒരുപോലെ പ്രതിഫലിച്ചതാലോചിക്കുമ്പോൾ പാരമ്പര്യത്തിന്നു പ്രത്യേകം ഒരു ശക്തിയുണ്ടെന്നു സമ്മതിക്കാതെ കഴികയില്ലല്ലോ.

---

* തെക്കൻദിക്കിൽ രാജസ്ത്രീകൾക്കും പുരുഷന്മാരെപ്പോലെതന്നെ 'തമ്പുരാൻ' എന്നാണ് പറയുമാറുള്ളത്.

അമ്മയുടെ പാരമ്പൎയ്യം നോക്കിയാലും നമ്മുടെ കഥാനായകനു വലിയൊരു യോഗ്യത സിദ്ധിക്കാൻ തന്നെയാണ് അവകാശമുള്ളത്. അനവധികാലമായി വൈദുഷ്യത്തിന്നും കവിത്വത്തിന്നും പ്രത്യേകം പ്രസിദ്ധപ്പെട്ടതാണല്ലോ കൊടുങ്ങല്ലൂർ രാജവംശം. അവിടെ ജനിക്കുന്നവരെല്ലാം ഏറാക്കുറെ പണ്ഡിതന്മാരും പ്രസിദ്ധന്മാരുമായിത്തീരുമെന്നുള്ളത് ഇന്നും കണ്ടുവരുന്ന ഒരു സംഗതിയാണ്. ഏത്രയും പ്രശസ്തവും പ്രസിദ്ധവുമായ ഒരു രാജവംശത്തിലെ അസാമാന്യഗുണങ്ങളോടുകൂടിയ ഒരു വനിതാരത്നമാകുന്നു കുഞ്ഞിപ്പിള്ളത്തമ്പുരാൻ. നമ്മുടെ കഥാനായകൻ അവിടുത്തെ സീമന്തപുത്രനാകയാൽ മാതൃപാരമ്പൎയ്യത്തിലും ഇവിടുത്തു വിശേഷിച്ചൊരു യോഗ്യതക്കവകാശമുണ്ടെന്നു സ്പഷ്ടമായല്ലോ.

കുഞ്ഞിപ്പിള്ളത്തമ്പുരാനെ ചെറുപ്പത്തിൽതന്നെ നമ്പൂതിരിപ്പാടു ഭാൎയ്യയായി സ്വീകരിച്ചു. എങ്കിലും വളരെ കാലത്തേക്ക് അവൎക്ക് ഒരു ഉണ്ണിയുണ്ടായിക്കാണ്മാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. അവിടുന്നു പ്രസവിക്കുമോ എന്നുകൂടി പലൎക്കും സംശയമായി. അങ്ങിനെ പ്രസവത്തിന്നുള്ള കാലം അതിക്രമിച്ചു തുടങ്ങിയതോടുകൂടി അമ്മത്തമ്പുരാൻ പരദേവതയായ കൊടുങ്ങല്ലൂർ ഭഗവതിയെ പ്രത്യേകം ഭക്തിവിശ്വാസത്തോടുകൂടി ഭജിക്കുകയും, വളരെ ചിലവുള്ള ഓരോ വഴിപാടുകൾ കഴിക്കുകയും ചെയ്തുതുടങ്ങി. ഈ കൂട്ടത്തിൽതന്നെ തിരുവഞ്ചിക്കുളം മുതലായ മററു പല മഹാക്ഷേത്രങ്ങളിലും പോയി ഭജിക്കുകയും, അനേകം വഴിപാടുകൾ കഴിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ ബ്രാഹ്മ

ണപ്രീതിക്കായി വളരെ പണം ചിലവുചെയ്തു 'ത്രിസന്ധ' മുതലായ അനേകം സൽക്കർമ്മങ്ങളും ചെയ്തുകൊണ്ടിരുന്നു. അതിൻെറയെല്ലാം ഫലമായി, കുഞ്ഞിപ്പിള്ളത്തമ്പുരാൻ 29-ാം വയസ്സിൽ ഗർഭം ധരിക്കുകയും, 1040 കന്നി 4-ാംനു- നമ്മുടെ ചരിത്രനായകൻ ജനിക്കുകയും ചെയ്തു. ഇങ്ങിനെ ഭഗവതിയുടെ കടാക്ഷവും, മഹാബ്രാഹ്മണരുടെ അനുഗ്രഹവും നിമിത്തം ജനിച്ച പുരുഷൻ ഒരു 'കടാക്ഷവിദ്വാനോ', 'അനുഗ്രഹകവി'യോ ആയിത്തീർന്നതിൽ അശേഷം അത്ഭുതമില്ലല്ലൊ.

നമ്മുടെ കഥാനായകൻെറ സാക്ഷാൽ പേർ 'രാമവർമ്മാ' എന്നായിരുന്നു. 'കുഞ്ഞിക്കുട്ടൻ' എന്നുള്ളത് ഒരു ഓമനപ്പേരാണ്. ഇതുതന്നെ ലോപിച്ചിട്ടോ എന്തോ 'കുഞ്ഞൻ തമ്പുരാൻ' എന്നുകൂടി ഇവിടുത്തെ വിളിച്ചിരുന്നതായി കവിതയിലും മററും കാണുന്നുണ്ട്. എന്തായാലും സാഹിത്യലോകത്തിൽ ശാശ്വതമായിരിക്കുന്ന പേർ 'കുഞ്ഞിക്കുട്ടൻതമ്പുരാൻ' എന്നുതന്നെയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

തമ്പുരാനു ബാല്യത്തിൽ പറയത്തക്ക കഷ്ടാരിഷ്ടങ്ങളൊന്നും ഉണ്ടായതായി കേട്ടിട്ടില്ല. അഞ്ചാം വയസ്സിൽ സാധാരണപോലെ ഇവിടുത്തെ എഴുത്തിനുവെച്ചു. കുലഗുരുവായ വളപ്പിൽ ഉണ്ണിആശാൻതന്നെയാണ് അക്ഷരാഭ്യാസം നടത്തിയത്. വളരെക്കാലം മോഹിച്ചുണ്ടായ ഒരു ഉണ്ണിയാകയാൽ വിദ്യാഭ്യാസത്തിന്നുപോലും രാമവർമ്മനെ കോവിലകത്തുനിന്നു പുറത്തേക്കയക്കാൻ അമ്മ

ത്തമ്പുരാന്നു വിശ്വാസമുണ്ടായിരുന്നില്ല. അതുനിമിത്തം പാഠങ്ങളൊക്കെ സ്വന്തം മേലന്വേഷണത്തിൽ അവിടുത്തെ അടുക്കൽവെച്ചുതന്നെയാണ് നടത്തിയത്. അമ്മയുടെ അന്നത്തെ നിഷ്കർഷയാണ് തനിക്കുണ്ടായിട്ടുള്ള സകലശ്രേയസ്സിന്നും കാരണമെന്നു തമ്പുരാൻ പലതവണയും പറയുകയുണ്ടായിട്ടുണ്ട്: രഘുവംശം, മാഘം മുതലായ ചില കാവ്യങ്ങൾ അമ്മാമനായ ഗോദവർമ്മൻ എന്ന മൂന്നാം രാജാവവർകളുടെ അടുക്കൽ പഠിച്ചു. അവിടുന്ന് 1049-ൽ അന്തരിച്ചുപോയശേഷം പിന്നെ പഠിച്ചതെല്ലാം തന്റെ അമ്മാമനായ വിദ്വാൻ കുഞ്ഞിരാമവർമ്മതമ്പുരാനവർകളുടെ അടുക്കലായിരുന്നു. 'സ്യമന്തകം' നാടകത്തിൽ "അമ്മാമനും ഗുരുവുമാകിയ കുഞ്ഞുരാമവർമ്മാവനീപതി" എന്ന് ഈ കവിതന്നെ പ്രസ്താവിച്ചുകാണുന്നതുകൊണ്ടു പ്രധാനഗുരു അവിടുന്നു തന്നെയാണെന്നു തീർച്ചയായല്ലൊ. കുഞ്ഞിരാമവർമ്മതമ്പുരാനവർകൾക്ക് എല്ലാശാസ്ത്രത്തിലുംവെച്ചു വ്യാകരണത്തിലാണ് അധികം വൈദഗ്ദ്ധ്യമുള്ളത്. അതുകൊണ്ടു നമ്മുടെ കഥാനായകനും പ്രത്യേകം പരിശ്രമിച്ചിട്ടുള്ളതു വ്യാകരണത്തിൽതന്നെയായിരുന്നു. കൌമുദി, മനോരമ, ശേഖരം മുതലായ പല വ്യാകരണഗ്രന്ഥങ്ങളും തമ്പുരാൻ വളരെ നിഷ്കർഷിച്ചു പഠിച്ചിട്ടുണ്ട്. ഇതോടുകൂടി മററു ശാസ്ത്രങ്ങളിലും അവസ്ഥാനുസരണം ശ്രദ്ധവെക്കാതിരുന്നിട്ടില്ല. തർക്കം, അലങ്കാരം മുതലായ സകലശാസ്ത്രങ്ങളും അതാതു വിഷയത്തിൽ പ്രത്യേകം പാണ്ഡിത്യമുള്ള ഓരോ വിദ്വാന്മാരുടെ അടുക്കൽ

പഠിക്കുകയും, വേണ്ടുന്ന പാണ്ഡിത്യമെല്ലാം സമ്പാദിക്കുകയും ചെയ്തിരുന്നു. തക്കത്തിൽ മുക്താവലിവരെ പഠിച്ചതു കുഞ്ഞൻതമ്പുരാനവർകളുടെ അടുക്കലായിരുന്നു. പിന്നെ വ്യുല്പത്തിവാദംവരെ ഉപരിഗ്രന്ഥങ്ങൾ പഠിച്ചിട്ടുള്ളതു, വലിയൊരു താക്കികനായിരുന്ന ശംഗോപാചാൎയ്യരുടെ അടുക്കലാണ്. ജ്യോതിശ്ശാസ്ത്രത്തിൽ തമ്പുരാന്റെ പ്രധാനഗുരുഭൂതൻ കൊടുങ്ങല്ലൂർ വലിയകൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ. എന്നാൽ ഗണിതത്തിൽ പഞ്ചബോധംവരെ ക്രിയ ചെയ്യാറാക്കിയത് അവിടുത്തെ മുത്തശ്ശിയായിരുന്ന ഇളയതമ്പുരാനെന്ന കൊച്ചുതമ്പുരാട്ടി അവർകളായിരുന്നു. ഇങ്ങിനെ ഓരോ ശാസ്ത്രങ്ങളും അതാതിൽ പ്രത്യേകം പാണ്ഡിത്യവും പരിചയവുമുള്ള ഓരോ വിദ്വാന്മാരുടെ അടുക്കൽ പഠിച്ച് ഉപനയനം കാലമായപ്പോഴക്കുതന്നെ തമ്പുരാൻ വേണ്ടത്തക്ക വൈദുഷ്യമൊക്കെ സമ്പാദിച്ചു കഴിഞ്ഞു.

ഉപനയിച്ചിരുന്ന കാലത്തും അവിടുയ്ക്കു അനദ്ധ്യായമുണ്ടായിരുന്നില്ല. ക്ഷത്രിയക്കു വേണ്ടുന്ന വൈദികവിഷയങ്ങളെല്ലാം അന്നു നല്ലവണ്ണം പഠിക്കുകയും, യഥാവസരം ഓരോ ശാസ്ത്രങ്ങളിൽ പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങിനെ സ്വതേയുള്ള ബുദ്ധിശക്തിയാലും, അശ്രാന്തപരിശ്രമംചെയ്തുവന്നതുകൊണ്ടും സമാവൎത്തനം കാലമായപ്പോഴക്കു തമ്പുരാൻ തിരുമനസ്സുകൊണ്ട് 'സൎവ്വതന്ത്രസ്വതന്ത്ര'നായിത്തീരുകയും ചെയ്തു.

ഉപനയനത്തിന്നുശേഷം തമ്പുരാൻ തിരുമനസ്സുകൊ

ണ്ടു്, കൊടുങ്ങല്ലൂർ രാജാക്കന്മാൎക്കു പതിവുള്ളതുപോലെ, കുലപരദേവതയായ ഭഗവതിയെ മൂന്നുകൊല്ലം ഭജിച്ചു. എന്നാൽ ഇവിടുത്തെ ഭജനം സാധാരണപോലെയൊന്നുമല്ലായിരുന്നു. കഠിനനിഷ്ഠയോടുകൂടിയാണു് അവിടുന്നു ഭജിച്ചതെന്നു കേട്ടിട്ടുണ്ടു്. ഏതായാലും ഭജനം കഴിഞ്ഞതോടുകൂടി "കളകരുണ കളിക്കുന്ന കാളീകടാക്ഷം" ഇവിടുത്തെ പേരിൽ പ്രത്യേകമുണ്ടായിട്ടുണ്ടെന്നു് ഉടനെ പ്രസിദ്ധിച്ച കവിയശസ്സുകൊണ്ടുതന്നെ തീൎച്ചയാക്കാമല്ലൊ.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് എന്നുമുതൽക്കാണു് കവിതയുണ്ടാക്കിത്തുടങ്ങിയതെന്നു നല്ല നിശ്ചയമില്ല. പഠിക്കുന്നകാലത്തുതന്നെ അവിടുന്നു കവിത ഉണ്ടാക്കിക്കൊണ്ടിരുന്നു എന്നും, അതുനിമിത്തം പഠിച്ച ഭാഗങ്ങൾ ഉരുവിട്ടുറപ്പിക്കുന്നതിൽ പലപ്പോഴും ഉദാസീനത വന്നുപോയിട്ടുണ്ടെന്നും ചിലർ പറഞ്ഞു കേട്ടിട്ടുണ്ടു്. ഇതിൽ ഒട്ടും വാസ്തവമില്ലെന്നു തോന്നുന്നില്ല. വ്യാകരണത്തിൽ ഉപസ്ഥിതി പോരാ എന്നു തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ പറയുകയുണ്ടായിട്ടുണ്ടു്. അവിടുത്തെപ്പോലെ ബുദ്ധിമാനായ ഒരാൾക്കു് ആവിധം വരണമെങ്കിൽ പഠിപ്പിൽ കുറെ അമാന്തം കാണിച്ചിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. എന്നാൽ ഇതു കവിതയിലുള്ള കൌതുകംകൊണ്ടുതന്നെ പററിയതുമായിരിക്കണം. പിന്നെ ഭജിക്കുന്ന കാലത്തും ഭഗവതിയെക്കുറിച്ചു ചില സ്തോത്രങ്ങളും മററും ഉണ്ടാക്കിയതായി കാണുന്നുണ്ടു്. അതൊക്കെ നോക്കുമ്പോൾ, തിരുമനസ്സുകൊണ്ടു് വളരെ

ചെറുപ്പത്തിൽതന്നെ കവിതയുണ്ടാക്കിക്കൊണ്ടിരുന്നു എ
ന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അഥവാ, കുഞ്ഞി
ക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെപ്പോലെയുള്ള ജന്മകവി
കളുടെ വാസന ആദ്യംതന്നെ പൊട്ടിപ്പുറപ്പെട്ടുകാണുന്ന
തിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത്. അതെല്ലാം
എങ്ങിനെയായാലും, ഒരു കവിയുടെ നിലയിൽ ജനസാമാ
ന്യം ഇവിടുത്തെ പ്രശംസിച്ചുതുടങ്ങിയതു ഭജനത്തിന്നു
ശേഷമാണെന്നുള്ളതിന്നു സംശയമില്ല.

കവിതാവിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തി
രുമനസ്സുകൊണ്ട് ഒരു 'സവ്യസാചി'യായിരുന്നു എന്നുത
ന്നെ പറയണം. സംസ്കൃതവും മലയാളവും ഒരുപോലെ
സ്വാധീനപ്പെടുത്തി ആ രണ്ടുകൊണ്ടും ഒപ്പം കവിതാപ്ര
യോഗം ചെയ്യുന്നതിന്നു തിരുമനസ്സിലേക്ക് അത്യാശ്ചര്യക
രമായ ഒരു സാമൎത്ഥ്യമുണ്ടായിരുന്നു. എങ്കിലും നമ്മുടെ ഭാ
ഗ്യവശാൽ, മലയാളഭാഷയിൽതന്നെയാണ് അവിടുന്നു
അധികം കൃതികളെഴുതീട്ടുള്ളത്. ഇത് അച്ഛന്റെ ഉപദേ
ശപ്രകാരമാണെന്നു തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ
പറകയുണ്ടായിട്ടുണ്ട്. പക്ഷേ തമ്പുരാൻ കവിതയുണ്ടാ
ക്കുവാൻ തുടങ്ങിയ കാലത്തേക്കുതന്നെ 'സാഹിത്യസംരം
ഭമെല്ലാം ശമിച്ചു നിൎവ്വാണമായ അഗ്നിപൎവ്വതം പോലെ'
യായിരുന്നു അച്ഛൻനമ്പൂതിരിപ്പാട്ടിലെ സ്ഥിതി. അ
തുനിമിത്തം, "മഞ്ജുശ്രീകവി വെണ്മണിക്ഷിതിസുരൻ
വാത്സല്യഭാരത്തിനാൽ
ഭഞ്ജിയ്ക്കാതെ തനിക്കെഴുന്ന കവിതാ-
ചാതുൎയ്യമൎപ്പിക്കയാൽ"

കവിത്വം മാത്രമല്ലാതെ, മററു പറയത്തക്ക സഹായങ്ങളൊന്നും നമ്മുടെ കഥാനായകന് അച്ഛനിൽനിന്നു ലഭിക്കുവാൻ സൌകര്യമുണ്ടായിട്ടില്ല. അച്ഛൻനമ്പൂതിരിപ്പാട്ടിലെക്കൊണ്ടു കവിതാവിഷയത്തിൽ പിന്നേയും കുറച്ചൊരു സഹായമുണ്ടായിട്ടുള്ളതു കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലേക്കാണ്. ഈ സംഗതി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ആദ്യത്തെ കൃതിയായ 'കവിഭാരത'ത്തിൽ കാണുന്ന താഴേ എഴുതിയ ശ്ലോകംകൊണ്ടു വ്യക്തമാകുന്നതുമുണ്ട്.

"ഉൾച്ചീന്നും വേഗമേറും നിജകവനബല-
ത്താലൊക്കെയോർത്തുക്കി-
സ്വച്ഛന്ദം മൂകനായ് വാണഖിലകവിജന-
പ്പോരുകണ്ടിണ്ടലെന്യേ
കൊച്ചുണ്ണിക്ഷോണിപാലപ്രവരനു കൊടിയായ്
വെണ്മണിശ്രീകലന്നോ-
രച്ഛൻനമ്പൂരി ഭൂരിപ്രഥിതസിതയശോ-
മോഹനശ്രീഹനൂമാൻ."

കവിതാവിഷയത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗുരുസ്ഥാനം വഹിച്ചിട്ടുള്ളത്, അവിടത്തെ വൈമാത്രേയസഹോദരനായ വെണ്മണി മഹൻ നമ്പൂതിരിപ്പാടാണ്. ഇതു കവിഭാരതത്തിൽതന്നെ കൌരവഖണ്ഡത്തിലെ രണ്ടാം ശ്ലോകംകൊണ്ടു സൂചിപ്പിച്ചിട്ടുള്ളതു കൂടാതെ, മഹൻ നമ്പൂതിരിപ്പാട്ടിലേക്കയച്ച ചില കത്തുകളിൽനിന്നു നല്ലവണ്ണം തെളിയുന്നതുമുണ്ട്.

ഗുരുശിഷ്യന്മാരായ ഈ ജ്യേഷ്ഠാനുജന്മാർതന്നെയാണ് ആധുനികഭാഷാകവികളുടെ കൂട്ടത്തിൽ അധികം പ്രശസ്തന്മാരായിത്തീർന്നിട്ടുള്ളത്. ഇവക്കു തമ്മിൽ പലതുകൊണ്ടും സാമ്യം കാണുന്നുണ്ട്. ഒരേ അച്ഛന്റെ മക്കളായ ഈ രണ്ടു കവികളും പിതൃസ്വത്തായ കവിത്വത്തിന്ന് ഒരുപോലെ അവകാശികളായിത്തീർന്നു. രണ്ടാളും അത് അവസ്ഥാനുസരണം പുഷ്ടിവരുത്തുകയും ചെയ്തു. ഇവർ രണ്ടാളും മരണപര്യന്തം കവിതാവിഷയത്തിൽത്തന്നെയാണ് പ്രത്യേകം പരിശ്രമിച്ചിട്ടുള്ളത്. രണ്ടുകൂട്ടരും ബുദ്ധിമാന്മാരും, അസൂയ അഭിമാനം മുതലായ ദുർഗ്ഗുണങ്ങൾ അശേഷം ബാധിച്ചിട്ടില്ലാത്തവരുമായിരുന്നു. മലയാളത്തിൽ ഇവരെപ്പോലെ ദേശസഞ്ചാരം ചെയ്തിട്ടുള്ള മറെറാരു കവിയുമുണ്ടെന്നു തോന്നുന്നില്ല. യോഗ്യന്മാരെന്നും അയോഗ്യന്മാരെന്നുമുള്ള ഭേദം കരുതാതെ എല്ലാ തരക്കാരോടും ഇവർ ഒരുപോലെ പെരുമാറിയിരുന്നതിനാൽ സ്നേഹിതന്മാരും ഇത്ര മററാക്കുമില്ലായിരുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്തിനിപ്പുറം 'ജനസാമാന്യത്തിന്റെ കവി'കളായിട്ടുള്ളതു് ഈ രണ്ടാൾ മാത്രമാണ്. മറെറാരാളുടെ കവിതക്കും പൊതുവിൽ ഇത്രമാത്രം പ്രചാരം സിദ്ധിച്ചു കാണുന്നതുമില്ല.

എന്നാൽ ഇവർ തമ്മിൽ സാരമായ ചില വ്യത്യാസങ്ങളുമില്ലെന്നില്ല. നമ്പൂതിരിപ്പാടു സ്വതേ വളരെ അമാന്തക്കാരനായിരുന്നു. ഈ അമാന്തം അദ്ദേഹത്തിന്റെ ജീവിതസർവ്വസ്വമായ കവിതക്കുകൂടി വലിയ ദോഷം വരുത്തീട്ടുണ്ട്.

നമ്പൂതിരിപ്പാട്ടിലെ മിക്ക കൃതികളും അപൂൎണ്ണങ്ങളായിക്കിടക്കുന്നതിന്നുള്ള കാരണം ഇതുതന്നെയാണ്. നേരേ മറിച്ചു, തമ്പുരാൻ ഉത്സാഹം മൂൎത്തിമത്തായി ജനിച്ച ഒരാളായിരുന്നു. എന്തെങ്കിലും ഒരു കവിതാമാൎഗ്ഗത്തിൽ പരിശ്രമിച്ചുകൊണ്ടല്ലാതെ അവിടുന്ന് ഒരിക്കലും വെറുതേ ഇരിക്കുക പതിവില്ല. ഉത്സാഹശക്തിനിമിത്തം ഒരിക്കൽ തുടങ്ങിവെച്ചതു മുഴുമിക്കാതിരിക്കയുമില്ല. ഈ ഉത്സാഹാതിരേകം തന്നെയാണ് തിരുമനസ്സിലെ ദ്രുതകവനത്തിൽ ചാടിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. നമ്പൂതിരിപ്പാട്ടിലേക്ക് ഉദാസീനത എത്രമാത്രം ദോഷത്തിന്നു കാരണമായോ, അതുപോലെയില്ലെങ്കിലും ഈ ഉത്സാഹാതിരേകംനിമിത്തമുണ്ടായ ദ്രുതകവനഭ്രമംകൊണ്ടു തമ്പുരാനും കുറച്ചൊക്കെ ദോഷം പററിപ്പോയിട്ടുണ്ട്. നമ്പൂതിരിപ്പാട് ഒരു കവിത ഉണ്ടാക്കുമ്പോൾ അതിൽ തനിക്ക് എത്രമാത്രം നിഷ്കൎഷിക്കാൻ കഴിയുമോ, അത്രയും നിഷ്കൎഷിച്ച് 'തുടച്ചു മിനുക്കിയ' ശേഷമേ അതു പുറത്തുവിടുകയുള്ളു. തമ്പുരാനാകട്ടെ ഒന്നു തുടങ്ങിവെച്ചാൽ അത് എത്രവേഗത്തിൽ മുഴുമിക്കുമോ, അത്രയും വേഗത്തിൽ തീൎത്തു തള്ളണമെന്നുമാത്രമായിരുന്നു വിചാരം. ഇങ്ങിനെയുള്ള ദ്രുതകവനഭ്രമംകൊണ്ടു തമ്പുരാന്റെ ചില കവിതകൾക്കു, പ്രത്യേകിച്ചും ആദ്യകാലത്തെ ചില കവിതകൾക്കു, രചനാഭംഗി കുറവായിപ്പോയിട്ടുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കവിതക്കു 'സ്വല്പംപോരാ' എന്നു ചില 'ദുസ്സ്വതാക്കാർ' പറയുന്നതിന്നുള്ള കാരണം ഈ ഒരു നിഷ്കൎഷക്കുറവാണ്. പക്ഷേ ന

മ്പൂതിരിപ്പാട്ടിലേക്കാൾ തമ്പുരാനു വ്യുല്പത്തിഭാഗത്തിൽ വലിയമെച്ചമുണ്ടായിരുന്നതിനാൽ ഈ ദോഷത്തിന്നു മറെറാരുവിധത്തിൽ സമാധാനമുണ്ടായിട്ടുണ്ട്. നമ്പൂതിരിപ്പാട്ടിലേക്കു ലോകവ്യുല്പത്തി വളരെ കുറവായിരുന്നതുകൊണ്ടു കവിതയിൽ പല പ്രയോഗവൈകല്യങ്ങളും പററിപ്പോയിട്ടുള്ളതുകൂടാതെ, തൻെറ വാസനയ്ക്കനുസരിച്ച് ആശയപുഷ്ടിയും, അലങ്കാരധാടിയും മററും വരുത്തുവാൻ അദ്ദേഹത്തിനു സാധിക്കാതിരിക്കയും ചെയ്തിട്ടുണ്ട്. തമ്പുരാൻ തിരുമനസ്സുകൊണ്ടു കാവ്യനാടകാലങ്കാരങ്ങളിൽ നല്ലവണ്ണം പരിചയിച്ച ഒരു പണ്ഡിതനായിരുന്നതിനാൽ എത്ര വേഗം കവിതയുണ്ടാക്കുന്നതായാലും, അതിൽ എന്തെങ്കിലും ഒരു മോടി പിടിപ്പിക്കുവാൻ അവിടയ്ക്കു ഒരു പ്രയാസവുമുണ്ടായിരുന്നില്ല. നമ്പൂതിരിപ്പാട്ടു കവിതയിൽ ധാരാളമായി ഫലിതം പ്രയോഗിച്ചും, ഓരോന്നിൻെറ വാസ്തവസ്ഥിതിയെ അനുഭവപ്പെടുത്തി വർണ്ണിച്ചുമാണ് ജനസാമാന്യത്തെ രസിപ്പിച്ചിരുന്നത്. പക്ഷേ വ്യുല്പത്തിക്കുറവുനിമിത്തം സന്ദർഭം നോക്കാതെ എപ്പോഴും ഫലിതം തട്ടിമൂളിച്ചിരുന്നതിനാൽ പല ദിക്കിലും സഹൃദയന്മാക്കു രസത്തിന്നുപകരം നീരസത്തിന്നിടവരുത്തീട്ടുമുണ്ട്. എന്നുമാത്രമല്ല, അദ്ദേഹത്തിൻെറ ഒന്നാംതരം കൃതികളായി ഗണിക്കപ്പെട്ടുവരുന്ന പലതും ഒരു കുടുംബത്തിൽവെച്ചു വായിക്കാൻ കൊള്ളരുതാത്തവിധം ശുദ്ധമേ 'അമ്മാനി' ശ്ലോകങ്ങളുമാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾക്ക് ഈവക ദോഷങ്ങൾ അശേഷം ബാധിച്ചിട്ടില്ല. ഫ-

ലിതം പ്രയോഗിക്കുന്നതിൽ തമ്പുരാനു ജ്യേഷ്ഠനേക്കാൾ ഒട്ടും മെച്ചമില്ലെങ്കിലും, ഉള്ളതു സന്ദർഭംനോക്കാതെ പ്രയോഗിക്കുക പതിവില്ല. ഏതെങ്കിലും ഒരു വസ്തുവിന്റെ വാസ്തവസ്ഥിതി വർണ്ണിക്കുന്നതിൽ, നമ്പൂതിരിപ്പാട്ടിലെ ദൃഷ്ടിയിൽ പെടുന്നത് അധികവും അതാതിന്റെ പുറമേയുള്ള സ്വഭാവം മാത്രമാണ്. തമ്പുരാന് ആ ഒരു ഭേദമില്ല. അവിടുത്തെ വിശാലമായ മതിദർപ്പണത്തിൽ പെടുന്ന വിഷയത്തിന്റെ അകവുംപുറവും ശരിയായി പ്രതിഫലിച്ചു കാണാം. തമ്പുരാൻതിരുമനസ്സുകൊണ്ട് നമ്പൂതിരിപ്പാട്ടിലേക്കാൾ എത്രയോ അധികം കൃതികളെഴുതീട്ടുണ്ട്. അവയിൽ ദുർല്ലഭം ചിലതിന്നു ഗൌരവമോ ഭംഗിയോ കുറവായിപ്പോയിട്ടുണ്ടെങ്കിലും, അധികവും ആൎക്കും എവിടെ വെച്ചും വായിക്കാവുന്നതും, വായിക്കേണ്ടതുമാണ്. ആകക്കൂടി നോക്കുമ്പോൾ നമ്പൂതിരിപ്പാട്ടിലെ കൃതികൾ മിക്കതും അപൂർണ്ണങ്ങളും, വിഷയത്തിന്നു ഗുണം കുറഞ്ഞവയുമാകയാൽ കാലാന്തരത്തിൽ നശിച്ചുപോയേക്കുമോ എന്നു പലൎക്കും ശങ്കയുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൃതികളിലാകട്ടെ അല്പം ചിലതു നശിച്ചുപോയാൽതന്നെ, അധികവും ഭാഷാസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠയെ പ്രാപിച്ചു പ്രകാശിക്കുന്നവയാണെന്നുള്ളതിന്ന് ആൎക്കും സംശയമില്ല.

ഇക്കാലത്തു മഹാകവികളായി ഗണിക്കപ്പെടുന്നവർ പലരുമുണ്ടെങ്കിലും കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെപ്പോലെ യഥാൎത്ഥമായി ആ പേരിന്നർഹതയുള്ളവർ വള

ഒരു ചുരുക്കമാണ്. പരസ്പരസ്തുതിസംഘത്തിൽ ഒരംഗമായി ചേർന്നിട്ടോ, വല്ല യോഗ്യന്മാരും ഉന്തിക്കയറ്റീട്ടോ, മറ്റേതെങ്കിലും കൃത്രിമപ്രയോഗംകൊണ്ടോ അല്ല തമ്പുരാൻ തിരുമനസ്സുകൊണ്ടു മഹാകവിയായത്. സ്വതേയുള്ള വാസനാവൈഭവവും, അതോടുകൂടിച്ചേർന്ന അഭ്യാസബലവും നിമിത്തം തിരുമനസ്സിലെ കവിതകളിൽ കാണുന്ന ഗുണോൽക്കർഷംകൊണ്ടു ജനസാമാന്യം അവിടേക്ക് ഈ സ്ഥാനം സന്തോഷപൂർവ്വം സമർപ്പിച്ചതാകുന്നു. എന്നുമാത്രമല്ല, ഇവിടുത്തെയും മററു കവികളുടേയും മഹാകവിത്വം ഒന്നു താരതമ്യപ്പെടുത്തുന്നതായാൽ അജഗജാന്തരമുണ്ടെന്നും എളുപ്പത്തിൽ കാണാവുന്നതാണ്. ഒരു യഥാർത്ഥമഹാകവിക്കുമാത്രം സാധിക്കാവുന്നതായ ഇവിടുത്തെ സ്വല്പം ചില അത്ഭുതകൃത്യങ്ങൾ ഇവിടെ പറയാം.

1. ഒരിക്കൽ തിരുമനസ്സിലെ മരുമകളായ ഒരു ചെറിയതമ്പുരാട്ടി അത്യാസന്നരോഗത്തിൽപെട്ടു മരിക്കുമെന്നുള്ള ദിക്കായി. ഇനി ചികിത്സകൊണ്ടൊന്നും ഫലമില്ലെന്നു തീർച്ചപ്പെട്ടപ്പോൾ തമ്പുരാൻ തിരുമനസ്സുകൊണ്ടു ഭഗവതിയെ പ്രാർത്ഥിച്ചു കുറേ ശ്ലോകങ്ങൾ ഉണ്ടാക്കുകയും, പെട്ടെന്നു കുട്ടിയുടെ ദീനം ആശ്വാസപ്പെടുകയും ചെയ്തു.

2. ഇതുപോലെ, 1904-ലൊ മറേറാ ഒരു കുംഭമാസത്തിൽ, എറണാകുളത്തു കൊച്ചി അപ്പൻതമ്പുരാൻ തിരുമനസ്സിലെ കോവിലകത്തു രാത്രി പലരുംകൂടി ഇരിക്കുന്ന സമയം, പണ്ടു കല്ലൂർനമ്പൂതിരിപ്പാട് ശ്ലോകമുണ്ടാക്കി മഴനിർത്തിയതുപോലെ ഇപ്പോൾ ആർക്കെങ്കിലും ശ്ലോകമുണ്ടാക്കി

മഴപെയ്യിക്കുവാൻ സാധിക്കുമോ എന്ന് ഒരാൾ ഭേപാദി ക്കുകയും, പരീക്ഷാൎത്ഥമായി അവിടെ കൂടിയവരുടെ നിൎബ്ബന്ധപ്രകാരം കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു ചില ശ്ലോകങ്ങളുണ്ടാക്കുകയും, ആളുകൾക്കൊക്കെ ആശ്ചൎയ്യമാകത്തക്കവണ്ണം ഉടനെ കാറകയറി ഒരു മണിക്കൂറോളം നല്ലമഴ പെയ്യുകയും ചെയ്തുയുണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ ചിലപരിഷ്കാരികൾ ഇതൊക്കെ അസംബന്ധമോ, അന്ധാളിത്തമോ ആണെന്നു പറയുമായിരിക്കാം. എന്നാൽ ആവകക്കാർ, ഇതിൽ അനുഭവസ്ഥന്മാരായ പലരും ഇപ്പോഴം ജീവിച്ചിരിപ്പുള്ളതിനാൽ അവരോടാരോടെങ്കിലും അന്വേഷിച്ചു സൂക്ഷ്മം അറിഞ്ഞുകൊള്ളട്ടെ.

3. ദ്രുതകവനംകൊണ്ടാണെങ്കിൽ തിരുമനസ്സുകൊണ്ടു കാണിച്ച അത്ഭുതവിദ്യകൾക്ക് അവസാനമേയില്ല. ഒരു രാത്രിയിലെ നാലഞ്ചു മണിക്കൂറകൊണ്ട് ഒരു ശതകം, ഒൻപതോ ഏഴോ മണിക്കൂറിന്നിടക്ക് ഓരോ നാടകം ഇങ്ങിനെ ഇവിടുത്തെ ആദ്യകാലത്തെ ദ്രുതകവനത്തിന്നു പല ലക്ഷ്യങ്ങളും ഉണ്ട്. പണ്ടു മഹാകവിയായ ഭവഭൂതി ഒരു രാത്രികൊണ്ടു പത്തങ്കത്തിൽ ഒരു നാടകം എഴുതിതീൎത്ത കഥ ഇന്നും ആളുകൾ ഒരത്ഭുതത്തിന്റെ കൂട്ടത്തിൽ പറയാറുണ്ടല്ലോ. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടാകട്ടെ 1066 തുലാം 18-ാംനു- ഞായറാഴ്ച ഇതിലൊട്ടും അധികരിക്കാത്ത സമയത്തിന്നുള്ളിൽ 300 ശ്ലോകങ്ങളുള്ളതായി പത്തങ്കത്തിൽ 'നളചരിതം' എന്ന ഒരു നാടകം നിൎമ്മിക്കുകയുണ്ടായിട്ടുണ്ട്, ഈ നാടകം നിൎഭാഗ്യവശാൽ ഇതേവരെ

പുറത്തുവന്നു കണ്ടിട്ടില്ലെങ്കിലും, ഈ സംഗതികളൊക്കെ തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ 66 തുലാം 21-ാംനു നടുവത്തു് അച്ഛൻ നമ്പൂതിരി തിരുമനസ്സിലേക്കു് എഴുതിയ ഒരെഴുത്തിൽ വിവരിച്ചു കാണുന്നുണ്ടു്.

"അവ്വ! കഷ്ടിച്ചു പററിച്ചിതു കവിത പരീ-
ക്ഷിച്ചുനോക്കുന്നനേര-
ത്താവേഗത്തിങ്കൽനിന്നും ചെറുതു വലിയതാ-
യുള്ള വേഗം പിടിച്ചു്
ധീവിശേഷത്തിനായ്ത്താൻ മണിയിട ശരിയായ്
പന്തിരണ്ടാലെ മൂന്നു-
റാവും പദ്യങ്ങൾ പത്തങ്കവുമിതുവിധമായ്
നാടകം പാട്ടപെട്ടു.

കഥ നളചരിത്രം; കൃതിമുത്തും ബാ-
നത്തു പറയാമിഹ ഞായറാഴ്ചതന്നെ;
ചിതമെട്ടു പതിനെട്ടതാകുമത്തി-
യ്യതിയതിലാണതിലാളുനീയകീട്ടേ!"

ഇതു കൊടുങ്ങല്ലൂർവെച്ചുതന്നെ നടന്ന ഒരു കവിതാപരീക്ഷയിലുണ്ടായ സംഗതിയാണു്. പിന്നെത്തെ കൊല്ലം, അതായതു് 1067വൃശ്ചികത്തിൽ, കോട്ടയത്തുണ്ടായ ഭാഷാപോഷിണീസഭയുടെ ഒന്നാമത്തെ സമ്മേളനത്തിൽ വെച്ചു നടന്ന നാടകപരീക്ഷയിൽ അഞ്ചുമണിക്കൂറും എട്ടു മിനുട്ടുംകൊണ്ടു 'ഗംഗാവതരണം' എന്നൊരു നാടകം തമ്പുരാൻതിരുമനസ്സുകൊണ്ടു് ഉണ്ടാക്കി ജനങ്ങളെ അത്യന്തം വിസ്മയിപ്പിച്ചിട്ടുണ്ടു്. പിന്നെ 1081-ലൊ 82-ആണ്ടത്തി

ലൊ, ഗംഭീരാശയനായ നാടൊഴിഞ്ഞ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ കാണാൻ ചെന്നപ്പോൾ, അവിടുത്തെ കല്പനപ്രകാരം കുന്നത്തേരി കേശവൻ കൎത്താവു കൊട്ടുങ്ങയിൽ ഒരു ദുൎഗ്ഗാക്ഷേത്രം പണിചെയ്യിച്ചതിനെപ്പററി ഉടനെ ഒരു ശ്ലോകമുണ്ടാക്കണമെന്നാവശ്യപ്പെട്ടുകയും, കുഞ്ഞുക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട്, ആ നിന്ന നില്പിൽതന്നെ താഴേ പറയുന്ന ശ്ലോകം ഉണ്ടാക്കി ചൊല്ലുകയും ചെയ്യുതായി കേട്ടിട്ടുണ്ട്.

"വമ്പൊത്തീടിന മാടരാജനരുളാൽ-
ത്താൻ കൊല്ലമോരായിര-
ത്തെമ്പത്തൊന്നിൽ വിശിഷ്ടമായ മകരം
പത്തൊത്ത നാലാംദിനേ
കുന്നത്തേരി കുലത്തിവാസ്സുകൃതിയാം
കൎത്താവു ദുൎഗ്ഗാലയം
കുന്നത്തുള്ള കൊട്ടുങ്ങയിൽ പണികഴി-
പ്പിച്ചീടിനാൻ കേശവൻ"

ഇതൊക്കെ ഇരിക്കട്ടെ. ഭാരതത്തിന്റെ കഥമാത്രം ആലോചിക്കുക. മഹാഭാരതം, ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയ മൂലം, ഒരാൾതന്നെ ഉണ്ടാക്കിയതാവില്ലെന്നും, 'വ്യാസൻ' എന്നു വല്ല സ്ഥാനപ്പേരോ മററോ ഉള്ള പലരും കൂടി ഓരോ കാലത്തായി എഴുതിത്തീൎത്തതായിരിക്കണമെന്നും മററും ചില പുതിയ വിദ്വാന്മാർ വാദിച്ചുവരുന്ന ഇക്കാലത്ത് നമ്മുടെ കഥാനായകൻ, തനിച്ചിരുന്നു, മൂന്നുകൊല്ലത്തിനകം തൎജ്ജമചെയ്യുതള്ളിയ കഥ ന

മററുള്ളവൎക്ക നിശ്ചയമായുമില്ലതാണല്ലൊ. തിരുമനസ്സി ലേക്ക കവിതാവിഷയത്തിലുണ്ടായിരുന്ന ശക്തിക്കും സാമൎത്ഥ്യത്തിനും ഇതിലധികം ഒരു ലക്ഷ്യം ഇനി എന്താണ് വേണ്ടത്? എന്നാൽ പതിനെട്ടു പുരാണങ്ങളും ഇതുപോലെ തൎജ്ജമചെയ്യുതള്ളുവാൻകൂടി അവിടേക്ക നെഞ്ഞൂക്കുണ്ടായിരുന്നു എന്നു നട്ടുവത്തു മഹൻ നമ്പൂതിരിഅവൎകൾക്കയച്ച ഈ ഒരെഴുത്തിലെ ശ്ലോകങ്ങളെക്കൊണ്ടറിയാവുന്നതാണ്:—

"കഴിഞ്ഞു ഭാരതം ഭാരമൊഴിഞ്ഞു വലുതൊന്നിനി
പൊഴിഞ്ഞൂറും രസാൽ വേറെച്ചുഴിഞ്ഞുക്കിൽപ്പിടിക്കണം.
പതിനെട്ടു പുരാണങ്ങൾ പതിരററ കിടക്കവേ
മതിമങ്ങിച്ചീപ്രവൃത്തി മതിയാക്കുകിൽ നഷ്ടമാം.
മോഹത്താലീവഴിയ്ക്കേററ സാഹസത്തിലിറങ്ങി ഞാൻ
ഹേഹസിയ്ക്കേണ്ട,പറാഞ്ഞാൽസപാഹങ്കാരത്തിനെത്തൊഴാം.
അതല്ലാ കാൎയ്യമൊത്തെങ്കിലതല്ലോ പുണ്യസാധനം;
കൃതകൃത്യതയും കിട്ടീചിത്തമുണ്ടു നിനക്കിലും.
ശുദ്ധബുദ്ധേ! മനോരാജ്യമൎദ്ധരാജത്തിലാക്കണോ?
സിദ്ധമായാലായി; പുണ്യബദ്ധമാമിതു ഞാൻ വിടാ"

നോക്കുക! ഒരു നെഞ്ഞൂക്കും ഉത്സാഹശക്തിയും!! മററു വല്ല കവികളുമാണ് ഇങ്ങിനെ പറഞ്ഞതെങ്കിൽ തീൎച്ചയായിട്ടും അത് ഒരഹംഭാവമാണെന്നല്ലാതെ ആരും വിചാരിക്കയില്ല. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്കാകട്ടെ ഇതല്ല, ഇതിലപ്പുറവും സാധിക്കാൻ ഒരു പ്രയാ

സവ്വമുണ്ടായിരുന്നില്ലെന്നു നമുക്കൊക്കെ ദൃഷ്ടാന്തപ്പെട്ട തുമാണല്ലൊ. പക്ഷേ ആ മഹാത്മാവിന്നു ഇതൊക്കെ ചെയ്യേണ്ടതിന്നു പുരുഷായുസ്സിന്റെ അദ്ധാംശംപോലും ദൈവം കൊടുക്കാതിരുന്നതു നമ്മുടെ നിർഭാഗ്യമെന്നുമാത്രം പറയട്ടെ.

ഈ ഘട്ടത്തിൽതന്നെ ഒരു മഹാകവിക്കുമാത്രം സാധിക്കാവുന്നതായ മറ്റൊരു പ്രധാനസംഗതികൂടി ഇവിടെ പറയാം. ആധുനികമലയാളഭാഷയുടെ ആദികത്താവായി സ്മരിക്കപ്പെടുന്ന തുഞ്ചത്തെഴുത്തച്ഛൻ 'കിളിപ്പാട്ട്' എന്ന ഒരു പുതിയ കവിതാരീതി സൃഷ്ടിച്ചു. കുഞ്ചൻ നമ്പ്യാർ 'തുള്ളപ്പാട്ട്' എന്ന ഒരു തരം കവിതാരീതി ഏപ്പെടുത്തി. കേരളകാളിദാസനായ കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഇദംപ്രഥമമായി മലയാളത്തിൽ ഒരു നാടകവും, സന്ദേശകാവ്യവും നമുക്കു കാണിച്ചുതന്നു. ഇങ്ങിനെ പുതിയ രീതി കല്പിക്കാനോ കണ്ടുപിടിക്കാനോ ഉള്ള ശക്തി മഹാകവികളിലല്ലാതെ കാണുകയില്ല. എന്നാൽ ഈ കൂട്ടത്തിൽതന്നെ, സംസ്കൃതാപേക്ഷകൂടാതെ "നല്ല ഭാഷ"യായി കാവ്യങ്ങളെഴുതാമെന്ന് ആദ്യമായി ദൃഷ്ടാന്തരൂപേണ നമുക്കു കാട്ടിത്തന്നതു കുഞ്ഞിക്കുട്ടൻ തമ്പുരാൻതിരുമനസ്സുകൊണ്ടാണ്. ഇതുകൂടാതെ പുരാണതജ്ജമയിൽ ഗ്രന്ഥവിസ്താരംവരുത്താതെ കാൎയ്യം സാധിക്കുന്നതിന്ന് ഏററവും സൌകൎയ്യമായ ഒരു രീതി ആദ്യമായി കണ്ടുപാടിച്ചതും നമ്മുടെ തമ്പുരാൻതിരുമനസ്സുകൊണ്ടുതന്നെയാകുന്നു. ഭാഷാസാഹിത്യത്തിൽ തിരുമനസ്സുകൊണ്ട്

ഏൎപ്പെടുത്തിയ ഈ രണ്ടു പുതിയ പ്രസ്ഥാനങ്ങളും ഇപ്പോൾ സൎവ്വസമ്മതമായിത്തീരുകയും ചെയ്തിട്ടുണ്ടല്ലോ.

ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് എങ്ങിനെയുള്ള ഒരു മഹാകവിയായിരുന്നു എന്നു് ഏകദേശമൊന്നു മനസ്സിലാക്കാമല്ലോ. ഇനി മററു മഹാകവികളുടെ മാററുരച്ചു താരതമ്യപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. വാസ്തവത്തിൽ നമ്മുടെ ഇടയിലുള്ള മററു മിക്ക മഹാകവികൾക്കും സ്മരിക്കാൻകൂടി പാടില്ലാത്തവിധം അത്ര ഉയൎന്നിട്ടാണു് കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ സ്ഥിതി. ഈ സംഗതിയെപ്പററി ഇതിലധികമൊന്നും ഇപ്പോൾ വിസ്തരിക്കുന്നില്ല.

ഈ മഹാകവിയുടെ യോഗ്യതയ്ക്കനുസരിച്ചു് അവിടുത്തെ കൃതികൾ എണ്ണത്തിലും വണ്ണത്തിലും നിസ്തുലങ്ങളായിത്തന്നെ ഇരിക്കുന്നു. അവയെപ്പററി ഒരു സാമാന്യനിരൂപണമെങ്കിലും ഇവിടെ ചെയ്യാമെന്നുവെച്ചാൽ അതുതന്നെ ഒരു പുസ്തകത്തിന്നു വകയാവുന്നതുകൊണ്ടു് തിരുമനസ്സിലെ കൃതികളുടെ ഒരു പട്ടികമാത്രം ഈ പ്രബന്ധത്തിന്റെ ഒടുവിൽ ഒരു 'അനുബന്ധ'മായി ചേൎക്കുന്നതുകൊണ്ടു തൃപ്തിപ്പെടുകയേ നിവൃത്തിയുള്ളു. ആകക്കൂടി നോക്കുമ്പോൾ കാവ്യങ്ങൾ, നാടകങ്ങൾ, ശാസ്ത്രങ്ങൾ, പുരാണങ്ങൾ ഇങ്ങിനെ തുടങ്ങി തുള്ളൽപാട്ടു്, വള്ളപ്പാട്ടു്, താരാട്ടു്, കുറത്തിപ്പാട്ടു് മുതലായ ലഘുകൃതികൾകൂടി വിട്ടുകളയാതെ സാഹിത്യസാമ്രാജ്യത്തിന്റെ ഏതുഭാഗത്തും കുഞ്ഞിക്കുട്ടൻ തമ്പുരാൻതിരുമനസ്സിലെ കയ്യെത്തീട്ടുണ്ടെന്നും, അവിടെ

യൊക്കെ ശാശ്വതമായ ജയസ്തംഭം നാട്ടിപ്പോന്നിട്ടുണ്ടെന്നും കാണാവുന്നതാണ്.

കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലേക്ക് ഗദ്യമെഴുത്തിൽ ഉണ്ടായിരുന്ന സാമൎത്ഥ്യവും സുപ്രസിദ്ധമാണല്ലോ. കുറച്ചുകാലം കോട്ടയം മനോരമക്കും, 1070-നു ശേഷം ഈ അടുത്തകാലംവരെ കോഴിക്കോടൻ മനോരമക്കും മററു പല പത്രങ്ങൾക്കും ഇവിടുന്നു ഗദ്യലേഖനങ്ങൾ എഴുതിക്കൊടുക്കുകയുണ്ടായിട്ടുണ്ട്. 'വിദ്യാവിനോദിനി' മുതൽക്കു മലയാളത്തിലുണ്ടായിട്ടുള്ള മിക്ക പത്രഗ്രന്ഥങ്ങൾക്കും ഇവിടുന്നു ഗദ്യലേഖനങ്ങൾ എഴുതി സഹായിച്ചുപോന്നിരുന്നു. 1078-മുതൽ നാലഞ്ചുകൊല്ലത്തോളം പ്രശസ്തരീതിയിൽ നടത്തപ്പെട്ടിരുന്ന 'രസികരഞ്ജിനി'യുടെ പത്രാധിപർതന്നെ തമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു എന്നു പറഞ്ഞാൽ ഗദ്യമെഴുത്തിൽ ഇവിടേക്കുണ്ടായിരുന്ന സാമൎത്ഥ്യത്തെപ്പററി വിശേഷിച്ച് ഒരു വിവരണം ആവശ്യമില്ലല്ലോ.

പുരുഷന്മാൎക്കു പ്രായവും പഠിപ്പും പൂൎത്തിയായാൽ പിന്നെ പ്രഥമനൈരുകശ്യത്തിൽ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കണമെന്നും, അല്ലെങ്കിൽ വല്ല ദുൎവ്വിഷയത്തിലും പെട്ടുപോകാനിടവരുമെന്നും ആയിരുന്നു തമ്പുരാൻ തിരുമനസ്സിലെ സിദ്ധാന്തം. ഇതിന്നനുസരിച്ചു 21-ാമത്തെ വയസ്സിൽതന്നെ തിരുമനസ്സുകൊണ്ട് ആദ്യമായി കോയിപ്പിള്ളിൽ പാപ്പിഅമ്മ എന്ന അനുരൂപമായ ഒരുസ്ത്രീയെ ഭാൎയ്യയായി സ്വീകരിച്ചു. ആ സ്ത്രീ എട്ടുപ്രസവിച്ചു എങ്കിലും

ഒരു പെൺകുട്ടിയും ഒരു ആൺകുട്ടിയുംമാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ. ഇതിൽ സരസ്വതിഅമ്മ എന്ന മൂത്ത് പെൺകുട്ടി മട്രിക്കുലേഷൻെറ ചോടെയുള്ള ക്ലാസ്സുവരെ ഇംഗ്ലീഷുപഠിക്കുകയും, കുറച്ചുകാലം ഒരു ഇംഗ്ലീഷ് സ്കൂളിൽ ഉപാദ്ധ്യായിനിയായിരിക്കുകയും ചെയ്തിട്ടുണ്ട്. തൻെറ ചരമഗതിക്കു രണ്ടാഴ്ചമുമ്പെ ഈ മകളെ അനുരൂപനായ ഒരു ഭത്താവിൻെറ കയ്യിലേല്പിച്ചു തിരുമനസ്സുകൊണ്ടു കൃതാത്ഥനായി. രാമൻ എന്ന ആൺകുട്ടിക്ക് ഇപ്പോൾ പത്തിരുപത്തിനാലു വയസ്സായിരിക്കുന്നു. ഈ കുട്ടികളുടെ അമ്മ 1079-ൽ മരിച്ചുപോയശേഷം തമ്പുരാൻ തിരുമനസ്സിലെ അമ്മയാണ് ഇവരെ പിന്നെ നോക്കിരക്ഷിച്ചത്. ഇവക്കു മറെറാരു ശരണവുമില്ലാത്തതിനാൽ അത്യാവശ്യം കഴിച്ചിലിനുള്ള വക തിരുമനസ്സുകൊണ്ടു കൊടുത്തിട്ടുമുണ്ട്.

ഹിന്ദുശാസ്ത്രപ്രകാരം ബഹുഭാൎയ്യത്വം നിഷിദ്ധമല്ലാത്തതിനാൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഒന്നിലധികം സംബന്ധം ചെയ്തിട്ടുണ്ടായിരുന്നു. ഇവിടുത്തെ രണ്ടാമത്തെ ഭാൎയ്യ സാമൂതിരിരാജവംശത്തിൽ കിഴക്കേ കോവിലകത്തു ശ്രീമതിതമ്പാട്ടിത്തമ്പുരാട്ടി അവർകളാണ്. കോഴിക്കോട്ടുവെച്ചുണ്ടായ ഭാഷാപോഷിണിസഭക്കുശേഷം പുതിയ സ്നേഹിതന്മാരായ കിഴക്കേകോവിലകത്തെ ചില ചെറിയ തമ്പുരാക്കന്മാരോടുകൂടി തിരുമനസ്സുകൊണ്ട് ആദ്യമായി ഇവിടെ (കോട്ടയ്ക്കൽ) വരികയും, പിന്നീട് ഈ ഒരു വേഴ്ചക്കിടവരികയും ചെയ്തതാണ്.

ഈ തമ്പുരാട്ടി നാലു പ്രസവിച്ചിട്ടുണ്ടെങ്കിലും രണ്ടു കു

ട്ടികളേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു. മൂത്തമകളായ ചെറിയതമ്പാട്ടി എന്ന തമ്പുരാട്ടിഅവർകൾ, അച്ഛന്റെ ചരമഗതിക്കു തലേകൊല്ലത്തിൽ കോട്ടയ്ക്കൽപ്രദേശത്തു ബാധിച്ചിരുന്ന രക്താതിസാരം പിടിപെട്ടു പെട്ടന്നു കഴിഞ്ഞുപോകയാണ് ചെയ്തതു്. അന്നു ദേഹസ്വാസ്ഥ്യം ആലുവായിൽ ചെന്നു താമസിച്ചിരുന്ന തിരുമനസ്സുകൊണ്ട്, ഈ കഠിനസംഭവം കേട്ടഉടനെ ഇവിടെ വരികയുണ്ടായി. അതാണ് കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കോട്ടയ്ക്കലേക്കുള്ള ഒടുക്കത്തെ വരവ്. നല്ലബുദ്ധിയും, പഠിപ്പും, തന്റേടവും ഉണ്ടായിരുന്ന ഈ മകൾ വലിയൊരു നിലയിൽ വന്നു കാണുമെന്നായിരുന്നു അവിടുത്തേയും മററുള്ള എല്ലാവരുടേയും വിചാരം. പെട്ടന്ന് അതിന്നൊരു മാററം വന്നതോടുകൂടി, എന്തായാലും കുലുക്കമില്ലാത്ത കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലേക്ക് ഒരു സമാധാനവുമില്ലാതായിത്തീൎന്നു. ഈ ഒരവസരത്തിൽ മാത്രമേ "ഇനി കുറച്ചുകാലത്തിന്ന് എനിക്കു കവിതയൊന്നും എഴുതാൻ വയ്യ" എന്നു തിരുമനസ്സുകൊണ്ടു പറകയുണ്ടായിട്ടുള്ളു. അനന്തരം "ഇനി എന്റെയും വളരെ താമസമുണ്ടാവില്ല." എന്നുകൂടി അവിടുന്നു വളരെ വിശ്വാസമുള്ള ചിലരോടു പറകയുണ്ടായിട്ടുണ്ട്. കാൎയ്യവും അതുപോലെതന്നെയാണല്ലോ കലാശിച്ചതു്. അന്നു രണ്ടുമൂന്നുമാസം ഇവിടെ താമസിച്ചു തിരിച്ചുപോയശേഷം പിന്നെ ആ മഹാൻ ഇങ്ങോട്ടു വരാതെ ഉടനെ തന്റെ സ്മരണീയമായ ജീവകാലം മതിയാക്കുകയും ചെയ്തു.

ശ്രീമതി പാപ്പിഅമ്മയുടെ മരണത്തിന്നു ശേഷം ന

മ്മുടെ കഥാനായകൻ മൂന്നാമതും ഒരു ഭാൎയ്യയെ സ്വീകരിച്ചിരുന്നു. കെ. എം. എന്ന പ്രസിദ്ധനായ സാഹിത്യകാരന്റെ സഹോദരി കിഴക്കേസ്രാമ്പിയിൽ കുട്ടിപ്പാറു അമ്മയ്ക്കായിരുന്നു ഈ ഭാഗ്യം സിദ്ധിച്ചതു്. സംഗീതത്തിൽ വലിയ വിദുഷിയായിരുന്ന ആ സ്ത്രീയും തമ്പുരാന്റെ നിൎയ്യാണത്തിന്നുമുമ്പു മരിച്ചുപോയി. അവരുടെ ഏകസന്തതിയായ ഭാരതി എന്ന ഒരു പെൺകുട്ടി ഇപ്പോൾ ജീവിച്ചിരിപ്പുണ്ടു്.

ലൌകികസ്ഥിതിക്കനുസരിച്ചു തിരുമനസ്സിലെ സംബന്ധിക്കുന്നതായ മററു സംഗതികളൊന്നും ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. എന്തെന്നാൽ, അതൊന്നും അവിടുത്തെ ജീവചരിത്രത്തിന്നു ബാധകമായിട്ടില്ല. ഏതെങ്കിലും ഒരു വിഷയത്തിൽ പ്രത്യേകിച്ചു് ഒരു സക്തിയോ, വിരക്തിയോ അവിടെക്കില്ലായിരുന്നു. 1066-ൽ അതിപ്രസിദ്ധനായിരുന്ന അച്ഛന്റെ കാലം കഴിഞ്ഞു. 1068-ൽ തന്റെ ജ്യേഷ്ഠനും കവിതാഗുരുവുമായ വെണ്മണി മഹൻനമ്പൂതിരിപ്പാടു് അന്തരിച്ചുപോയി. തന്റെ സ്വന്തം കുട്ടികൾതന്നെ വളരെ കഴിഞ്ഞിട്ടുണ്ടു്. ഇടയ്ക്കു രണ്ടു ഭാൎയ്യമാർ മരിച്ചുപോയി. സ്വന്തം കോവിലകത്തും അതാതുകാലത്തായി പല ആപത്തുകളും ബുദ്ധിമുട്ടുകളും നേരിടുകയുണ്ടായിട്ടുണ്ടു്. എന്നാൽ ഇതിലൊന്നിലും ഇവിടുത്തെ മനസ്സിന്നു് അശേഷം ചാഞ്ചല്യം ഉണ്ടായിട്ടില്ല. ഇതൊക്കെ ലോകത്തിൽ നിത്യനൈമിത്യങ്ങളായി കണ്ടുവരുന്ന സംഭവങ്ങളാണെന്നും, ഈവകയൊന്നും നമ്മുടെ

ലോകയാത്രയിൽ ഒരു തടസ്ഥമാവരുതെന്നും, അവരവൎക്കു വിധിച്ച കൎമ്മങ്ങൾ യഥാശക്തി ചെയ്യുവാൻ മാത്രമേ നമുക്കധികാരമുള്ളു എന്നും ആയിരുന്നു തിരുമനസ്സിലെ സ്ഥിരമായ സിദ്ധാന്തം. ഇതാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ സ്വഭാവവിശേഷത്തിന്റെ രഹസ്യം. ഇതാണ് ആ മഹാൻ ശത്രുക്കളെന്നും, മിത്രങ്ങളെന്നും, ഉയൎന്നവരെന്നും, താണവരെന്നും ഉള്ള യാതൊരു ഭേദവും ഭാവിക്കാതെ എല്ലാവരോടും ഒരുപോലെ സൌശീല്യത്തോടുകൂടി പെരുമാറിയിരുന്നതിന്നുള്ള കാരണം. എന്നാൽ ഇതുതന്നെയാണ് ഈ മഹാപുരുഷനെ ലോകാനുഗ്രഹബുദ്ധിയോടുകൂടി ഉത്തമകൎമ്മങ്ങൾമാത്രം ചെയ്യുന്ന ഒരു കൎമ്മയോഗിയാക്കിത്തീൎക്കുകയും ചെയ്തത്.

ഹിന്തുമതത്തിന്റെ കൎമ്മകാണ്ഡത്തിൽ, പ്രത്യേകിച്ചു ബ്രാഹ്മണരുടെ പ്രാചീനാചാരമൎയ്യാദകളിൽ, തമ്പുരാൻ തിരുമനസ്സിലേക്ക് അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു. ശ്രൌതസ്മാൎത്തവിധികളിലും, ആശൌചവിഷയത്തിലും ഓരോ സംശയങ്ങൾ നേരിടുന്നതു തിരുമനസ്സുകൊണ്ടു പലപ്പോഴും തീൎത്തുകൊടുത്തത് ഈ ലേഖകൻതന്നെ കണ്ടിട്ടുണ്ട്. ഈ കൎമ്മകാണ്ഡവിഷയത്തിലുള്ള പരിചയമായിരിക്കണം ഇവിടുത്തെ ചരിത്രാന്വേഷണത്തിൽ ചാടിച്ചതെന്നു തോന്നുന്നു. ഇംഗ്ലീഷുഭാഷാജ്ഞാനം കൂടാതെതന്നെ, കേരളപൂൎവ്വചരിത്രത്തിൽ ഈ മഹാൻ സമ്പാദിച്ചിരുന്ന അറിവു ചരിത്രപണ്ഡിതന്മാൎക്ക് അത്യാശ്ചൎയ്യം ജനിപ്പിക്കത്തക്കതായിരുന്നു. മലയാളത്തിന്റെ പൂൎവ്വചരിത്രത്തെ അടിസ്ഥാ

നമാക്കി മുമ്പുതന്നെ ചില ലേഖനങ്ങളും ഖണ്ഡകാവ്യങ്ങളും കഥകളും എഴുതീട്ടുള്ളതു കൂടാതെ, പെരുമാക്കന്മാരുടെ കാലത്തെ ചരിത്രമടങ്ങിയ "മാർത്താണ്ഡവിജയം" എന്ന ഒരു നാടകവും, കേരളത്തിൻെറ ആദ്യകാലം മുതല്ക്ക് ആധുനികകാലം വരെയുള്ള ചരിത്രമായ ഒരു കാവ്യവും എഴുതുകയായിരുന്നു അവസാനകാലങ്ങളിൽ അവിടുന്നു ചെയ്തിരുന്ന മുഖ്യമായ പ്രവൃത്തി. ഞാൻ ഒടുക്കം കാണുമ്പോൾ നാടകം മൂന്നങ്കമായിരുന്നു. പിന്നെ അതു മുഴുമിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. മുപ്പതുസർഗ്ഗംകൊണ്ട് അവസാനിപ്പിക്കാൻ ആലോചിച്ചിരുന്ന 'കേരളം' പത്തു സർഗ്ഗത്തിൽ കുറച്ചധികമായിരുന്നു. അതിൽ ആദ്യത്തെ അഞ്ചുസർഗ്ഗംമാത്രം ഒന്നാംഭാഗമായി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതു മുഴമിച്ചിരുന്നുവെങ്കിൽ കേരളചരിത്രത്തിൽ നമുക്ക് ഏററവും വിലപിടിച്ച ഒരു പുസ്തകം ഉണ്ടാകുമായിരുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ജീവിതകാലത്തെ പ്രധാനകർമ്മം സാഹിത്യപരിശ്രമംതന്നെയായിരുന്നു. എന്നാൽ ഇതുകൊണ്ടു കുറേ പണം സമ്പാദിക്കേണമെന്നോ പ്രസിദ്ധി കിട്ടണമെന്നോ ഉള്ള വിചാരം അവിടുക്ക് അശേഷം ഉണ്ടായിരുന്നില്ല. സാഹിത്യപരിശ്രമംകൊണ്ടു പണം സമ്പാദിക്കണമെന്നു വിചാരിച്ചിരുന്നുവെങ്കിൽ ഈ രാജ്യത്ത് തമ്പുരാൻ തിരുമനസ്സിലെപ്പോലെ ആൎക്കും അത്ര സൌകൎയ്യം ഉണ്ടായിട്ടില്ല. അവിടെക്കിപ്പോൾ സിദ്ധിച്ചിട്ടുള്ള പേരും അതിന്നുവേണ്ടി പ്രത്യേകം പ്രയത്നിച്ചിട്ടുണ്ടായതല്ല. മരണംവരെ തൻെറ മുഖ്യകൎമ്മ

മായ കവിതയിൽത്തന്നെ പരിശ്രമം ചെയ്തുകൊണ്ടിരുന്നു.

തമ്പുരാൻതിരുമനസ്സിലേക്ക് 88ധനു 28-ാംനു- രാത്രിയാണ് കുറച്ചൊരു സുഖമില്ലായ്മതോന്നിയത്. അന്നുതന്നെ അതിസാരം തുടങ്ങി. എന്നായാലും 29-ാംനു- പതിവുപോലെതന്നെ പ്രാതസ്സ്നാനം കഴിച്ച് ഭഗവതിയെ തൊഴുതുപോന്നു. പിന്നെ കുളിയുണ്ടായിട്ടില്ല. ആദ്യം നാലഞ്ചുദിവസത്തോളം ദീനം ഒരുനിലയിൽത്തന്നെ നിന്നിരുന്നു. അപ്പോൾ ആൎക്കും ഇതു മരണപൎയ്യവസായിയാകുമെന്നു തോന്നിയിരുന്നതുമില്ല. മകരം 6-ാംനു- മുതൽക്കു പ്രകൃതം ഒന്നുമാറി. 7-ാംനു- വളരെ അധികമായി. അക്കാലത്തു കൊടുങ്ങല്ലൂരും അടുത്തപ്രദേശത്തും വിഷൂചിക ബാധിച്ചിരുന്നതിനാൽ ആ രോഗത്തിന്റെ ബീജം പകൎന്നുപോയോ എന്നാണു സംശയം. എന്തിനധികം പറയുന്നു? മകരം 10-ാംനു- വൈകുന്നേരം 5 മണിക്കുശേഷം ഈ പുണ്യാത്മാവു തന്റെ വൃദ്ധവയോധികയായ മാതാവിനേയും, മററു കുടുംബങ്ങളേയും, അസംഖ്യം സ്നേഹിതന്മാരേയും, എന്നല്ല, മലയാളം മുഴുവനും ദുഃഖസമുദ്രത്തിലാക്കി കൎമ്മബന്ധത്തിൽനിന്നു മുക്തനാവുകയും ചെയ്തു. ഏകദേശം മരണംവരെ തിരുമനസ്സിലേക്കു നല്ല പ്രജ്ഞയുണ്ടായിരുന്നു. ഏതാനും മണിക്കൂറുമുമ്പെയാണ് താഴേ ചേൎത്ത രണ്ടു ശ്ലോകം ഉണ്ടാക്കിയത്:—.

"ലോകമാതാവിനീസ്സൎവ്വലോകമാം സ്വാന്തസന്തതി;
അവിടുത്തേക്കു പിഴ ചെയ്യിവിടെകിട്ടുമോ സുഖം?
സ്വാന്തസന്താനങ്ങൾതമ്മിൽച്ചന്തംവിട്ടേറെറതിക്കിലും
ഹന്ത! ദുരന്തർ ദുഃഖിപ്പൂ സ്വാന്തസ്ഥസുഖമെന്നിയേ"

ഇതിൽ ഒരപരാധം സൂചിപ്പിച്ചു കാണുന്നുണ്ടല്ലോ. അതു യഥാത്ഥസംഗതിയാണ്. ദീനം തുടങ്ങുന്നതിന്നു തം ലേദിവസം രാവിലെ കാവിൽ തൊഴുവാൻ ചെന്നപ്പോൾ നിവേദ്യത്തിൻെറ സമയമായിരുന്നു; അതു കഴിക്കുന്നതിന്നു മുമ്പെ ശാന്തിക്കാരനെ വിളിച്ചു നിബ്ബന്ധിച്ചു പടിഞ്ഞാറെ നട തുറപ്പിച്ചു കടന്നിട്ടാണ് തിരുമനസ്സുകൊണ്ടു തൊഴുതതു്. അവിടത്തെ സ്വഭാവത്തിന്നു് അത്യന്തവിരുദ്ധമായ ഈ പ്രവൃത്തി വാസ്തവത്തിൽ വലിയൊരു അകൃത്യം തന്നെയാണ്. ഇതും, പിന്നെ ഭഗവതിക്ക് ഒരു വഴിവാടു ചോദിച്ചതു കൊടുക്കാതിരുന്നതും ചരമശയ്യയിൽ അവിടേക്ക് ഉള്ളിൽ അസഹ്യമായ ഒരു ശല്യമായിത്തീൎന്നിരുന്നു. അതിനുള്ള ക്ഷമാപണമാണ് ആദ്യത്തെ ശ്ലോകം. പിന്നത്തെ ശ്ലോകം കേൾക്കുന്നമാത്രയിൽ അത്ര സാരമുള്ളതായി തോന്നുന്നില്ലെങ്കിലും, ആ മഹാശയൻെറ എന്തോ ചില ഗൂഢമനോഗതങ്ങളെ പ്രകാശിപ്പിക്കുന്നവയാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. കേൾവിയും ആ വിധംതന്നെയാണ്.

ഇങ്ങിനെ അകാലത്തിൽതന്നെ ആത്മസാക്ഷാൽക്കാരം സിദ്ധിച്ച ഈ പുണ്യപുരുഷൻ, കമ്മകാണ്ഡത്തിലെപ്പോലെ ജ്ഞാനമാൎഗ്ഗത്തിലും അങ്ങേഅററം കണ്ടിട്ടുള്ള ഒരു മഹാത്മാവായിരുന്നു. ആദ്ധ്യാത്മികവിഷയമായി ഇവിടുന്നെഴുതിയ ഏതു ഏട്ടും നോക്കിയാലും ഈ സംഗതി ഏറക്കുറെ ബോദ്ധ്യപ്പെടുന്നതായിരിക്കും. പ്രത്യേകിച്ചും, ഇവിടത്തെ ഒരു വിശിഷ്ടകൃതിയായ 'ആത്മബോ

ധം' പാന്നതന്നെ തിരുമനസ്സിലെ ആത്മജ്ഞാനത്തിന്നുള്ള മതിയായ ഒരു ലക്ഷ്യമാകുന്നു. അതിലെ ഒന്നുരണ്ടു ഭാഗം കൂടി ഈ അവസാനഘട്ടത്തിൽ ചേക്കുന്നു.

"ബോധമാണന്യസാധനൌഘത്തേക്കാൾ
ബാധകം വിട്ട മോക്ഷൈകസാധനം.
തീയ്യെന്ന്യേ പാകമെന്നപോലീജ്ഞാന-
ക്കയ്യെന്ന്യേ മോക്ഷം സാധിപ്പാൻ പററില്ല.
കമ്മമൊന്നും വിരോധിയല്ലായ്കയാ-
ലിമ്മട്ടജ്ഞാനമുള്ളതും പോക്കില്ല.
ജ്ഞാനമജ്ഞാനമൊക്കെയൊട്ടുക്കിട്ടും
ന്നനം തേജസ്സിരുട്ടോട്ടുകളപോലെ.

*  *  *  *

ഏതു കിട്ടുകിൽ മററൊന്നു കിട്ടാനി-
ല്ലേതു സൌഖ്യത്തിലില്ല സുഖം വേറേ;
ഏതറിഞ്ഞെങ്കിൽ പിന്നെയറിവാനി-
ല്ലേതുമായതാബ്രഹ്മമെന്നോക്കേണം.
ഏതു കണ്ടെങ്കിൽ മററൊന്നും കാണ്മാനി-
ല്ലേതു താനായാൽ പിന്നെജ്ജനിക്കില്ല.
അന്തമില്ലാതേ നിത്യമായേകമൊ-
ന്നെന്തതാപ്പരബ്രഹ്മമെന്നോക്കണം

*  *  *  *

കാണ്മതും പിന്നെക്കേൾപ്പതും കേവലം
ബ്രഹ്മമല്ലാതേ മററൊന്നുമല്ലെന്നാൽ
നിശ്ചിതം തത്വജ്ഞാനംകൊണ്ടായതു-
സച്ചിദാനന്ദബ്രഹ്മമെന്നായ് കാണാം.

എന്നുമെങ്ങും നിറഞ്ഞൊരു സച്ചിദാ-
നന്ദമോ ജ്ഞാനക്കൺകൊണ്ടേ കാണുള്ളൂ.
പൊട്ടക്കണ്ണന്മാരാദിത്യനെപ്പോലെ-
യൊട്ടുമജ്ഞാനക്കണ്ണന്മാർ കാണില്ല.
ഈവണ്ണം ശ്രവണാദികൊണ്ടുദ്ദീപ്ത-
മാവും ജ്ഞാനത്തീയ്യിങ്കൽ വരത്തെങ്കിൽ
കേവലം കറയൊക്കെപ്പോയ് പ്പൊൻപോലേ
ജീവനേററത്തെളിഞ്ഞു പ്രകാശിക്കും.

(ശുഭം)

## അനുബന്ധം

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ

## കൃതികൾ

---

### (എ) സംസ്കൃതം.

1. ആര്യാശതകം. 2. സ്വയംവരമന്ത്രാക്ഷരമാല. 3. കിരാതരുദ്രസ്തവം. 4. ബഭ്രുവാഹനവിജയം. 5. കിരാതാർജ്ജുനീയം. 6. സുഭദ്രാഹരണം. 7. ജരാസന്ധവധം. 8. ദശകുമാരചരിതം അപഹാരവർമ്മചരിതംവരെ (5-മുതൽ 8-വരെ വ്യായോഗങ്ങൾ)

---

### (ബി) ഭാഷ

### I കല്പിതകൃതികൾ

#### എ. കാവ്യങ്ങൾ

9. കവിഭാരതം. 10. ദക്ഷയാഗശതകം. 11. മധുരാശിയാത്ര

12. അംബോപദേശം * 13. നല്ലഭാഷ. 14. പാലുള്ളിച രിതം. 15. ഹംസസന്ദേശം. 16. തുപ്പൽകോളാമ്പി. 17. മംഗളമാല. 18. കേരളം (അച്ചടിച്ചത് അഞ്ചുസൎഗ്ഗംമാത്രം)

ബി. രൂപകങ്ങൾ

19. സ്യമന്തകം നാടകം. 20. സന്താനഗോപാലം നാടകം. 21. ചന്ദ്രിക നാടിക. 22. ലക്ഷണാസംഗം നാടകം. 23. ഗംഗാവതരണം നാടകം. 24. മാനവിക്രമവിജയം നാടകം. 25. നളചരിതം നാടകം * 26. മാൎത്താണ്ഡവിജയം *

സി. ഗാഥകൾ

27. ചൊവ്വര ശ്രീകൃഷ്ണൻ. 28. വേട്ടക്കൊരുമകൻ 29. വൈക്കത്തപ്പൻ. 30. ആത്മബോധം. (ഈ നാലും ഛാനകൾ.) 31. കൊടുങ്ങല്ലൂർ ഭഗവതി (കുറത്തിപ്പാട്ട്) 32. അയോദ്ധ്യാകാണ്ഡം (അഞ്ചുകളം തുള്ളൽ) * 33. ഘോഷയാത്ര (കഥകളി) * 34. രാധാമാധവയോഗം (വഞ്ചിപ്പാട്ട്) *35. ദോഷവിചാരം (കിളിപ്പാട്ട്) 36. ഷഷ്ടിപൂൎത്തിമംഗളം (വഞ്ചിപ്പാട്ട്)

II. തൎജ്ജമകൾ

എ. കാവ്യങ്ങൾ

36. കാദംബരീകഥാസാരം. 37. ശങ്കരാചാൎയ്യചരിതം. 38. ശുകസന്ദേശം. 39. കോകിലസന്ദേശം.

ബി. രൂപകങ്ങൾ

40. ചൂഡാമണിനാടകം. 41. വിക്രമോൎവ്വശീയം നാടകം. 42. ശാകുന്തളം നാടകം * 43. ചന്ദ്രിക (വീഥി) *

44. ഹാംലെററ് നാടകം. 45. ഒതെല്ലോ നാടകം*

സി. പുരാണങ്ങൾ

46. മഹാഭാരതം (ഹരിവംശത്തോടുകൂടി) 47. ഹരിശ്ച ന്ദ്രോപാഖ്യാനം. 48. ഭാഗവതം (ചതുർത്ഥസ്കന്ധംവരെ).*

III. ശാസ്ത്രസംബന്ധമായവ.

49, കരപ്പൻ (ബാലചികിത്സ)* 50. ഭാഷാവ്യാകരണം (ക്രിയാകാണ്ഡം) 51. ശബ്ദാലങ്കാരം.

IV. പലവക.

എ. ഖണ്ഡകാവ്യങ്ങൾ:—ഇതിൽ കൂടൽമാണിക്യം, ശരസേതുബന്ധം മുതലായി മാസികകളിലും മററും പ്രസിദ്ധപ്പെടുത്തിയ അനവധി ഖണ്ഡകൃതികൾ ഉൾപ്പെടുന്നതാകുന്നു.

ബി. വർണ്ണനകൾ അല്ലെങ്കിൽ വിവരണങ്ങൾ:—ഓരോ സാധനത്തേയും സന്ദർഭത്തേയും വർണ്ണിച്ചോ വിവരിച്ചോ പല അവസരങ്ങളിലും ഉണ്ടാക്കിയ മൂന്നുമുതൽ മുപ്പതുവരെ പദ്യങ്ങളടങ്ങിയ അനേകം കൃതികൾ, ചില പാട്ടുകൾ മുതലായവയൊക്കെ ഇതിലുൾപ്പെടുത്താം.

സി. കത്തുകൾ:—ഈ ഇനത്തിൽ എത്രയാണുണ്ടാവുക എന്നു കണ്ടുപിടിക്കുവാൻ പ്രയാസം. ചുരുങ്ങിയത് ഒരായിരം കത്തുണ്ടാകും. അല്ലെങ്കിൽ പതിനായിരം ശ്ലോകത്തിൽ കുറകയില്ല.

ഡി. ഒററശ്ലോകങ്ങൾ:—ഇതിൽ സമസ്യാപൂരണങ്ങൾ വർണ്ണനകൾ മുതലായി സംസ്കൃതത്തിലും മലയാളത്തിലും കൂടി അസംഖ്യം ശ്ലോകങ്ങൾ കാണും.

## കുറിപ്പുകൾ

* ഈ അടയാളമിട്ടു കാണുന്ന കൃതികളൊന്നും അച്ചടിച്ചു കണ്ടിട്ടില്ല.

(1) സംസ്കൃതകൃതികളിൽ ചിലതൊക്കെ 'സഹൃദയ' എന്ന സംസ്കൃതമാസികയിൽ അച്ചടിച്ചിട്ടുണ്ട്. 'ജരാസന്ധവധം' എന്റെ വക്കലുള്ളത് ഇതിൽ ചേർത്തുകാണാം.

(2) ഭാഷയിൽ കല്പിതകൃതികളിൽ അംബോപദേശം, നളചരിതം നാടകം, ഘോഷയാത്ര കഥകളി, രാധാമാധവയോഗം വഞ്ചിപ്പാട്ട് ഇതൊക്കെ നശിച്ചുപോയിരിക്കുന്നുവോ എന്നുതന്നെ സംശയമുണ്ട്. അയോദ്ധ്യാകാണ്ഡം അഞ്ചുകളം തുള്ളൽ, കേരളം കിട്ടിയേടത്തോളം ഭാഗം ഇതൊക്കെ വഴിയേ അച്ചടിക്കുന്നതാണ്.

തർജ്ജമകളിൽ, ശാകുന്തളം നാടകം എവിടെയാണെന്നു നിശ്ചയമില്ല. 'ഒഥെല്ലോ' എന്റെ കയ്യിൽ കിട്ടിയത് അച്ചടിക്കുന്നതാണ്.

(3) ശാസ്ത്രസംബന്ധമായവയിൽ വ്യാകരണവും ബാലചികിത്സയും നശിച്ച കൂട്ടത്തിലാണെന്നു തോന്നുന്നു. ശബ്ദാലങ്കാരം ഈയിടെ മംഗളോദയത്തിൽ അച്ചടിച്ചിട്ടുണ്ട്.

(4) പലവകയിൽ നാലുതരത്തിലുമായി അനേകം കൃതികൾ അച്ചടിച്ചിട്ടുണ്ട്; അച്ചടിക്കാത്തതും അനവധി കാണാം. അതിൽ ചിലത് എന്റെ കൈവശത്തിൽ കിട്ടീട്ടുണ്ട്. എന്നാൽ ഇനിയും വളരെ കിട്ടുവാനുണ്ട്. കിട്ടിയതൊക്കെ ക്രമപ്പെടുത്തി അച്ചടിക്കുന്നതാകുന്നു.

പി. വി. കൃഷ്ണവാരിയർ

മഹാകവി

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ

# കൃതികൾ

## പരശുരാമാഷ്ടകം

ശ്രീവിഷ്ണു ഭൂമിയുടെ ഭാരമൊഴിച്ചു രക്ഷ-
യ്ക്കാവിർഭവിച്ചൊരവതാരമഹാമുനീന്ദ്രൻ,
സേവിപ്പവർക്കഭിമതാർപ്പണകല്പവൃക്ഷം
ഭൂവിണ്ണവൻ ഭൃഗുകുലപ്പെരുമാൾ ജയിപ്പൂ. 1

അച്ഛന്റെ കല്പനയിലാദരവോടുകൂടി-
യച്ഛിന്നമമ്മയുടെ കണ്ഠമറുത്ത വീര!
സ്വച്ഛന്ദവൈഭവനിധേ! ജമദഗ്നിസൂനോ!
ത്വച്ഛക്തിമൂലമടിയങ്ങൾ പുലർന്നിടുന്നു. 2

വൈജ്യത്യവൈഭവമെഴുന്നൊരു കാർത്തവീര്യ-
രാജാധിരാജനുടെ കൈക്കതിർ കൊയ്ത ശൂര!
ഹേ ജാമദഗ്ന്യ! ഭഗവൻ! ഭവദീയരാണി-
ബ്ഭൂജാതർ ഞങ്ങൾ മലയാളികൾ മാമുനീന്ദ്ര! 3

പാരാകവേ പലപടിക്കു പടർന്നു വാച്ച
ഘോരാവനീശതരമഹാവനമാകമാനം

പാരാതെ വെണ്മഴുവുലച്ചു മുറിച്ചുവിട്ട
വീരാതിവീര! ഭൃഗുനന്ദന! വന്ദനം തേ. 4

നേരായ ധൎമ്മനില വിട്ടൊരു ദുഷ്ടരൊക്കെ-
ത്തീരാനൊരുങ്ങുമൊരു തന്നുടെ വീരധൎമ്മം
ശ്രീരാമനായ് നിജധനുസ്സൊടു നൽകിയോരു
ധീരാഗ്രഗണ്യ! മുനിപുംഗവ! നീ ജയിക്കു. 5

മാനംപെടും മഹിയടച്ചിഹ കാശ്യപന്നു
ദാനംകഴിച്ചു ശമമാന്നൊരു ദാനവീര!
സ്ഥാനം പയോധിയൊടു വാങ്ങിയ യോഗിവൎയ്യ!
ജ്ഞാനം തെളിഞ്ഞൊരു തപോധന! നീ തുണക്കു. 6

അല്ലോരു സഹ്യമലമേലടികൂട്ടിടുന്ന
കല്ലോലമാല കലരും കടൽ ദൂരെ മാററി
സ്വർല്ലോകതുല്യമൊരു കേരളഭൂമി തീൎത്ത
സല്ലോകപാലക! ഭൃഗൂദ്വഹ! കാത്തുകൊൾക. 7

ഇയ്യുള്ള ഭൂസുരനിരക്കിഹ കേരളത്തിൽ
കയ്യുള്ളതും നടവടിക്രമവും ക്രമത്തിൽ
ചെയ്യുന്ന ധൎമ്മവിധിയും നിയമിച്ചുതന്ന
നിസ്സാരവൻ പരശുരാമ! സദാ സഹായം. 8

# ശരസേതുബന്ധം

വലജിൽസുതനർജ്ജുനൻ ധരിത്രീ-
വലയം ചുററിന തീർത്ഥയാത്രയിങ്കൽ
ചില വിപ്രരൊടൊത്തു രാമസേതു-
സ്ഥലമെത്തി വിഭു തെങ്കടൽക്കരെയ്ക്കൽ. 1

തിരമാല കരയ്ക്കടിച്ചു മേന്മേൽ
നിരവേ നിർഭരമാക്കുമാഴി നോക്കി
പരമത്ഭുതഭാവമാർന്നു നിന്നൂ
നരനാം കീർത്തി കൊതിച്ചിടും കിരീടി. 2

നിറവേ വിലസും കടൽക്കകം നീ-
രുറവേശാതെ ദൃഢം തടുത്തു നിർത്തി
ചിറകെട്ടിയ കെട്ടു പാർത്തു കണ്ടു
പുറമേ രാഘവ കീർത്തിമാലപോലേ. 3

ഒരു വീതിയിൽ നൂറു യോജനപ്പാ-
ടുരുദീർഘം വിലസുന്ന സേതുബന്ധം
പുരുകൗതുകമോടു നോക്കിനോക്കി-
ക്കരുതിക്കൊണ്ടിതു പാർത്ഥനിത്ഥമുള്ളിൽ. 4

"പെരുതാം കടലിന്നുമിപ്രകാരം
വിരുതോടും ചിറയിട്ട വിശ്വവീരൻ,
'ഒരു വീരനസാദ്ധ്യമൊന്നുമില്ല'"-
ന്നരുളുന്നു ക്രിയകൊണ്ടു രാമചന്ദ്രൻ. 5

ഇതിലുണ്ടൊരശക്തി: മർക്കടങ്ങൾ-
ക്കതിപേലവശ്ലിടയാക്കി വിട്ടതെന്തോ
മതിയാം കുലവില്ലുമമ്പുമുള്ളോ-
രതിദിവ്യാസ്ത്രവിദഗ്ദ്ധനാനരേന്ദ്രൻ”? 6

പ്രഥമാനമനോവികാരസശങ്കാ-
പഥസഞ്ചാരമിയന്നുകൊണ്ടു പാർത്ഥൻ
അഥ ചെന്നിതു വിപ്രർ 'സേതുബന്ധം
കഥ' വായിക്കുമിടത്തു ഭക്തിശാലി. 7

അവരാക്കഥ വിസ്തരിച്ചു വായി-
ച്ചവസാനംവരെയുറനിന്നൊടുക്കം
നവമാം നിജസംശയം സദസ്സിൽ-
പ്പവമാനാത്മജസോദരൻ കൊടുത്തു. 8

പലരും പല യുക്തി ചൊല്ലി നോക്കീ,
ഫലമായീ,ലൊരു കൊച്ചുമൊച്ചയപ്പോൾ
ഇലയുള്ള മരത്തിൽനിന്നു ചാടി
സ്ഥലമെത്തീട്ടു മനുഷ്യമട്ടുരച്ചു. 9

“ശരിയാണു പറഞ്ഞ,തമ്പുകൊണ്ടും
വിരിയേസ്സേതു ചമയ്ക്കു രാമനാവാം;
ഗിരികൂടസമാനർ വാനരന്മാർ
വരിയായ്ക്കേറുകിലസ്ത്രസേതു പൊട്ടും. 10

കുതികൊണ്ട കുരങ്ങുകൾക്കുമേക്കാൽ
മതിയോ താങ്ങലതോർത്തു രാമഭദ്രൻ

ക്ഷിതിഭൃത്തതികൊണ്ടു സേതു ബന്ധി-
ച്ചതിദാർഢ്യത്തൊടു തീൎത്തുവിട്ടു മാൎഗ്ഗം". 11

ഇതു കേട്ടു ചിരിച്ചു പാൎത്ഥനോതീ:—
"ചതുരം തന്നുടെ ജാതിപക്ഷപാതം!
പുതുമക്കടപോതമേ! ഭവാൻ ചൊ-
ന്നതു ദിവ്യാസ്ത്രഗുണജ്ഞർ സമ്മതിക്കാ. 12

ഹനുമാൻ മുതലായ വാനരക്കും
തനുവായോരമ കോൎത്തു സേതു തീൎത്താൽ
അനുവേലഗതിക്കു പോരുമല്ലോ;
നനു മന്ത്രത്തിനു ദിവ്യശക്തിയില്ലേ?" 13

പരമാക്കപി പിന്നെയും പറഞ്ഞു:—
"പരമാസ്ത്രങ്ങളവൎക്കു പുല്ലുപോലെ;
വരഗന്ധികളാക്കപീന്ദ്രർ ദേവാ-
സുരഗന്ധൎവ്വമഹൎഷിപുത്രരത്രേ." 14

ഉടനൎജ്ജുനനോതി:—'മൎക്കടേന്ദ്ര-
പ്പടയൊക്കെക്കടലിന്റെ മേൽക്കടത്താൻ
സ്സുടമാരഘുവീരനെയ്യുമക്കോൽ-
പ്പടലപ്പാലമുറച്ചുതന്നെ നില്ക്കും. 15

അവരങ്ങിനെ ദിവ്യരെങ്കിലോ രാ-
ഘവനസ്ത്രജ്ഞരിലത്ര യോഗ്യനല്ലോ;
ഇവനാനിലയോൎക്കിൽ മോശ,മിന്നു-
ള്ളവരെസ്സായകസേതുവാൽക്കടത്തും". 16

“അത്ര പാരകയില്ല”യെന്നിളിക്കും
പൃഥുഗോഷ്ഠിക്രിയ കാട്ടി മർക്കടത്താൻ;
കുതുകത്തൊടു ജിഷ്ണു ഗാണ്ഡിവത്തെ-
ച്ചതുരപ്രൌഢഗഭീരമൊന്നു നോക്കി. 17

നരവാനരവീരരിപ്രകാരം
ചിരവാദപ്രതിവാദമത്സരത്തിൽ
സ്ഥിരവാശിയൊടാത്മപക്ഷരക്ഷാ-
പരവാന്മാർ ശപഥം കഴിച്ചു തമ്മിൽ. 18

“ഉടനേ ചിറയമ്പുകൊണ്ടു തീൎപ്പേ”—
“നടനെന്നാലതു ഞാൻ നടന്നുടപ്പേൻ”
“ഉടവേല്ക്കുകിലഗ്നിയിൽപ്പതിപ്പേ”–
“നടയാഞ്ഞാൽത്തവ ദാസനായി നില്പേൻ”. 19

ഇവരിങ്ങിനെ തമ്മിലേററരച്ചി-
ട്ടവസാനം വിജയൻ വിദഗ്ദ്ധവീരൻ
സ്വവശം വിലസുന്ന വിൽ കുലച്ചു,
നവസാമൎത്ഥ്യമൊടമ്പെടുത്തയച്ചു. 20

പെരുതായ പരമ്പുപായ് വിരിക്കു-
ന്നൊരുമട്ടമ്പുകൾകൊണ്ടു തീൎത്ത പാലം
പുരുവിക്രമി നൂറുയോജനപ്പാ-
ട്ടുരുദീൎഘം കടലിന്റെ മേൽ നിരത്തി. 21

പരമാചലരാമസേതു വേറേ;
പരമീയൎജ്ജുനബാണസേതു വേറെ;

തരസാമോടിതു രണ്ടുമത്ഭുതം മേ-
ത്തരമേവക്കൎമ്മമണച്ചു മേല്ക്കുമേലേ. 22

‘ഹരിയോ ഹരി’യെന്നു കൂടിയാൎത്തു
പെരിയോരന്നവിടെപ്പെട്ടും ജനങ്ങൾ;
ഹരിയോ, കപിചാപലത്തിനൊക്കും
ചിരിയോടാശ്ശരസേതുവിന്മേലേറി. 23

ചെറുമക്കുടമങ്ങു കേറിയപ്പോ-
ളുറമാറാശ്ശരസേതുവൊന്നുലഞ്ഞു;
മുറുകെക്കപിലാത്തിയപ്പൊഴേതോ
വെറുതേ വേല, പൊളിഞ്ഞു വീണു പാലം. 24

ബലമറ്റതു വീണു കണ്ടു വീണ്ടും
ചില ദിവ്യാസ്ത്രമെടുത്തു പാൎത്ഥവീരൻ
നലമോടൊരു ബാണസേതു തീൎത്തു
പലരും കണ്ടു രസിക്കുമാറു വേറേ. 25

അതിലും കപിപോതമേറി ലാത്തീ
മതിയായീലതുലപ്പതിന്നുപോലും;
ധൃതിയോടഥ പൎവ്വതാഭനായി-
ക്കുതിയൊന്നൂന്നി, യതും പൊളിച്ചുവിട്ടു. 26

കടൽ ചാടിയ വായുപുത്രരൂപം
കിടചേരും കപിമൂൎത്തി കണ്ടു ലോകം
ഉടനത്ഭുതരീതിഭാവമാൎന്നു;
തടവോടൎജ്ജുനനും പകച്ചുപോയി. 27

ശപഥപ്പിഴ പററിയെന്നുറച്ചാ-
നൃപവംശ്യോത്തമനാം സുരേന്ദ്രപുത്രൻ
കപടം കരുതാതെ താനൊരുങ്ങി
വിപദി ധൈര്യമൊടഗ്നിയിൽപ്പതിപ്പാൻ. 28

ചിതകൂട്ടിയെരിഞ്ഞു കത്തിടും തീ-
പ്പുതമമ്പോളതിൽ വില്ലുമമ്പുമായി
കൃതനിശ്ചയമാശു ചാടുവാനായ്
സ്ഥിതനൊന്നാഞ്ഞു കുതിക്കയായി പാർത്ഥൻ. 29

അതുനേരമകന്നൊരൊച്ച കേൾക്കാ-
യിതു— "ഹേ ഹേ, ബത! പുണ്യസേതുവിങ്കൽ
ഇതുമാതിരിയാത്മഹത്യ ചെയ്യു-
ന്നതു ചൊവ്വല്ലിതിനാരൊരുങ്ങിടുന്നു?" 30

'ധൃതിമാനിതു കേട്ടവാറു സത്യ-
സ്ഥിതി കേൾപ്പിക്കണമോ തടുക്കുമാളെ'
ഇതി സംശയമാർന്നു തെല്ലു നിന്നു
കുതിയൂന്നാതെ കുതിക്കുമാക്കിരീടി. 31

ഇണചേർന്നിഹ സേതുവിൽക്കളിപ്പാ-
നണയുന്നാൾനിരയുണ്ടകന്നു കാണ്മൂ;
ക്ഷണമായതിൽനിന്നൊരുണ്ണിയോടി-
ഗ്ഗുണവാനർജ്ജുനനേപ്പിടിച്ചു മാററി. 32

ഇവനാണു തടുത്തുരച്ചതെന്നോ-
ത്തവനോടുള്ള യഥാർത്ഥമോതി പാർത്ഥൻ;

‘ശിവനേ! ജളതാവിലാസ’മെന്നായ്
നവഹാസ്യസ്മിതമോടുമുണ്ണി ചൊന്നാൻ:— 33

“നരവാനരവീരർ നിങ്ങളേവം
തരസാ ചെയ്യു കരാറിനാരു സാക്ഷി?
സ്ഥിരമായൊരു സാക്ഷി കൂടെയില്ലാ-
തുരചെയ്യുന്ന കരാർ ബലപ്പെടില്ല. 34

ഒരു സാക്ഷിയെ മദ്ധ്യവർത്തിയാക്കി-
ട്ടിരുപേരും ശപഥം കഴിച്ചുവേണം
പെരുമാറിടുവാൻ കരാറി,ലെന്നോ
വിരുതേറുന്നൊരു വീരധർമ്മമാവു”. 35

ശരിയാണു പറഞ്ഞതെന്നു തോന്നി
ഹരിജാതർക്കിരുവർക്കുമെന്തു വേണ്ടൂ;
അരിയോരിവനെസ്സദസ്യനായ് വെ-
ച്ചുരിയാടിസ്സമയം പുതുക്കി വീണ്ടും. 36

“പെരിയോന്നിഹ ദൈവമെന്നൊരുത്തൻ;
വിരിയേപ്പൗരുഷമെന്നു മറ്റൊരുത്തൻ;
ശരി; നല്ലൊരു വാദിതെ”ന്നുടൻ പു-
ഞ്ചിരിയോടേകസദസ്യനുണ്ണി ചൊല്ലീ. 37

ദ്വിജനന്ദനസൂചനാൽ സ്മരിച്ചു
ഭുജവീര്യോൽക്കടനാം കിരീടമാലി
നിജപൗരുഷമേറ്റമേറുമസ്ത്ര-
വ്രജമന്ത്രാക്ഷരദൈവികപ്രഭാവം. 38

'ഇനി വേണ്ടതു ചെയ്യുകെ'ന്നു ബാലൻ
മുനി രണ്ടാളൊടുമോതിവെച്ചശേഷം
തനിയേ ധൃതിപൂണ്ട ധീരമേഘ-
ധ്വനിയാം ഗാണ്ഡിവമർജ്ജുനൻ വലിച്ചു. 39

നിലനില്പിനു വേണ്ടിയാദ്യമായി-
പ്പല ദിവ്യാസ്ത്രവിശേഷരക്ഷ ചെയ്തും
ബലമാംപടി മുൻകണക്കിലൂക്കൻ-
നിലയിൽ തീർത്തിതു ബാണസേതുബന്ധം. 40

അതു കണ്ടള'വത്ര വേഗമാവി-
ല്ലിതു ഭഞ്ജിപ്പതിനെ'ന്നു വാനരന്നും
പുതുതായൊരു ബുദ്ധി തോന്നി; നേരു-
ള്ളതു മുൻകൂട്ടി മനസ്സു കാട്ടുമല്ലോ. 41

'ഒരു മാതിരി കൌശലാൽ കളിച്ചി-
ട്ടിരുപാലങ്ങളും പൊളിച്ചപോലെയൊന്നും
പെരുമാറുകിലാകയില്ലിതെ'ന്നോ-
ർത്തുരുവേഗം കപി വേഷമൊന്നു മാറി. 42

ഹനുമാനിവനെന്നു സർവ്വരും ക-
ണ്ടനുമാനിപ്പൊരു വിശ്രുതസ്വരൂപം
മനുമാനിതവംശവീരദാസൻ
തനുമാനസ്ഥിതിയിൽ പുറത്തു കാട്ടി. 43

അഥ സേതുവിലേറിയങ്ങുമിങ്ങും
മഥനം ചെയ്വതിനുന്നിയോടിനോക്കി

പ്രഥമം ജലനായിതാനു;മെന്തോ
കഥ! ദിവ്യാസ്ത്രമസഹ്യസാരമല്ലോ. 44

കൃതകൃത്യത കിട്ടിയാലുമൊട്ടും
ബത! ഗൎവ്വൎജ്ജുനനുള്ളിലേററതില്ലാ;
ഹിതമേകിന ദിവ്യമന്ത്രസേവോ-
ചിതമാം നിൎമ്മലഭക്തി കൂടിതാനും. 45

“ഝടിതി ദ്വിജബാലവേഷമാൎന്നി-
പ്പടിയെന്നെത്തുണചെയ്തു കാത്ത ദൈവം
അടിയാൾക്കു വിപത്തിലൊക്കെ രക്ഷ-
ക്കുടിവെയ്ക്കുന്നൊരു കൃഷ്ണനല്ലയോ നീ?” 46

ഇതു പാർത്ഥനുടുത്തു ചെന്നു ചോദി-
ച്ചതു കേട്ടൊന്നു ചിരിച്ചു ബാലവിപ്രൻ;
അതുകൊണ്ടവനുള്ളറിഞ്ഞു മൈത്രീ-
കുതുകാനന്ദവിലാസമാൎന്നു നിന്നു. 47

അവമാനവുമേററ നാണവും പൂ-
ണ്ടവനാബ്രാഹ്മണനോടുടൻ ഹനുമാൻ
“ഭുവനേശ്വരരാമദാസനാം ഞാ-
നിവനോടിങ്ങിനെ തോററതെന്തിനെ”ന്നാൽ. 48

ദ്വിജബാലനുരച്ചു:—“കേൾക്ക വാതാ-
ത്മജ! രാമായണവായനയ്ക്കുശേഷം
ഭജനം പതിവുള്ള നിസ്സമർത്ഥാ
നിജധീയാൽ നിനയാഞ്ഞു തോററുപോയി. 49

കടലും മരുഭൂമിയാക്കുമത്യുൽ-
ക്കടദിവ്യാസ്ത്രമറിഞ്ഞ വീരരാമൻ
ഇടപെട്ട കുരങ്ങുകൾക്കു കീർത്തി-
ക്കിടയാക്കീ നളസേതുബന്ധനത്താൽ. 50

സുലഭാർത്ഥമിതോർത്തിടാതബദ്ധം
പലതും മേനി നടിച്ചു നീ പറഞ്ഞു;
അലസന്നവസാനമല്ലലല്ലോ
ഫല;മത്തേറിടുകജ്ഞനന്റെ ദാസ്യം”. 51

ഗുരു ശിഷ്യനൊടെന്നപോലെ പാരം
പൊരുളുൾക്കൊണ്ട ഗഭീരവാക്കിവണ്ണം
അരുൾചെയ്യൊരു വിപ്രബാലനെപ്പാ-
ത്തുരുഭക്ത്യാ ഹനുമാനുരച്ചു വീണ്ടും:— 52

“പിടിയാത്തൊരു മർക്കടം പിഴച്ചി-
പ്പടി കല്പിച്ചൊരു ശിക്ഷ സമ്മതിച്ചു;
വടിവോടിതു ചൊന്നവൻ ഭവാനീ-
യടിയത്തിൻ ഗുരു രാമഭദ്രനല്ലീ?” 53

“ശരി”യെന്നു പറഞ്ഞു വിപ്രബാലൻ
ഹരി കൈക്കൊണ്ടിതു രാമകൃഷ്ണരൂപം;
പെരിയോരിതു രണ്ടുമൊത്തുകണ്ടോർ
പരിതോഷിച്ചു മഹർഷിമാർ വിശേഷാൽ; 54

ഹനുമാനുരചെയ്തു:—‘രാമഭദ്രൻ
തനു മാറാതരുളുന്നു കൃഷ്ണനായും;

അനുഭാവവിശേഷമോർത്തുകണ്ടാൽ
നനു കൃഷ്ണാർജ്ജുനരുള്ളതൊന്നുതന്നെ. 55

ഇവനുള്ളൊരു രാമദാസഭാവം
നവമായ് ത്തീന്നതിതജ്ജനന്റെ ദാസ്യം;
അവമാനമശേഷമില്ലിനിക്കി-
ന്നവസാനം പരമാർത്ഥതത്വബോധം." 56

സ്വയമജ്ജുനനോടു കൃഷ്ണനോതീ:—
"സ്വയശസ്സായ ഭവാൻ ജയിച്ചു കാര്യം;
നയമോത്തിഹ രാമസേതുവിന്നി-
ന്നയശസ്സാം ശരസേതു നീ പൊളിക്കൂ. 57

അതുമാത്രവുമല്ല, രാമദാസൻ
പുതുതായ് നിന്നുടെ ദാസനായിവന്നു;
ചതുരാശയ! പൂജ്യനാമിവന്നൊ-
ത്തതുപോലുന്നതവൃത്തി നൽകിടേണം. 58

അതിഭക്തനിവൻ വിരിഞ്ചനാവു-
ന്നതിനുന്നന്ന മഹാവ്രതൻ കപീന്ദ്രൻ;
അതിനാൽ നിജകേതുവിൽത്തപം ചെ-
യ്യതിനാക്കു; കപികേതുവാകെടോ നീ!" 59

ശരസേതു പൊളിച്ചെടുത്തു പാർത്ഥൻ;
പരമീവാനരനെദ്ധ്വജത്തിലേറി;
സരസം സകലാക്കമിഷ്ടമേകി-
പ്പുരമാത്തു മുകുന്ദനും മറഞ്ഞു. 60

# വേട്ടയ്ക്കൊരുമകൻ

## പാന

ശങ്കരൻ കിരാതാകൃതിയായ് മല-
മങ്കയാളാം താരിതാകിരാതിയിൽ
തങ്കും മോദാൽജ്ജനിപ്പിച്ച നന്ദന-
നെൻകുലദൈവം വേട്ടയ്ക്കൊരുമകൻ,
എൻകരൾത്താരിൽ നിത്യം വിളയാടി-
സ്സങ്കടങ്ങൾ കെട്ടത്തിസ്സദാ സുഖം
സംഘടിപ്പിച്ചു തന്നീടേണം ഭവ-
വൻകടൽക്കതൊണല്ലോ സുധാരസം.
എങ്കിലോ വിഷയാളിത്തിരകളിൽ
തങ്കിടും ചിത്തം മുങ്ങി മറികയാൽ
നിൻകിരാതസ്വരൂപം നിരൂപിപ്പാൻ
ശങ്കിക്കുന്നേൻ കുറച്ചൊരു വൈഷമ്യം.
എന്നാലും ദേവ! വേട്ടയ്ക്കൊരുമക!
നന്നായെന്നിൽ നിൻകാരുണ്യമുണ്ടെങ്കിൽ
എന്നായാലും തിരുവുടലോക്കുവാ-
നൊന്നാരാലിടകിട്ടാതിരിക്കുമോ?
    നീലനീരദനിർമ്മലമാകും നിൻ-
കോലമെൻ മനോദർപ്പണമദ്ധ്യത്തിൽ
നീലകണ്ഠകുമാര! തെളിഞ്ഞൊന്നു
ചാലവേ കാണാറാക്കുവാനോക്കുന്നേൻ.
ചേലിൽ മേല്പോട്ടു തൃത്തു കെട്ടിബ്ഭംഗി-
കോലിന മട്ടു ചുറകമേ വട്ടത്തിൽ

പീലിക്കണ്ണു തിരുകും തിരുമുടി
മേലിലെന്നുള്ളിലൊക്കെമാറോർക്കുന്നേൻ.
അമരന്റെ ജടാജൂടത്തിനേക്കാളു-
ഉച്ചഗംഭീരഭീഷണമാംവണ്ണം
മെച്ചത്തിൽച്ചുറ്റി നേരേ പടം കാണി-
പ്പിച്ച പന്നഗഭൂഷണമോർക്കുന്നേൻ.
ഫാലപട്ടമാം നീലനിശാകര-
ബാലനിൽ പ്രതിബിംബിക്കുകാരണം
ലോലമായ്പ്പെട്ടകുട്ടികളിച്ചീടും-
പോലെയാടുമളകങ്ങളോർക്കുന്നേൻ.
പേടിയാകുന്ന ചെന്തീത്തിരുമിഴി
മൂടിവെച്ചവിധം തിരുനെറ്റിയിൽ
മോടിയായ് രക്തചന്ദനം കസ്തൂരി
കൂട്ടിക്കലർത്തിയ പൊട്ടും ഞാനോർക്കുന്നേൻ.
ദുഷ്ടന്മാരേ വളഞ്ഞു പിടിച്ചീടും
രുഷ്ടഭീഷണകാളസർപ്പംപോലെ
പുഷ്ടമായ് വളഞ്ഞീടും പുരികമെൻ-
കഷ്ടപ്പാടുകൾ തീർക്കുവാനോർക്കുന്നേൻ.
മൊട്ടുമാത്രം കറുത്തു ശേഷം ചുവ-
ന്നിട്ടുള്ള രണ്ടു വട്ടപ്പുരിചകൾ
ഒട്ടുതുല്യമായ് നില്ക്കും തിരുമിഴി-
മട്ടമെപ്പോഴുമുൾപ്പൂവിലോർക്കുന്നേൻ.
മൂപ്പിച്ചുൾക്കടക്രോധത്താൽ ദുഷ്ടരിൽ
തീർപ്പിടിക്കുമ്പടിക്കുള്ള നോട്ടവും

തൃപ്പദം കൂപ്പും സേവകർക്കെപ്പോഴും
കല്പകപുഷ്പവൃഷ്ടിയായോർക്കുന്നേൻ.
മാതിരിക്കൊത്തു കുത്തിത്തിരുകിയ
ജാതിപന്നഗരത്നപ്രഭയോടും
കാതിലത്ഭുതദിവ്യൌഷധിപ്പൊന്നു-
റ്റു തിരുകിയ കുണ്ഡലമോർക്കുന്നേൻ.
പന്നഗത്തിന്റെ പത്തി വിരുത്തിയൊ-
ന്നുന്നമിച്ചോര ഫീറവം മുഖംപോലെ
മിന്നുമെള്ളിൻപൂഭാഗി കലർന്ന നി-
ന്നുന്നതമാം തിരുമൂക്കുമോർക്കുന്നേൻ.
ഒട്ടുമുക്കാലും വീതിക്കൂട്ടും കവിൾ-
ത്തട്ടു മുട്ടിപ്പിടിച്ചു മുഖത്തിന്റെ
മട്ടു ഗംഭീരഭീഷണമാക്കും നിൻ-
കെട്ടുതാടിയും മീശയുമോർക്കുന്നേൻ.
രോഷമറ്റൊരു തൊണ്ടിപ്പഴത്തിന്റെ
ഭാഷയിലുള്ള ചുണ്ടിന്റെ ഭംഗിയെ
പോഷണം ചെയ്യും ശ്മശ്രുച്ഛടാടോപ-
ഭീഷണമാം തിരുമുഖമോർക്കുന്നേൻ.
കട്ടിത്താങ്ങും കണ്ഠത്തിനൊത്തിട്ടും-
മട്ടിൽത്തന്നെ കനത്തെഴും സ്കന്ധവും
കാട്ടിടാതെ ഭുജാർദ്ധവും വക്ഷസ്സും
പാട്ടിൽ മൂടുന്ന ചട്ടയുമോർക്കുന്നേൻ.
എയ്യുവാനും കുലച്ച വില്ലുമിട-
ക്കയ്യയത്തിപ്പിടിച്ചുകൊണ്ടങ്ങിനെ

മെയ്യിണക്കിച്ചുരിക കീഴായ് വല-
ങ്കയ്യിലേന്തിന നിൻനിലയോക്കുന്നേൻ.
കണ്ഠത്തിൽ മുറിച്ചിട്ടയിന്ദ്രനേർ ത്തുക്കി-
ക്കൊണ്ടണിഞ്ഞുള്ള കാളസർപ്പങ്ങളിൽ
നീണ്ടതൊന്നെന്നു തോന്നും രോമാവലി-
യാണ്ടതാം നിൻതിരുവയറോക്കുന്നേൻ.
കാട്ടിടിക്കിൽ കിടക്കും പല ചായ-
ക്കൂട്ടു കൂട്ടിയ കൌശേയപ്പട്ടാലെ
മട്ടു ചേർത്തിട്ടു കെട്ടിയുടുത്തര-
ക്കെട്ടും പാമ്പരഞ്ഞാണും ഞാനോക്കുന്നേൻ.
ആനത്തുമ്പിക്കൈ വാഴ്ത്തടിയിവ
മാനം കൈവിട്ടു കൂപ്പും തുട രണ്ടും
ദീനവത്സല! ഞങ്ങൾക്കൊരാശ്രയ-
സ്ഥാനസ്തംഭങ്ങൾപോലെ ഞാനോക്കുന്നേൻ
നീലകണ്ഠത്തിരുമകൻ കേറിടും
നീലക്കണ്ഠത്തിൻ കണ്ഠത്തിൻകാന്തിയെ
ചാലവേ കവന്നീടുവാനേറവും
ശീലമാം നിൻകണങ്കാലുമോക്കുന്നേൻ.
ഭോഗിരാജച്ചിലമ്പണിഞ്ഞു, മഹാ-
യോഗിരാജിക്കൊരാലംബമായ് നിന്നും
യോഗിഭോഗികൾക്കിഷ്ടം യഥേഷ്ടമായ്
ബ്ഭോഗിക്കും നിൻപുറങ്കാലുമോക്കുന്നേൻ.
ഈരഞ്ചായ് പത്തു തൃക്കാൽവിരലിലും
ചേരുഞ്ചോരുന്ന ചന്ദ്രബിംബങ്ങളിൽ

ദൂരഞ്ചാടിക്കളിക്കുമുള്ളെൻമനം
പാരഞ്ചാഞ്ഞു പതിക്കുമാറാക്കണേൻ.
പല്ലവംപോലെ രേഖാവിശേഷംകൊ-
ണ്ടുല്ലസിക്കുന്ന തൃക്കാലടി രണ്ടും
നല്ലപോലുള്ളിൽ ശ്രീകിരാത! ഭവാൻ
മെല്ലവെ വെച്ചു നില്ക്കുമാറാക്കണേൻ.
ഈശാനാത്മജ! സ്വാമിൻ! കിരാത! നിൻ-
കേശാദിപാദധ്യാനമരക്ഷണം
ചെയ്യാൻ ഭാഗ്യമെന്നുള്ളിലുണ്ടായെങ്കിൽ
ക്ലേശാവേശമില്ലെന്നും സുഖം കിട്ടും.
ദാരുണാകൃതി വേട്ടക്കൊരുമകൻ
കാരുണ്യാമൃതമേഘമാണെന്നല്ലോ.
നേരുകാണും മുനീന്ദ്രരഹോ! നിന്നുൾ-
പ്പൊരുൾ കണ്ടു വിധിച്ചവിധം കേൾപ്പൂ.
പാരിൽക്കേളിപെരുത്ത സാക്ഷാൽ വാലി-
ശ്ശേരിക്കോട്ടയിൽ വാഴും ഭഗവാനേ!
കേരളകുലദൈവമേ! കാട്ടാള-
വീര! രുദ്രകുമാര! നമസ്കാരം.
ബ്രഹ്മവിഷ്ണുമഹേശ്വരന്മാരായി
ബ്രഹ്മതത്വമേ! മായാവിലാസത്താൽ
നിർമ്മമം ലോകസൃഷ്ടിരക്ഷാക്ഷയ-
കർമ്മം കാട്ടിക്കളിക്കുന്നതും ഭവാൻ.
ഇന്ദ്രവഹ്നിയമനിരൃതിസലി-
ലേന്ദ്രവായുകുബേരേശഭേദത്താൽ

ഇന്നു കേവലമഷ്ടദിൿപാലരായ്
നിന്നു കൃത്യം നടത്തുന്നതും ഭവാൻ.
ചന്ദ്രസൂർയ്യവിഭാഗത്താൽ വിശ്വത്തിൽ-
സ്സാന്ദ്രശീതോഷ്ണഭേദം കൊടുപ്പതും
എന്നും രാപ്പകൽ വേർതിരിക്കുന്നതു-
മൊന്നുംകൂടാതിരിക്കുന്നതും ഭവാൻ.
കാലമെന്നു പറയുന്നതും, ജീവ-
ജാലഭേദത്താൽക്കാണായിടുന്നതും,
ചാലവേയാരും കണ്ടുപിടിക്കാത്ത
ജാലവിദ്യകൾ കാട്ടുന്നതും ഭവാൻ.
കേവലം വേദവാക്യപ്പൊരുളെന്നും
ദൈവമെന്നുമാകർമ്മമെന്നും ചിലർ
ആവകക്കുത്തുവാദികൾ കേവലാ-
ഭാവമെന്നും ഭവാനെപ്പറയുന്നു.
ആദിതൊട്ടിപ്രപഞ്ചത്തിൽ പഞ്ചഭൂ-
താദിയുമഞ്ചു തന്മാത്രഭേദവും
വേദിതവ്യമാം മററൊക്കെയുമിവ-
റ്റാദിമൂലമാമൊന്നും ഭവാനല്ലോ.
സർവ്വസംഗപരിത്യാഗം ചെയ്കിട്ടോ,
സർവ്വവും ഭവാനെന്നുള്ളറച്ചിട്ടോ,
സർവ്വജ്ഞന്മാർ സനൽക്കുമാരാദികൾ
സർവ്വദാ സച്ചിദാനന്ദം നേടുന്നു.
കണ്ടതൊക്കെയും ദേവ! ഭവാനെന്നും
കണ്ടഹോ! ഭവാനാകുന്നു ഞാനെന്നും,

വീണ്ടുമേററം മനസ്സിലുറപ്പിച്ചാൽ
വേണ്ടുമിഷ്ടം ഫലിപ്പാൻ പണിയുണ്ടോ?
നാമിതിൻവണ്ണം വേട്ടക്കൊരുമക-
സ്വാമിയെ ക്ഷണനേരം സ്മരിച്ചെങ്കിൽ
കാമിക്കുംപോലെ നാലു പുരുഷാർത്ഥാ-
ഭൂമിക്കും മേലേ നേടാം സദാനന്ദം.
പാനപ്പാട്ടായി വേട്ടക്കൊരുമക-
ധ്യാനശീലനാമഗ്ഗുത്തെക്കാണിച്ചേൻ.
താനഭീഷ്ടമേലേതു രൂപത്തിലു-
മാനന്ദാത്മാവാം ദേവനെച്ചിന്തിക്കാം.
കേട്ടുകൊണ്ടാലും പണ്ടൊരു ഭൂസുരൻ
കാട്ടുപോത്തായ്ഗ്ഗുരുവായൂരപ്പനെ
പാട്ടിലാക്കീട്ടാമേപ്പത്തൂർഭട്ടനെ-
ക്കാട്ടിപോൽ; നോക്കൂ! ധ്യാനപ്രഭാവത്തെ.
എന്നതുകൊണ്ടു വേട്ടക്കൊരുമകൻ-
തന്നെ ഞാൻ ചൊന്ന മട്ടിലിഷ്ടംപോലെ
എന്നുമുള്ളിലുറപ്പിച്ചു സച്ചിദാ-
നന്ദത്തിൽച്ചെന്നു ചേരുവിൻ കൂട്ടരേ.

ശ്രീരസ്തു

# "ജരാസന്ധവധ വ്യായോഗം"

---

അർദ്ധേന്ദുചൂഡം ഭൂതേശ-
മർദ്ധനാരീമയാകൃതിം
അജയ്യം ജെതുമംശാനെഃ
പുരുഷം യോഗവിദ്യയാ ൧

(നാന്ദ്യന്തെ തതഃ പ്രവിശതി സൂത്രധാരഃ)

സൂത്രധാരഃ—അയിഭൊഃ പാരിഷദാഃ! ഏഷൊസ്മി കൊപി ഭരതഗൊത്രജന്മാ ദാനമാനപരാക്രമാദിഭിർവ്വശീകൃത ലൊകതയാ ലബ്ധപ്രതിഷ്ഠം മാഗധമുഖ്യമപ്യാക്രമ്യ സുഷ്ഠാനാരാധയിതുമഭ്യാഗതഃ. തദസ്മൽപ്രയൊഗദ ർശനെനാനുഗൃഹ്ണന്തു ഭവന്തഃ. (ആകാശെ ലക്ഷ്യം ബദ്ധ്വാ) കിം ബ്രൂഥ "അയി ഭരതകുലനന്ദന! കഥമി വ ദെശാന്തരാദാഗതൊ ഭവാൻ ഇഹൈവ ലബ്ധജന്മനഃ പ്രഭാവവശീകൃതജനസ്യ പരമമാഹെശ്വരസ്യ വിശെഷതൊ വദാന്യസ്യ തസ്യ മാഗധസ്യ പരാജ യെ പസ്മാപ്പെട്ടു?" ഇതി (സസ്മിതം) സത്യമെതൽ. പരന്തു നൈതാവതാ മെ വൈമനസ്യം. ഹന്ത പശ്യന്തു ഭവന്തഃ:—

പാവനാത്മാന ഏതെസ്മ
ഭരതാമാഗധാധികാഃ
അപാത്ഥതാത്രനൊനസ്സ്യാ-
ദാസ്മ ദെവാശ്രയാവയം. ൨

(പുനരാകാശേ—) കിംബ്രൂഥ "യദ്യേഷ തേ സ്ഥി രോ നിശ്ചയഃ, തൽപ്രയോഗദൎശനേന വയം പ്രമോദാമഹെ" ഇതി. (സഹൎഷം) കൃതാൎത്ഥാസ്മീദാനീം മഹാജനാനുവാദേന (നെപഥ്യാഭിമുഖമവലോക്യ) അയെ! കിമദ്യാപി വിളംബസെ?

പാരിപാൎശ്വികഃ—(പ്രവിശ്യ) ഭാവ! അയമസ്മി ബദ്ധപരികരഃ, തദാജ്ഞാപയ.

സൂത്ര—യുജ്യതെ മാരിഷ! അദ്യഹി ദത്താവധാനൈരസ്മാഭിഃ പ്രവൎത്തിതവ്യം. യതോ "ജരാസന്ധവധവ്യായോഗ" ഏവാത്രാഭിനേതവ്യഃ. പശ്യ:—

കുഞ്ഞിക്കുട്ടാപരാഖ്യസ്സകില കവയിതാ
രാമവൎമ്മാവനീശഃ
പുണ്യം വസ്തു പ്രശസ്തം മഗധപതിജയീ
നായകോ ഭീമസേനഃ
കിഞ്ചാന്യസ്സൂത്രധാരസ്സദയമിഹ കഥനാ-
കൌതുകീ വാസുദേവഃ
പ്രാജ്ഞാസ്സാമാജികാശ്ചേത്യഭിനയവിഷയേ
സൎവ്വമവ്യാഹതം നഃ ൯

പാരി—(പുരോ വിലോക്യ, സാശങ്കം) ഹന്ത! കിമേതൽ? ഭാവ! പശ്യ പശ്യ—

അഗ്രേ സൌവൎണ്ണവൎണ്ണസുമനഃ പരിസരേ
പാൎശ്വയോരംബുദാഭൌ
ബ്രാഹ്മം ക്ഷാത്രഞ്ചതേജസ്സ്വബലിതമമിതം
വീരശാന്തം കിരന്തഃ

ഏതെ ജാജ്വല്യമാനാസ്ത്രയ ഇവ സുഹുതാ-
അഗ്നയൊ ദെവകല്പാ-
അദ്വാരെണ പ്രവിഷ്ടാഃ പ്രചലിതവസുധം
കെ ത്രയസ്സമ്പതന്തി? ൪

സൂത്ര—(വിലൊക്യ സസ്മിതം) അഹൊ ഏതെഷാം വെഷവൈശിഷ്ട്യം! ഏതെ ഖലു ഭീമസെനവാസുദെവാർജ്ജുനാനാം ഭൂമികാ ആദായ പ്രവൃത്താമെ ഭ്രാതരസ്ത്രയൊപി പ്രകൃതകാര്യായ. തദാവാഭ്യാമപ്യനന്തരകരണീയായ സജ്ജീഭവിതവ്യം.

(നിഷ്ക്രാന്തൌ— പ്രസ്താവനാ)

(തതഃ പ്രവിശതി ഭീമസെനഃ വാസുദെവാർജ്ജുനൌ ച)

ഭീമസെനഃ—ഭഗവൻ! വാസുദെവ! മാഗധവിജയപര്യാപ്താ അപി വയം ബ്രാഹ്മണവെഷമവലംബ്യ ശത്രുനഗരം പ്രവിശാമ ഇതി ലജ്ജതെ മെ മനഃ. പശ്യ—

ഹസ്ത്യശ്വം രഥപത്തി വാ ബഹുതരം
സ്യാന്നാമ ശത്രോർബ്ബലെ
സൈഷാ വൈരിവരൂഥിനീ ഭുജഭൃതാം
ദൊഷ്ണോഃ പരം പാരണാ;
ഏവഞ്ചെദപി വിപ്രവെഷരചനാ-
മാലംബ്യ ശത്രോർമ്മുഖം,
യാച്ഞാദൈന്യപരാ വിലൊകിതുമമീ
കിന്നാമ യാമൊ വയം. ൫

വാസുദേവഃ—ആര്യ ഭീമസേന! മാമൈവം വാദീഃ ഏഷ ഖലു ന കേവലമരാതിമാത്രതയാ ചിന്തനീയോ മഗധരാജഃ—അയം ഹി

ബ്രഹ്മണ്യശ്ച വദാന്യശ്ച
വീരമാഹേശപാരൊസപഃ
അജയ്യഃ കേവലം യുദ്ധെ
നാനാസേനാവൃതൊ ബലീ. ൨

കിന്ന ജാതാതി ഭവാനസ്യ മഹാത്മ്യം? പുരാ കില ജാമാതുഃ കംസസ്യ നിധനെന പ്രകൊപിതഏഷ മഹാവീരസ്വയമയാദവാമ്മഹീം വിധാതുമിവ ബദ്ധപരികരഃ പ്രതിപ്രഥനം ത്രയൊവിംശത്യക്ഷൌഹിണീപരിവാരഃ പരാക്രാമൻ

വാരാനഷ്ടാദശ ഖലു മയാ യൊദ്ധുമഭ്യാഗതൊസൌ ഭൂയൊ ഭഗ്നൊപ്യഹഹ നിതരാം വഹ്നിവദ്ദീപ്യമാനഃ ദ്വിട്ഠാരൊദ്ഭ്രജ്ജ്വരഇവ പരം സന്നിപാതപ്രകൊപീ യെനാക്രാന്താവയമപിഗതാഹ്യന്തതൊംഭൊധിമദ്ധ്യം

അർജ്ജുനഃ—(സസ്മിതം) സത്യമെതൽ. പരന്തു ചരമസമരാരംഭെ ഭീതെനൈവ സപരിവാരെണ ഭഗവതാ കൃഷ്ണേനാപി പലായിതമിതി നിതരാം ബഹുമാനിതഏവൈഷമഹാവീരഃ. അന്യഥാതു സകലസെനാപ്രണാശനസമിദ്ധെ പ്രഥമയുദ്ധെ,

ബദ്ധഃ പ്രമഥ്യ ബലവാൻ ബലിനാ ബലേന
വ്യാമൊചിതൊ ന ഭവതാ യദി മൃത്യുകൃച്ഛ്രാൽ

ഉത്തിഷ്ഠമാനഉപബൃംഹിതഭൂരിസൈന്യഃ
കിന്നൈഷ സപ്തദശവാരമുപക്രമേത. ൭

വാസു—(സസ്മിതം) സഖേ! ധനഞ്ജയ! ജാനാത്യേവ ഭവാൻ മമ ഹൃദയം. അയംഹി മമ നിഗൂഢതമാശയഃ:—

ഗുണേഷു ബഹുമന്തവ്യാസ്സന്തിഷ്ഠദ്ര്യപി ശത്രവഃ
ദോഷമാത്രപ്രതീകാരകരണം സാധുലക്ഷണം. ൮

അത ഏവേദാനീമപ്യുപേക്ഷ്യ ബ്രഹ്മണ്യതാവദാന്യതാപ്രമുഖഗുണഗണപ്രഖ്യാപനപൂർവ്വകമമും വിജേഷ്യാമഹ ഇത്യേഷ വിപ്രവേഷഗ്രഹണോപയോഗഃ. അന്യച്ച, അനേന സഹാസ്മാകം മഹാസംഗരാസംഗേ ഏതസ്യ ബഹുകാലസാദ്ധ്യതയാ അചിരപ്രതീക്ഷിതം യുധിഷ്ഠിരരാജസൂയമപി വിപ്രകൃഷ്യേത.

ഭീമഃ—ഭവതു. യഥാസമീഹിതം വാസുദേവസ്യ (സർവ്വേ പരിക്രാമന്തി)

വാസു—(ഉച്ചൈഃ) ഭോ ഭോ മഹാജനാഃ! ക്വ മഹാരാജോ ജരാസന്ധഃ? ഏതേ വയം കേചിദതിഥയോ ദ്വിജന്മാനോ മഹാരാജം ദ്രഷ്ടുമഭ്യാഗതാഃ.

(നേപഥ്യേ) 'സ്വാഗതമതിഥിഭ്യോ ബ്രാഹ്മണേഭ്യഃ. ശൃണ്വന്തു ഭവന്തഃ

ഏകോനായുതമുത്തമാൻ നരപതീൻ
യുദ്ധേ നിബദ്ധ്യ ക്രമാ-
ദാഹർത്തും നൃപമേധമൈശ്വരമഖം
കാരാസു രുദ്ധ്വാ പശൂൻ

അന്യം ധർമ്മതനൂജമേവ ചരമം
പശ്യൻ പരശ്രും തം പുന-
ർബുദ്ധ്വാ നേതുമിതോ യിയാസതി ജരാ-
സന്ധസ്സസൈന്യോധുനാ. ൧൦

അപിച സമരയാത്രാപ്രക്രമേഭ്യഃ ഗതേഭ്യ-
സ്സ്വപായമഖിലമഭീഷ്ടം പ്രാപ്യയൽ ബ്രാഹ്മണേഭ്യഃ
അയമുപചിതഭക്തിപ്രഹ്വമൂർത്തിർദ്വിജാനാ-
മഭിഗമനമിദാനീം പ്രാർത്ഥയന്നഭ്യുപാസ്തേ. ൧൧

തദവിളംബിതമേവോപസർപ്പന്തു ഭവന്തോ ദാനശാ
ലാം' ഇതി.

ഭീമഃ—(സഗർവ്വം) അഹോ ദൈവമാത്മരസ്യ രാജ്ഞോ ഗർവ്വാ
തിശയഃ! യദയം ദുസ്സാധമപി കാര്യ്യജാതം സുകരം മ
ന്യതേ. തഥാഹി,

ഭീഷ്മദ്രോണാർജ്ജുനാദ്യൈന്നരഹരിഭിരഥ
ദ്രൌണികർണ്ണാദിഭിർവ്വാ
വീരവ്യാഘ്രൈഃ പരീതം സതതമപി മയാ
ഭീമസേനേന ഗുപ്തം
ഹന്താസൌ രാജസിംഹം യുധി നൃപതിവൃകൈ-
രാവൃതം ധാർത്തരാഷ്ട്രൈ-
ർഗ്ഗോവിന്ദേനാനുയാതം പശുമിവ മനുതേ
സുഗ്രഹം ധർമ്മപുത്രം. ൧൨

അർജ്ജു—ആര്യ്യ ഭീമസേന! ഇയം ഹി മഹാവീരണാം സ്വാഭാ

വിക്രീ ഉത്സാഹശക്തിഃ. യയാ പുനരസാദ്ധ്യകല്പമപി കൎമ്മ സാധയിതുമുത്തിഷ്ഠന്തെ. അഹന്തു മന്യെ സമയഏവാത്രാസ്മാകമിദമാഗമനമിതി. കുതഇതി,

യദി പരമഗമിഷ്യദ്ധൎമ്മസൂനും വിജെതും,
പ്രചലിതബഹുസെനാവാരിരാശിൎന്ന്യപൊയം
കുടിലലഘുരുപായൊ മാഗധദ്ധ്വംസനെസ്മിൻ
പുനരയമഭവിഷ്യന്നിഷ്ഠലൊ മാധവസ്യ. ൫൩

വാസു—(സസ്മിതം) സഖെ! ധനഞ്ജയ! സത്യമെതൽ. തദ്ദുതതരമുപസൎപ്പാമൊ മഗധരാജം (സൎവ്വെ പരിക്രാമന്തി)

അൎജ്ജു—(നിൎവ്വൎണ്ണ്യ) അഹൊ ഉത്സാഹശക്ത്യനുരൂപം മാഹാത്മ്യം മഗധനാഥസ്യ.

ജലധിരിവ ഗഭീരഃ കെവലം മാനുഷാണാം
ജ്വലനഇവ നിതാന്തം ദുഷ്പ്രധൎഷൊരിപൂണാം
നിധിരിവ സുഖദായം മാൎഗ്ഗണാനാം യാചകാനാം
ജയതി ഹൃദയഹാരീ ഭൂസുരാണാം ശശീവ. ൫൪

ഭീമഃ—ഹന്ത! വീരധൎമ്മാനുരൂപം നിൎമ്മാണം പ്രജാപതെഃ. തഥാഹി,

അയം സമരജാംഘികസ്സുദൃഢഗൂഢസന്ധിക്രമഃ
കൃശൊദരമനൊഹരൊ വിതതപീവരൊരസ്ഥലഃ
സുവൃത്തകഠിനായതസ്ഥിരവൃഷാംസബാഹുദ്വയൊ
ഗഭീരവദനെക്ഷണൊ ദിശതി മെ മുദം മാഗധഃ ൫൫

വാസു—അഹൊ ദൎശനീയഎവായം മഗധചക്രവൎത്തീ.
ഏഷഹി,

മന്യെ വിനയഗാംഭീൎയ്യ-
സ്ഥൈൎയ്യൗദാൎയ്യാദിഭിൎഗ്ഗുണൈഃ
അതിശെതെ നൃപാനന്യാൻ;
ക്രൗൎയ്യമസ്യൈകദൂഷണം. ഏന

ഭവതൂപസൎപ്പാമഏനം (അദ്വാരെണ പ്രവിശ്യൊപസൃത്യ)

ത്രയഃ—ജയതുജയതു മഗധമഹാരാജഃ

ജരാസന്ധഃ—(ഉത്ഥായ സപ്രശ്രയമഞ്ജലിം ബദ്ധ്വാ) ഭൊബ്രാഹ്മണാഃ! ഏഷവൊമാഗധൊ ജരാസന്ധഃ പ്രണമതി. ഇതഉപവിശന്തു ഭവന്തഃ

ത്രയഃ—സ്വസ്തി ഭവതെ (ഉപവിശ്യ) അപ്യനാമയം മഹാരാജസ്യ?

രാജാ—അസ്തി കുശലം ബ്രാഹ്മണാനുഗ്രഹാൽ (സ്വഗതം)-
അയെ! കെ പുനരെതെ മഹാനുഭാവാഃ

ബ്രാഹ്മണ്യെപി ക്ഷത്രഭാവം വമന്തൊ
ബ്രഹ്മക്ഷത്രം മിശ്രിതം ദൎശയന്തഃ
ത്രെധാഭ്രതാ ജാമദഗ്ന്യാഇവൈതെ
മാമപ്യന്തസ്സാമ്പ്രതം ചാലയന്തി. ഭ

ഹന്ത! മയാ ദൃഷ്ടപൂൎവ്വാഏവൈതെ ത്രയൊപി. പരന്തുന നിൎണ്ണീയതെ കഏതഇതി. ഏതാവത്തു നിശ്ചിനൊമി,

ജ്യാഘാതവ്രണകിണചിഹ്നിതപ്രകോഷ്ഠാ-
ഗംഭീരസ്വരഗതിവീക്ഷിതാനുഭാവാഃ
വിപ്രത്വം നടവദനുപ്രവിശ്യ മന്യേ
രാജന്യാസ്സമുപഗതാ ഇഹ ത്രയോമീ. പ്രഹ

അപിച, ശാത്രവമസ്മാദൃശാഞ്ചൈതേ നിഗൂഢമുപലക്ഷി പന്തി. ഭവതു പൃച്ഛാമി (പ്രകാശം) അയി ഭോഃ കുത്ര ത്യാഭവന്തഃ? കുത ഇഹാഗമനം?

ബ്രഹ്മരൂപപ്രതിച്ഛന്നാഃ ക്ഷത്രിയാ ഇവ ഭാന്തി നഃ
അദ്വാരേണ പ്രവേശോപി ശങ്കാം ദൃഢയതീവ മേ.

ഭവതു. തഥാപി യദഭ്യർത്ഥിതം ഭവതാം, തൽ കഥയന്തു നിർവ്വിശങ്കമേവ ഭവന്തഃ. യദവിളംബിതമേവ വസ്സാധയതി കാമിതം ജരാസന്ധഃ. കുതഃ,

അർത്ഥിപ്രത്യർത്ഥിജനേ-
ഷ്വപരാങ്മുഖതാമഹാവ്രതം താവൽ
അസ്തി ജരാസന്ധസ്യ
സ്വശിരശ്ഛേദേപ്യവിസ്മയോ യാവൽ. ൨൦

വാസു—അസ്ത്യേതൽ പ്രസിദ്ധമേവ ലോകേഷു മഹാവ്രതം മഗധരാജസ്യ. അതഏവ സുദൂരദേശവാസിനോപി വയം ഭവന്തമഭ്യർത്ഥയിതുമാഗതാഃ. അയി സത്യപ്രതിജ്ഞ! മഹാരാജ! സാധയതു ഭവാനസ്മദഭ്യർത്ഥിതദാനേന ചിരമിഹലോകേ പരത്ര ച പരമം പദം. ശ്രൂയതേ കില,

ദാനെന നശ്വരാണാ-
മപി ദാതാ ശാശ്വതം ഫലം ലഭതെ;
യെന ഹരിശ്ചന്ദ്രശിബി-
പ്രമുഖാബഹവൊഹി പരമപദമാപുഃ. ൨൪

ജരാ—ഏവമെതൽ പുണ്യം യശശ്ചാനശ്വരം ലഭന്തെ ദാതാരഃ.

മന്യെ മാന്യം വദാന്യെഷ്വഹമിഹ ഹി ബലിം
യൊ വിദൻ വിപ്രരൂപ-
ച്ഛന്നായാദാൽ ത്രിധാമ്നെ ത്രിപദമിതി പുരാ
ശത്രവെപി ത്രിലൊകീം
തദ്വൽ സൊഹം ഭവൽഭ്യഃ സ്വയമപി കുഹനാ-
ബ്രാഹ്മണെഭ്യൊൎത്ഥ്യതെ ചെൽ
ഖഡ്ഗെനൊച്ഛിദ്യ സദ്യസ്സ്രുതരുധിരജലം
സ്വം ശിരൊപ്യൎപ്പയാമി. ൨൫

തൽ കഥയ കിമഭ്യൎത്ഥിതം യെന ദീയതെ.

വാസു—ശൃണു ഭൊ രാജൻ!

അന്നമൎത്ഥമഥവാഭിയാചിതും
ബ്രാഹ്മണാന വയമഭ്യുപാഗതാഃ;
ദ്വന്ദ്വയുദ്ധമഭിവാഞ്ഛിതന്ത്വയാ
ക്ഷത്രിയാവയമിഹാൎത്ഥയാമഹെ. ൨൬

ജരാ—(സഹസ്തതാളമുച്ചൈൎവ്വിഹസ്യ. അഹഹ! മഹദെതൽ ഭവതാം ചാപല്യം.

ദാതവ്യം സ്വശിരോപി യസ്യ സമരെ
 ശത്രോശ്ശിരൊ വാ സമാ-
ദാതവ്യം വ്രതമെവമസ്യ തു ജരാ-
 സന്ധസ്യ രാജ്ഞഃ പുരാ
ഹിത്വാ കെവലസാട്ടഹാസസമരാ-
 ഹ്വാനം വൃഥാ വിപ്രവ-
ദ്ദ്യൂഢം യാചിതുമാഗതാസ്ഥ കിമിദം
 കിം ക്ഷത്രിയാനിസ്രൂപം. ൨൪

ഏവം ക്ഷാത്രധൎമ്മപ്രാസമാദദാനാഃ കിന്നാമധെയായൂയം?

വാസു—(സസ്മിതം) ഏതൌ സ്യാതാന്നാമാനതിപരിചതൌ. കിം ന മാമപി ജാനാതി ഭവാൻ ബഹുവാരപരിചിതം?

ജരാ—ന പ്രത്യഭിജാനാമി ദൃഷ്ട ചരമുഖ ചരായാനപി യുഷ്മാൻ.
വാസു—തൎഹി ശൃണു, വിവിച്യ കഥയാമി:—

കുന്തീപുത്രൊ ഭീമസെനഃ കിലാസാ,-
വസ്യ ഭ്രാതാ വീൎയ്യവാനൎജ്ജുനൊയം,
കൃഷ്ണോ നാമ്നാസ്ത്യൈതയൊൎമ്മാതുലെയ-
ശ്ശത്രുസ്ത്വഹം കംസഹാ വാസുദെവഃ. ൨൫

ജരാ—ആഃ! ജ്ഞാതം ജ്ഞാതം സൎവ്വമനുസ്മൃതഞ്ച. അയി കൃഷ്ണ!

സ്ത്രീഹത്യാ പശുഹിംസനം തത ഇതൊ
 ഗൊപാംഗനാജാരതാ
യദ്വാ മാതുലമാരണം ബത! തത-
 ശ്ചാന്യച്ചരിത്രം സ്മൃതം

ആസ്താം തൽ; തവ വിപ്രവെഷരചനാ-
ചരത്മാപിഹ ഭൊ യുജ്യതെ
ത്വത്സംസൎഗ്ഗവശാദിമാവപി കഥം
ക്ഷാത്രച്ച്യുതൌ പൌരവൌ. വന്ത

ഭീമ—(സാവഹിത്ഥസ്മിതം) ഭൊ രാജൻ! അസ്യൈവ ഭവതൊ ഭാഗവതി വാസുദെവെ മാതുലശ്വശുരതാസംബന്ധെന പരിഹാസെ ശാസനെ ലാളനെവാ സ്വാതന്ത്ര്യം. പരന്തു വയമക്ഷമാഃ കാലഹരണസ്യ. തദ്യദി ന ഭീതിഃ പൂരയ പ്രതിജ്ഞാം.

ജരാ—ആഃ! കഥം ജരാസന്ധസ്യാപി ഭീതിഃ. സാധയാമ സ്താവൽ പ്രതിശ്രുതം.

വാസു—അഥ ത്രിഷ്വസ്മാസു കെന വാ ദ്വന്ദ്വയുദ്ധം ഭവതൊഭിമതം?

ജരാ—കഥം ത്രിഷ്വസ്മാസു കെനവെതി ഭവന്തൊ മാമനുകമ്പന്തെ?

സ്യാതാഞ്ചെന്നമൃതൌ തു ഹംസഡിഭകൌ
ശിഷ്യാവമൂഭ്യാം സമം
യുഷ്മാംസ്ത്രീനപി നിൎവ്വിശെഷമധുനൈ-
വായൊധയിഷ്യം രണെ
അദ്യൈകൊസ്മി തതഃ പൃഥക്പൃഥഗഹം
ദ്വന്ദ്വാഹവെ സാഹസീ
സൎവ്വാൻ പാതയിതാസ്മി പശ്യത ജരാ
സന്ധസ്യ ദൊൎവ്വിക്രമം. വ൧

അൎജ്ജു—(സസ്മിതം) ഭോ മഹാവീര! മഗധരാജ! മാ ഭവാ-
നേവമസാദ്ധ്യ കൎമ്മണ്യത്യാവേശോഭവതഃ. ഇ
യമത്രാസ്മാകം ശപഥപൂൎവ്വികാ വ്യവസ്ഥാ—

യദ്യേകൊവിജിതസ്സ്യാ-
ദസ്മ സ്മ വയം തദാ ജിതാസ്സൎവ്വേ;
പ്രാണപണന്ദ്വന്ദ്വരണം
പ്രവൎത്തയെയകെന തേന ത്വമസ്മാഃ സ്മഃ. വവ്യ -

ഭീമ—സത്യമാഹ ധനഞ്ജയഃ. തദെകതമം ഗൃഹ്ണാതുഭവാസ്മ
ത്തോ ഭവാൻ.

ജരാ—ഹന്ത വിമാനിതോസ്മ്യനയാ ഭവാ വ്യവസ്ഥയാ.
ഹും! ഭവതു.

വാസു—രാജൻ! നൈഷാ വിമാനനാ നാമ. കിന്തുഭവദ്വയ
ഷാമപി ലഘൂകരണമായാസന്ന്യ.

ജരാ—അസ്തു യഥാ ഭവൽഭ്യോ രോചതേ. അഥ യദി മദ
ഭിമതേന പ്രതിമല്ലവരണം. തത്ര വക്ഷ്യാമി;

കൃഷ്ണ! ത്വം ന രണേ മതോസി മധുരാം
ഹിത്വൈവ യസ്ത്വാം പുരീം
മൽഭീതസ്സഗണഃ പലായ്യ ജലധി-
ദ്വീപം ശ്രിതോസീതി യൽ
ത്വൽഭ്രാതാതു തഥാവിധോപി മുസലീ
യദ്യാഗതസ്സ്യാൽ പുന-
ശ്ശിക്ഷാദക്ഷതയാ ക്ഷണം രണമുഖെ
ധീരസ്സ മെ രോചതേ. വന

F *

വാസു—അയി വീര! കിമനാഗതപ്രസംഗേന? യദ്യഹന്നാ
ഭിമതസ്തൎഹ്യനയൊരെകം വൃണീഷ്വ.

ജരാ—യുജ്യതെ. അൎജ്ജുനൊപി

യദ്യപ്യസാവുപഗതൊ ധനുഷി പ്രതിഷ്ഠാം
നാതിപ്രതീത ഇഹ മെ പ്രതിമല്ലതായാം;
സത്വെ വയസ്യപി ന മെ സമ ഇത്യമുഷ്മിൻ
ദ്വന്ദ്വാഹവപ്രണയിനൊ മമ കിന്ത്വനാസ്ഥാ. ൧൦

ഭീമഃ—(സ്വഗതം) അഥാവശിഷ്ടതയാ മമൈവായം ഭാഗഃ.

ജരാ—(ഭീമം വിലോക്യ സസ്മിതം) അഥാവശിഷ്ടതയാ മ
മൈവായം ഭാഗഃ.

അയം സമരജാംഘികസ്സുദൃഢഗൂഢസന്ധിക്രമഃ
കൃശൊദരമനൊഹരൊ വിതതപീവരൊരസ്ഥലഃ
സുവൃത്തകഠിനായതസ്ഥിരവൃഷാംസബാഹുദ്വയൊ
ഗഭീരവദനെക്ഷണൊ ദിശതി മെ മുദം പാണ്ഡവഃ

ഭീമഃ—(സൊല്ലാസഹാസം) ഹന്ത കൃതാൎത്ഥൊസ്മി.

അഹൊ മമ ചിരെപ്സിതാ രുചിരിയം സമാസാദിതാ;
സമൃദ്ധതരിപുഗ്രഹാത്സഫലൊപ്യെഷ ദൊൎവ്വിക്രമഃ;
യദദ്യ ബഹുസാഹസപ്രിയതയാ രണെ സമ്മതൊ
ജരാതനയഭൂപതിഃ പ്രതിഭടത്വമാഢൌകതെ. ൧൧

വാസുദേവാൎജ്ജുനൌ—പ്രിയം നഃ പ്രിയം.

ജരാ—(പരിജനം വിലൊക്യ) ഗഛ ദൌവാരിക! ആയുധ

ശാലായാത്രാവയോർഭുജബലാനുരൂപം ഗദാദ്വയമു
പഹര.

ദൌവാരികഃ—യദാജ്ഞാപയതി മഹാരാജഃ (നിഷ്ക്രാന്തഃ)

ജരാ—അയി ഭീമസേന! ഇഹ ഖലാവാവയോർദ്വന്ദ്വയു
ദ്ധാരംഭേ ഇയം വ്യവസ്ഥാ കൎത്തവ്യാ.

ഭീമ—ആജ്ഞാപയതു മഗധമഹാരാജഃ.

ജരാ—സമിതി ജനസമക്ഷം രന്ധ്രമന്വിഷ്യ ശത്രോ-
സ്സമുദിതഭുജശിക്ഷം യുദ്ധമാരംഭിതവ്യം;
സമരവിരതികാലേ സ്നാനശയ്യാശനാദൌ
സമവിഭവമഭിന്നം മിത്രവദ്വൎത്തിതവ്യം. ൩൨

അപിച—അനുദിനമപരാഹ്നേ സംഗരാരംഭമേവം
സവിതരി പുനരസ്തം യാതി വിശ്രാമമേവ;
പ്രതിഭടപതനാന്തേ ചാസ്തു സഖ്യം കുലേ നാ-
വിതി ഭവതു നിബദ്ധാ ദ്വന്ദ്വയുദ്ധവ്യവസ്ഥാ. ൩൩

ഭീമ—അഹോ ഉദാരേയം യുദ്ധവ്യവസ്ഥാ.

വാസു—തദനുമോദാമഹേ വയം സൎവ്വേപി.

അൎജ്ജു—(സ്വഗതം) ഇയമേവ മഹാനുഭാവാനാം മഹാഭാ
ഗ്യസമ്പൽ.

ധൈൎയ്യം വിവൃണുതേ വീൎയ്യ-
മൌദാൎയ്യം സ്ഥൈൎയ്യമശ്നുതേ.
അഹോ മഗധരാജസ്യ
മാഹാത്മ്യം സൎവ്വതോമുഖം. ൩൪

(പ്രകാശം) അയി മഹാരാജ! മഹാനയം പ്രസാദഃ കൌരവെഷു.

ജരാ—(കഞ്ചുകിനം പ്രതി) ആൎയ്യ വൈശമ്പായന! ഇമാമസ്മാകം ദ്വന്ദ്വയുദ്ധവ്യവസ്ഥാം കുമാരസഹദേവമുഖെന സൎവ്വത്ര പ്രജാസു പ്രഖ്യാപയ.

കഞ്ചു—തഥാ (നിഷ്ക്രാന്തഃ)

ദൌവാ—(ഗദായുഗളെന പ്രവിശ്യ) മഹാരാജ! ഇദം ഗദാദ്വയം (അൎപ്പയതി)

ജരാ—അയി വീര! ഭീമസേന! ഗൃഹാണ സ്വഭുജാനുരൂപാം ഗദാം.

ഭീമ—(സസ്മിതം) ഏവമസ്തു. ഭവാനപി ഗൃഹ്ണാതു (ഏകാം ഗൃഹീത്വാ കമ്പയതി)

ജരാ—(അപരാം ഗൃഹീത്വാ) ഏഹി-സമരൊചിതാം ഭുവമവതാരവഃ (സാടോപം പരിക്രമ്യ സപരിവാരൌ നിഷ്ക്രാന്തൌ)

വാസു- സഖെ! പശ്യ പശ്യ പ്രവൃത്തമാത്രയൊരെവ ദ്വന്ദ്വയുദ്ധായ ജരാസന്ധഭീമയൊഃ—

വ്യാവിദ്ധപ്രസൃതൊരുകാണ്ഡവിവനൈ-
രാവെദ്യമാനാ ഇവ
വ്യാക്ഷിപ്തൊഗ്രഗദാചടച്ചടരവൈ-
രാഹൂയമാനാ ഇവ
ഏതെ വ്യൊമ്നി നിരന്തരാഗതിമിള-
ന്നാനാവിമാനാകുലാ-
വ്യാസെധാൽ പതയാളവഃ കതിപയെ
ഗന്ധൎവ്വവിദ്യാധരാഃ. ൧൭

(തതഃ പ്രവിശതോ ഗഗനപതനമഭിനയന്തൌ ഗന്ധ
വ്വവിദ്യാധരൌ)

അജ്ജു—അഹൊ പ്രക്രാന്തമെവ മഹതാ സംരഭെണൊഭാ
ഭ്യാമപി നിവ്വിശെഷം യൊദ്ധും-തദാവാമപ്യന്തികവ
ത്തിനൌ സമ്യഗപിലൊകയാവഃ.

വാസു—തഥാസ്തു. (നിഷ്ക്രാന്തൌ)

ഗന്ധവ്വഃ—(വിദ്യാധരെണ സഹാവതരണം രൂപയിത്വാ).
അഹൊ ദിവ്യമാനുഷദിവസയൊമ്മഹദന്തരം! അദ്യ
യാവദാവാം വ്യൊമയാനപദ്ധതെഃ പ്രഭൃതജനസംബാ
ധതയാ നിപതിതൌ ഷഡ്വിംശതിനിമെഷാന്തരെ
ണ ഭുവമവതീണ്ണൌ; താവൽ ധരണ്യാം ഷഡ്വിംശ
തിദിനാന്യതീതാനി. തഥാഹി,

ദിവാ ഗുരുഗദാഹതിപ്രകടപാ-
ടവം യുദ്ധ്യതൊ-
ന്നിശാസു സഖിവത്സുഖം നൃപഗൃഹെ
സമന്തിഷ്ഠതൊഃ
ജരാതനയഭീമയൊരപരിഹാ-
യ്യസംരംഭയൊ-
രയന്തു ദിവസഃ പരം ചരതി സ-
പ്തവിംശഃ കില. ൩൭

വിദ്യാ—ഏവമെവൈതൽ. അദ്യത്തു പുനസ്സപ്തവിംശെപി
ദിനെ,

ഉന്മൂല്യോഗ്രാന്ധകാരം രജനിചരമഥ
ച്ഛായയാനപാസ്യമാന-
ന്നുൽസോദയ്യേവ തസ്യാമൃത ഗഗനചരം
പുത്രമുൽപാദ്യ ഭൂയഃ
പശ്യായം പാവനാത്മാ നിജകരമഹസാ
വിശ്വജിദപിഷ്ണുചക്ഷു-
ർഭിന്ദാനൊവ്യൊമമംഗ്ഗം ദ്രുഢമിഹ സവിതാ
ഭീമത്രുപസ്സമിന്ധെ. നവ്യ

കിഞ്ച യുഗാന്തരമതിത്രുഢെ ഭഗവതി മരീചി
മാലിനി,

കൃതാഹാരൌ വീരൌ കരകലിതച-
ഞ്ചൽഗുരുഗദാ-
വുഭാഭ്യാം കൃഷ്ണാഭ്യാമവിരഹിതപാർ-
ശ്വൌ സമബലൌ
ജരാസന്ധൊ ഭീമൊപ്യധികജനസ-
മ്പാതസുഭഗാം
രണക്ഷോണീം ക്ഷൊദീകൃതമുദമുപെ-
ത്യാവതരതഃ. നന്ദ

ഗന്ധൎവ്വഃ—ഇമൌ പുനരവതീൎയ്യ രണധരണിം, ആളൌ സ
ഖിവൽ സസ്മിതം പരസ്പരകരഗ്രഹണപൂൎവ്വകം കിമ
പ്യഭിമന്ത്ര്യ, പശ്ചാദപസൃത്യൈൗ, ദ്രുഢതരകരതലാസ്ഫാ
ലനമുഖരം സാമമെവാഭിപത്യാന്യോന്യമുപസൎപ്പ
ന്തൌ, വാമകക്ഷാനിഹിതഗുരുഗദാദണ്ഡം വ്യത്യ

ന്യോഭയകരതലസ്പൃഷ്ടവസുധമവനതശീർഷമഭിവാദ്യ യന്തൌ ഗുരുജനം, ദക്ഷിണഭുജോത്തംഭിതഗദാപ്രകമ്പനഗംഭീരമുൽഗളിതഹുങ്കാരമുൽപത്യ സവ്യാപസവ്യക്രമേണ വ്യതിഷക്തഗതിസാടോപപാദപാതപ്രകമ്പിതക്ഷിതലമുത്ഥാപിതധൂളീജാലം പരിക്രാമന്തൌ, പരിപശ്യന്തൌ പരപ്രഹാരരന്ധ്രാൻ, പരിഹരന്തൌ നിജരന്ധ്രമാർഗ്ഗാൻ, പാതയന്തൌ ഗദാമനുസൃഷിരദർശനം, വാരയന്തൌ പ്രതിഗദാപ്രചാരൈരരിഗദാഭിഘാതാൻ, കദാചിദുത്സർപ്പണാപസർപ്പണാംഗലോളനാദൈർവ്യർത്ഥയന്തൌ ശത്രുപ്രയോഗാൻ, കദാചന സഫലയന്തൌ നിജപ്രയാസാൻ, കദാപി മുഞ്ചന്തൌ പ്രഹാരാരാവാപഹാസികരോരാട്ടഹാസാൻ, 'പശ്യ, വാരയ, ഭഗ്നോസി, നഷ്ടോസീ'ത്യാദിവീരവാദമുഖരിതമുഖമഖണ്ഡിതസംരംഭമവിശേഷിതപരസ്പരമവിരതചടച്ചടായിതഗദാരടിതമാഹ്ലാദിതവീരകലാകമത്യത്ഭുതം ദ്വന്ദ്വയുദ്ധം കുരുതഃ—

(കിഞ്ചിദിവ സ്മിത്വാ) ഹന്ത പശ്യേദമാശ്ചര്യം!

രന്ധ്രാന്വേഷണതല്പരേണ ബലിനാ
ഭീമോ ജരാജന്മനാ
മൂർദ്ധന്യേവ ഹതോ വിമോഹമയതേ
വിസ്രസ്തഗാത്രഃ പതൻ
വീരോയം മഗധാധിപസ്തു ശനകൈ-
ർഗ്ഗുർവ്വീം ഗദാം ഭ്രാമയൻ
ഭൂയോയോദ്ധുമനാസ്സമന്നിവ രിപോ-
രുത്ഥാനമാകാങ്ക്ഷതേ. ൩൦

വിദ്യാ—(സസ്മിതം) ഇദന്തദ്വീരലക്ഷണന്നാമ. പശ്യ.

ഭീമോയം പതിതോത്ഥിതസ്സരഭസം
വ്യാധൂയ ഗാത്രം ഹസൻ
ഭോ വീരോസി സഹസ്വ മേ പ്രഹരമി-
ത്യുച്ചസ്വരം വ്യാഹരൻ
മൂർദ്ധാഘാതമിവാഭിലക്ഷ്യ സഹസൈ-
വോദ്യമ്യ ഗുർവ്വീം ഗദാം
വാമം പാർശ്വമഥാഭിഹത്യ പതതോ
ഗൃഹ്ണാതി ശത്രോർവ്വപുഃ ൪൫

ആശ്ചര്യ്യമാശ്ചര്യ്യം! അഥ സമുത്ഥിതേ ജരാസന്ധേ-ഉഭാവപി നിരന്തരനാനാവിധചംക്രമണചഞ്ചൂര്യ്യമാണരേണുജാലതയാ ലാഘവേന ച ദുർല്ലക്ഷ്യരൂപം പരിഭ്രമന്തൌ ചടചടായിതപരസ്പരഗദാപ്രഹാരസഞ്ചൂർണ്ണിതോഭയഗദൌ സമുദിതസംരംഭതയാ മുഹുരപി മുഷ്ടീമുഷ്ടിതലാതലിനഖാനഖിജാനുജാനവിദന്താദന്തിശീർഷാശീർഷി ച ശിക്ഷാദക്ഷതയാ പ്രകടയന്തൌ പുനരപി നിർവ്വിശേഷം യുദ്ധ്യതഃ-

ഗന്ധർവ്വഃ—അഹോ ചിത്രം ചിത്രം!

സരഭസമഭിപത്യ ഭീമസേനം
ഭുജയുഗളേന നിഗൃഹ്യ മാഗധേന്ദ്രഃ
ഉപരി തൃണമിവോൽക്ഷിപൻ വിദൂരേ
ക്ഷിപതി വിസൃത്വരനിഷ്ഠുരാട്ടഹാസം. ൪൬

വിദ്യാ—ഹന്ത! കൃതപ്രതികൃതന്നാമേദം. അയമസാവു
ത്ഥായ,

വിനമ്രിതവപുഃ പുനർവ്വികടപാ-
ദപാതം ചലൻ
വൃകോദരമുൽത്വരഃ പദഗളഗ്ര-
ഹോൽപിണ്ഡിതം.
പ്രഹാസമുഖരാനനഃ കിമപി
കന്ദുകക്രീഡയാ
ജരാതനയമുച്ചകൈഃ ക്ഷിപതി ഹന്ത!
ഗൃഹ്ണാതി ച. ൪൩

ഗന്ധർവ്വഃ—അസാവപി വൃകോദരകരാദുൽപ്ലുത്യ,

വീരശ്രീമാഗധേന്ദ്രഃ പരിഭവകലുഷീ-
ഭൂതചേതാഃ പ്രസർപ്പൻ
ദോർഭ്യാമാശ്ലിഷ്യ ഗൃഹ്ണൻ വിനമിതശിരസം
കക്ഷയോരുൽക്ഷിപംശ്ച
ആഹത്യാഹത്യ ഭൂമൌ വിഗളിതരുധിര-
പ്രസ്രവാത്യാർദ്രമൂർത്തിം
ഹുങ്കുർവ്വാണശ്ശിലായാം രജകഇവ പടം
ഭീമസേനം പിനഷ്ടി. ൪൪

അഹോ ജിതമിവ ജരാസന്ധേന. യദിദാനീം,

പതിതോത്ഥിതോപി ഭീമഃ
പരിപന്ഥിനമാകലയ്യ ദുർവ്വിഷഹം

പരിഗളിതവീൎയ്യഗൎവ്വഃ
പരിതഃ പശ്യതി പരാമൃശംശ്ചിന്താം. ൪൫

ഹന്ത! നാസ്യ കിമപ്യവലംബനം പശ്യാമി. സമ്പ്രതി ഹി,

കൎണ്ണേ കിമപി പാൎത്ഥേന മന്ത്രിതൊപ്യേഷമാധവഃ
ഉദാസ്തഏവ വൈലക്ഷ്യാദ്വിടപം പാടയന്നിവ॥

വിദ്യാ—അരെ മൂഢ! കിന്ത്വം ജാനാസി ഭഗവതഃ കുഹനാമാനുഷസ്യ വാസുദേവസ്യ മായാപ്രപഞ്ചം? ഏഷ ഹി ദൎശയതൈവ്യ വിടപപാടനസംജ്ഞയാ ഭീമായ ശത്രുവധൊപായം. ഹന്ത പശ്യേദാനീം,

അയം ഭീമൊ ഭൂയസ്സമുദിതബലൊ-
ത്സേകമഹിമാ
പരെ ഗൃഹ്ണഞ്ഛത്രും സരഭസമഥൊൽ-
ക്ഷിപ്യ വിനദൻ
മുഹുൎവ്വ്യോമ്നി വ്യുൽഭ്രാമയതി വിതതീ-
ഭൂതവപുഷം
ഗളൽസന്ധിഗ്രന്ഥിം ഭുവി പടുരവം
പാതയതി ച. ൪൬

(സാശ്ചൎയ്യം) അപി ച-പശ്യ പശ്യ,

വാമം പാദം പദാക്രമ്യ തു പദമപരം
ഹന്ത! ദോൎഭ്യാം പ്രഗൃഹ്ണം-
സ്ഥൂലം ഹസ്തീവ മത്തഃ പ്രകടചടചടാൽ-
കാരമുച്ചാട്ടഹാസഃ

ഭീമോ ഭീമം ജരാസന്ധമിഹ ഗ്രഹതഃ
പാദമത്ത്യാശിരസ്കം
ദ്വേധാഭൂതഞ്ച പശ്ചാൽ ക്ഷിപതി വിപരിവൃ-
ത്താംഗമത്യുഗ്രകർമ്മാ॥ ൪൭

(നേപഥ്യേ മഹാൻ കളകളഃ)

ഗന്ധർവ്വഃ—അഹോ കഷ്ടം! കഷ്ടം!! ആശ്ചര്യഞ്ച.

ഏകശ്രുതിനയനഭുജ-
സ്തനവൃഷണാർദ്ധ്വാംഘ്രിശകലിതാം ദ്വേധാ
വീക്ഷ്യ ജരാസന്ധവപു-
ർഹാഹാകാരം കരോതി ജനസംഘഃ. ൪൮

വിദ്യാ—അഹോ ജിതം ജിതം ഭീമസേനേന—അയംഹി,

ശപ്തസന്നദ്ധൈർജ്ജൈത്രൈയഃ പ്രഭവിതുരരാതേഃ പ്രഹൃതിഭി-
സ്സ്രുതാം രക്തധാരായാമരിജയപതാകാമിവവഹൻ
സഖിഭ്യാം കൃഷ്ണാഭ്യാം സമമുഭയപാർശ്വാശ്രിതഗതീ-
രണശ്ലാഘീ ഭീമസ്സുരസമിതഏവാഭിസരതി॥ ൪൯

(പുനഃ പ്രവിശതി ഭീമസേനോ വാസുദേവാർജ്ജുനാഭ്യാം)

ഗന്ധർവ്വഃ—തദാവാഭ്യാമപ്യുൽപതിതഗഗനാഭ്യാം ഗന്തവ്യം. യദവസിതസ്സാമ്പ്രതം സമരവിധിഃ.

വിദ്യാ—നനുഭിനന്ദനീയോ വിജയീ വൃകോദരഃ?

ഗന്ധർവ്വഃ—ഏവമസ്തു.

ഉഭൌ—(ഉപസൃത്യ) ജയതു ജയതു ജരാസന്ധവിജയീ വാസു
ദേവസഹായോധനഞ്ജയാഗ്രജന്മാ (നിഷ്ക്രാന്തൌ)

വാസു—(സഹൎഷസ്നേഹബഹുമാനം ഭീമമാശ്ലിഷ്യ) ആൎയ്യ
പവമാനനന്ദന! പരിശ്രാന്തോസി മഹതാ വ്യാപാ
രേണ. തദിതആസ്യതാന്താവൽ.

സൎവ്വേ—(യഥാക്രമമുപവിശന്തി)

ഭീമഃ—അയി! ഭഗവൻ! വാസുദേവ!

അതിമഹാനയമീദൃശഉദ്യമ-
ശ്ശ്രമകരോപി ഭവൽകരുണാബലാൽ
സഫലതാമുപഗമ്യ മമ സ്വയം
ശ്രമഹരോജനി നിൎവൃതിദായകഃ. ൩

പരന്തു തത്താദൃശസ്യമഹാവീരസ്യ വിരഹേണ മന്യേ
ഭൂരിയമനാഥാ സംവൃത്തേതി (സനിൎവ്വേദം) അസ്യ പു
നൎമ്മഹാവീരസ്യൈതേ ഗുണാഏവ പരിണതിപരി
പന്ഥിനസ്സംവൃത്താഃ. തദുപാലപ്സ്യേ താവദേനാൻ.

ഗാംഭീൎയ്യ! ത്വമനാസ്പദം ഹതമസി,
ബ്രഹ്മണ്യതേ! കാ ഗതി-
ൎവ്വിച്ഛിന്നാസി വദാന്യതേ! പ്രശിഥിലാ-
സി ത്വം പ്രജാപാലതേ!
രേ രേ നിഷ്ഠുരവീരധൎമ്മ! സഹസാ
മൂലേ കുഠാരസ്ത്വയാ
ന്യാത്മന്യേവ നിപാതിതോ യദധുനാ
രാജാ ഹതോ മാഗധഃ. ൪

അൎജ്ജു—ആൎയ്യ ഭീമസെന! വീരഗൊഷ്ഠീഷു പരാങ്കാഷ്ഠാമധിഷ്ഠിതൊസി യജ്ജരാസന്ധമപി ജിതവാനസി. പരന്തു അഹന്താവദ്ഭവന്തമനുശൊചാമി.

ഏതാദൃശം രത്നവിശെഷമുച്ചൈഃ
പ്രദൎശ്യ ലൊകപ്രതിലൊഭനായ,
ആഹരാദ്ധ്യ ചാശാവ്‌ വശൈൎമ്മനുഷ്യൈഃ
കഷ്ടം പുനഃ ക്രീഡതി ദൃഷ്ടദിഷ്ടം. ൩൨

വാസു—സഖെ ധനഞ്ജയ! കാമമനുശോചനീയ ഏവ മഗധരാജവിലയഃ. തഥാപി കിമതീതകാൎയ്യാനുശയെന?

കിഞ്ച—ഏതാദൃശഗുണഭാജന-
മെനം വിനിപാത്യ മഗധനരനാഥം
ജാതസ്യ മൃത്യുരെവം
ജായതഏവെതി ദൎശയതി നിയതിഃ. ൩൩

തദിദാനീമുപരികൎത്തവ്യകാൎയ്യെഷു പ്രയതാമഹെ.

മാഗധമന്ത്രീ—(പ്രവിശ്യ) ജയതു ജയതു മഹാവീരൊ ഭീമസെനഃ. നമൊ വാസുദെവാൎജ്ജുനാഭ്യാം. ഏഷ കുമാരസഹദെവൊ വിജ്ഞാപയതി യഥാ "പ്രജാനാഥപ്രളയപരിചിതൈഃ പൌരജാനപദൈസ്സാൎദ്ധം പിതൃവിയൊഗദുഃഖിതാ അപി സകുഡുംബാ വയം ദ്വന്ദ്വയുദ്ധവ്യവസ്ഥാനുസാരെണ ഭവദധീനാസ്സംവൃത്താഃ. തദ്വിധീയതാമിതഃ പരം കിങ്കൎത്തവ്യ"മിതി.

വാസു —(സസ്മിതം) അയി മന്ത്രിമുഖ്യ! സത്യസന്ധതാദിഭി ഗ്ഗുണൈഃ പിതരമനുസന്ധത്തേ പുത്രഇതി നാത്യാശ്ചര്യ്യം. തദിജ്ഞാപയ മഗധരാജകുമാരം. യഥാ "അനയൈവ വ്യവസ്ഥയാ ഭവദായത്താവയമപി. ഇയമേവ ഹി മൈത്രീനാമ. തദിചിന്തയാമഃ കൃത്യശേഷം. തഥാഹി,

പിത്രാ തേ നൃപമേധകമ്മണി പശു-
കൃത്യാഹൃതാദ്ഭൂമിപാ-
മ്മുച്യന്താം പ്രഥമം; വൃഥാ പരവരി-
ക്ലേശഃ പരം വാഞ്ഛതാം;
ഏതൈമ്മോചിതവൃജിതൈസ്സഹ മഹാ-
രാജസ്യ യുഷ്മൽപിതു-
സ്സംസ്കാരോപി ചിതാദപയേ വിധിവദാ-
ചാര്യ്യൈസ്സമാരഭ്യതാം. ൩൪

യതോജന്മാനുഗുണൈവാപരക്രിയാശോഭതേ. ദൈപമാതുരഃ ഖലപായം.

തത്രച വയമപി മഹാരാജശവശകലയുഗളാനുയായിനസ്സന്നിധാസ്യാമഹേ. പരഞ്ച ഭവന്തമേവ മഗധമഹാരാജപദേഭിഷേക്ഷ്യാമഹ" ഇതി.

മന്ത്രി — ദേവ മഹാൻ പ്രസാദഃ (നിഷ്ക്രാന്തഃ)

വാസു — ആര്യ്യ പവമാനസൂനോ! ഭവദപദാനേഷു പ്രകൃഷ്ടതമമേതൽ ജരാസന്ധവധരൂപകം കമ്മ പശ്യവസി

തം. തൽകിന്തെ ഭൂയഃ പ്രിയമുപഹരാമി?

ഭീമഃ—ഭഗവൻ വാസുദേവ!

ആദായ ദ്വിജകൈതവം പ്രകടിതാ-
രാജ്ഞാ ജരാജന്മനോ
ഭ്രാതൃഭ്യാമിഹ നോ രണേ ച നിഹത-
സ്സോയം ബലീ മാഗധഃ
ആര്യസ്യാപി ച രാജസൂയകലിതാ-
കാംക്ഷസ്യ ധർമ്മാത്മന-
സ്സൌകര്യം പ്രതിപാദിതം; കിമപരം?
സർവ്വം സമാസാദിതം. ൨൨

തഥാപീദമസ്തു.

(ഭരതവാക്യം)

അസ്തു സർവ്വത്ര ഭൂപാനാം
ധർമ്മസംരക്ഷണോദ്യമഃ
സർവ്വേ ഭവന്തു സുഖിന-
സ്സദാ ഭവതു മംഗളം.

(നിഷ്ക്രാന്താസ്സർവ്വേ)

ജരാസന്ധവ്യായോഗസ്സമാപ്തഃ.

## ഏഴാംകത്ത്

കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾക്ക്

നമ്പർ 1

കൊടുങ്ങല്ലൂർ

30—10—65

ഒട്ടേറെപ്പേരു കേൾക്കുമ്പടി ഗുണമതിയായ്-
കൂട്ടിട്ടും കോട്ടയത്താ-
ക്കൊട്ടാരത്തിങ്കൽ വാഴും വരകവിമണിയാ-
മുണ്ണി ശങ്കുണ്ണി കാണ്മാൻ
തട്ടും പ്രീതിപ്രവാഹത്തൊടു ചരമപയോ-
ധീശനായോരു കുഞ്ഞി-
കുട്ടൻ മുൻപിൽക്കുറിക്കുന്നൊരു മമതമര-
ക്കാതലാം കത്തിതല്ലോ: 1

ഞാനുണ്ടാക്കിയ ദക്ഷയാഗമവിടെ-
പ്പുത്രാധിപക്കായ് കൊടു-
ത്തേ,നുണ്ടാപ്രതിയിൽപ്പുരം പിഴ സഖേ!
പ്രത്യക്ഷരം പാർക്കുകിൽ;
താനിങ്ങൽക്കിടയാക്കിടാതെ പരിശോ-
ധിച്ചായതൊക്കും രസ-
ത്തോനുണ്ടീടണമെങ്കിലേ പരുഗുണം
ബുക്കച്ചടിച്ചീടുവാൻ. 2

അമാന്തമിന്നായതിനന്യജോലി-
ക്രമത്തഴച്ചുണ്ടു പറഞ്ഞൊഴിഞ്ഞാൽ

സമന്തിരക്കും പിഴകൊണ്ടു ശ്രദ്ധ-
മമാന്തമാമച്ചടിയോൎമ്മവേണം. 3

എഴുത്തു കിട്ടീടിന വൎത്തമാനം
പഴുത്തുകാട്ടും മറകത്തു കാട്ടി
വഴുത്തു കിട്ടിക്ക മമത്വമെന്നോ
കൊഴുത്തുകെട്ടു കൌതുകം മനസ്സിൽ. 4

---

നമ്പർ 2

കൊടുങ്ങല്ലൂർ
13—11—65

കത്തും പുസ്തകവും കവിവ്രജമണേ!
കയ്യിൽക്കിടച്ചു നമു-
ക്കെത്തുംപാടിനുത്തരം തീൎത്തുടനയ-
ച്ചീടുന്നു കേടെന്നിയേ;
ചിത്തം പാളിന മട്ടു ഞാനെഴുതിയോ-
രീ "ലക്ഷണാസംഗ"വും
കൃത്യം പാൎത്തു ഭവാനിതിൻകുറവു ക-
ണ്ടിങ്ങോട്ടയച്ചീടണം. 1

ഗുണങ്ങളുണ്ടെങ്കിലുമോതിടേണ്ടാ,
ഗുണജ്ഞ! തെറ്റങ്ങിനെയല്ലതാനും
ക്ഷണം പറഞ്ഞീടണമിങ്ങു കാട്ടി-
യിണക്കിലേ മേൽപ്പിഴ തീൎന്നുകിട്ടു. 2

ഇല്ലോകം ഗുണമോതിടും, പിഴ മറി-
ച്ചാലും കഥിക്കില്ലതെ-
ന്നല്ലോ കണ്ടുവരുന്നതെന്നു കരുതി-
ക്കൊണ്ടിന്നു മിണ്ടായ്കിലോ

ചൊല്ലാം ഞാനൊരു തെററു പാരമറിവു-
ണ്ടാവില്ല, ചോട്ടുള്ളവ-
ക്കെല്ലാം കാവ്യഗുണജ്ഞ! ശിക്ഷയതുകൊ-
ണ്ടഭ്യാസമെന്നല്ലയോ? 3

ഇല്ലാ നമുക്കങ്ങറിവേവമോരോ-
ന്നെല്ലാമുരപ്പാൻ തുടരേണ്ട താനും;
ചൊല്ലാമറിഞ്ഞെങ്കിലതത്രയുള്ളു-
വെല്ലാർക്കുമെല്ലാമറിയാവതാമോ? 4

രഞ്ജിപ്പേറുന്ന ശങ്കുണ്ണി-
യഞ്ജസാ കണ്ടുകൊള്ളുവാൻ
കുഞ്ഞിക്കുട്ടനയയ്ക്കുന്ന
കുഞ്ഞിശ്ലോകങ്ങളാണിതു്. 5

---

നമ്പർ 3

കൊടുങ്ങല്ലൂർ
2—12—65

അഞ്ചാതങ്ങു കുറിച്ചയച്ച രസിക-
ക്കത്തിങ്ങു കിട്ടീ; രസം
തഞ്ചുമ്മാതിരി രണ്ടു വട്ടമതുടൻ
വാങ്ങിച്ചു വായിച്ചു ഞാൻ;
തഞ്ചംനോക്കി രസത്തിനായ് പറകയ-
ല്ലൊന്നാന്തരം തന്നെയായ്
നെഞ്ചിൽക്കിഞ്ചന ശങ്ക വേണ്ടയി! ഭവാൻ
ഗ്രന്ഥങ്ങളുണ്ടാക്കണേ. 1

ദേനാന്തമ്മിൽക്കണ്ടറിഞ്ഞിട്ടൊരു പരിചയമി-
ല്ലെങ്കിലും കത്തുമൂലം
സ്വാന്തമ്മേളിച്ചു വാച്ചീടിന മമത തടി-
ച്ചെന്നു ചൊല്ലേണ്ടതുണ്ടോ?
ഏന്തുമ്മഞ്ജുതാമേറും കവിപാദപദവീ-
വാസമാഹാത്മ്യനിഘ്ന-
ഭ്രാന്തന്മാരായവർക്കീപ്പരിചയമതുകൊ-
ണ്ടെന്തുമോതാവതല്ലേ? 2

കൊച്ചുണ്ണിഭൂപനിഹ "ഫൽഗുനവീര്യ"മെന്ന
മെച്ചം നിറഞ്ഞ നവ്യനാടകരത്നമിപ്പോൾ
പ്രച്ഛന്നമായ് പരിചിനോടെഴുതുന്നതുണ്ട-
തച്ഛിന്നഭംഗി വഴിയേ വെളിവാകുമത്രേ. 3

ചൊല്ലുമ്പൊളിദ്ദിക്കിൽ വിശേഷമൊന്നു-
മില്ലെൻപ്രസന്നോത്തമകാവ്യസിന്ധോ!
എല്ലാം ക്രമത്താൽ വഴിപോലെ കത്തായ്
ചൊല്ലാം നമുക്കിങ്ങിനെ കാണുവോളം: 4

---

നമ്പർ 4

കൊടുങ്ങല്ലൂർ
8—12—65

എട്ടാന്തിയതി കയ്യിൽ-
ക്കിട്ടാന്തരമായി കത്തു വായിച്ചു
ഒട്ടാന്തി മോദമതിനൊരു
ദൃഷ്ടാന്തം കോളിളക്കമെത്ര തന്നെ. 1

പദ്യത്തിൽപ്പെട്ടുമാപ്പുഴക്കവുമൊഴു-
ക്കും മററമെല്ലാം മുറ-
യ്ക്കാദ്യത്തെക്കൃതിയിങ്കൽനിന്നുമധികം
നന്നെന്നതും തീർച്ചയായ്;
ഹൃദ്യത്വം കലരും ഭവൽക്കൃതി വൃഥാ
ഗ്രന്ഥം ചമയ്ക്കാതെയീ-
വിഡ്ഢിത്തക്കടിയും പറഞ്ഞു പഴുതേ
പോക്കൊല്ല ഭോഷ്ക്കല്ലു മേ. 2

സാഹിത്യം പോരയെന്നും സഹൃദയഹൃദയാ-
ഹ്ലാദമേകും കൃതിക്കു-
ത്സാഹത്തിൽത്തെല്ലുമില്ലേ കുറവറിക നമു-
ക്കെന്നുമോരോന്നിവണ്ണം
ഹോ! ഹസ്തത്തിൽക്കിടക്കും കവനപടുത കാ-
ട്ടാതെ പിട്ടും പറഞ്ഞി-
ദ്ദേഹത്തെപ്പാട്ടിലാക്കാമിതി മനസി നിന-
യ്ക്കുന്നീതോ? നന്നിതോർത്താൽ. 3

ഭാഷാകൃതികളിലറിവാൻ
ഭേഷായ്ക്കിട്ടീയൊരു സാഹിത്യം
ദോഷാകരനിഭകീർത്തേ!
വേഷാന്തരമാർന്നൊളിച്ചുവെയ്ക്കുന്നോ? 4

പാരം പാർക്കും മഹാന്മാർക്കകമലർ മലരും
മോദമുണ്ടാക്കി വെയ്ക്കാ-
ധീരന്മാരാം കവീന്ദ്രർക്കണിമുതൽകവിതാ-
വിത്തു സൂക്ഷിക്കുവോനേ!

സാരം പാർക്കാതെകണ്ടീവക ബഹളപ്പിട്ടവി-
ഢ്ഢിത്തമോർത്താൽ വേറേ
നേരമ്പോക്കിന്നു തീർത്തീടുക തിരുതകൃതി-
ഗ്രന്ഥങ്ങളെൻ ബന്ധുമൌലേ! 5

---

## നമ്പർ 5

കൊടുങ്ങല്ലൂർ
16—12—65

മുഖ്യരാമന്തണക്ഷ്ടി
മൂക്കോളം നൾകി നിത്യവും
വാഴ്ത്തും മോദേന വാഴുന്ന
വൈക്കത്തപ്പനു കൈതൊഴാം. 1

പാരിക്കളം ഭംഗി തിങ്ങുമ്പടി ഝടിതി ഭവാൻ
ചീർത്ത പദ്യങ്ങളെത്തീ
നേരൊക്കുംമാറു നോക്കീ നിമിഷമൊടു രസം
മൂത്തു മൂന്നാലു വട്ടം
സാരസ്യം കണ്ടു, കഷ്ടം! കവിതകൾ കറക്കു-
ടാതമാന്തത്തിലിട്ടൾ-
സ്വാരസ്യം കാട്ടിടാതീക്കവി കളയുവതെ-
ന്നോർത്തു മന്ദിച്ചു പിന്നെ. 2

പരഞ്ജവാൽത്താൻ കൃതി ചെയ്യുയച്ചാ-
നിറഞ്ഞിടും ഭംഗി കവിഞ്ഞ കാവ്യം
അറിഞ്ഞു വായിച്ചു രസിച്ചിടാതെ
പറഞ്ഞ കാര്യം മതിയാക്കുമോ ഞാൻ? 3

പ്രാസം നല്ലൎത്ഥസാമൎത്ഥ്യവുമതിരസവും
ചേരുമാറീവിധത്തിൽ
ശ്വാസം വീൎക്കുന്നിടയ്ക്കിങ്ങനെ തുരുതുരനേ
നിഷ്പ്രയാസം കൃതിക്കും
ഹേ! സത്യം കേൾക്കുക സാഹിത്യമതിവനറിവി-
ല്ലെന്നുമോതും ഭവാൻ വി-
ശ്വാസത്താൽ ച്ചൊല്ലിടുന്നേൻ പറവതു കപടം
തന്നെ കൊള്ളാം പ്രയോഗം. 4

ഇനിയെന്നാകിലുമൊരു കഥ,
വിനയം മതി മതി, കൃതിച്ചുയച്ചുതരൂ;
ഘനയോജിതരസമായ് സ-
ജ്ജനയോഗത്തിങ്കൽ മുൻപിൽ നില്പവനേ! 5

ദുഘടരം സംസ്കൃതവാക്കുലേശം
പെടാതകണ്ടൻപതു പദ്യമിപ്പോൾ
പിടിച്ചു കെട്ടിക്കഷണിച്ചു തീൎത്തേ-
നുടൻ വിടാം തേ പരിശോധനാൎത്ഥം. 6

സുഖത്തൊടും സൽകൃതിമാല തീൎത്തു
തകത്തിടും നിൻകരതാരിലേയ്ക്കായ്
സുകീൎത്തിരാശേ! മമതയ്ക്കുവേണ്ടി-
പ്പകൎത്തയയ്ക്കാം പിഴ തീൎത്തയയ്ക്കു. 7

ഇടയ്ക്കിടയ്ക്കങ്ങു കുറിച്ചു കത്തു
കിടയ്ക്കുമപ്പോൾ മമ മാനസത്താർ

ചെടിക്കുമാറങ്ങിനെ മോദസിന്ധു
തടിക്കുമാറാക്കുക മേൽക്കുമേലെ. 8

സ്വയം കവീന്ദ്രപ്രവരർക്കു ചിത്തേ
ഭയം കൊടുക്കും കവിതാമൃതാബ്ധേ!
അയത്നമങ്ങുന്നു കൃതിച്ച പദ്യ-
മയാമൃതസ്വാദപരത്തിനുണ്ടോ? 9

അങ്ങു തീർത്ത പകുതിക്കു ഞാനുമീ-
ബ്ഭംഗി തീരെയകലുന്ന മട്ടിലായ്
ഇങ്ങു ചെയ്തു പരിപൂർത്തി വാഴ്ത്തിയി-
ട്ടിങ്ങനേ പരിഹസിപ്പതെന്തെടോ! 10

---

## നമ്പർ 6

കൊടുങ്ങല്ലൂർ
26—12—65

അയച്ചിടുന്നേനഴകോടിതാ ഞാൻ
നയത്തിലുണ്ടാക്കിയ പദ്യമെല്ലാം
അയി! സ്വയം പാർത്തിതു തെറ്റു കണ്ടാൽ
വയസ്യ! നമ്മോടു വചിച്ചിടേണം. 1

നന്നായ മട്ടിതയി! താങ്കൾ പകർത്തയച്ചു-
തന്നാൽ നമുക്കതു മഹാരസമായിരിക്കും;
എന്നാലതിന്നിട പെടാസ്റ്റിൽ മുഷിഞ്ഞിടേണ്ട-
തിന്നായി ഞാനിഹ സഖേ! പറയുന്നതില്ല. 2

ക്കൂട്ടുമ്പോൾ തെല്ലിരുന്നങ്ങിനെ തെളിവോടിത-
ങ്ങുന്ന നേരെ പകൎത്തി-
ങ്ങോടൻപോടേ വിടേണം മതിയറ്റു മതിമൻ!
സാവധാനത്തിലത്രേ
ആട്ടുമ്പൊൽത്താർനിരയ്ക്കുള്ളതിൽ മധു മതിയാ-
ന്മാറു മോന്തിച്ചിലപ്പോൾ-
ച്ചാട്ടുമ്പോഴെല്ലാരന്നപ്രകരരുചി ചിരം
കോൎത്തു തീൎത്തൊരു കീൎത്തേ! 3

ഗ്രന്ഥം തീൎത്തുതുടങ്ങിയോ? ഗളിതദ-
ൎപ്പാദം സഖേ! കേളിവൻ
ഗന്ധത്തക്കടി ചൊല്ലുമായത്തു കണ-
ക്കല്ലെന്നൊഴികഴിന്നിതോ?
എന്തെന്തായതിലൊന്നുമിന്നു പറയാ-
ല്ലാനെന്നു ചോദിക്കുവാ-
നെന്തന്ധതാപമെനിക്കു? ഞാൻ ചെറുതുമി-
ക്കാൎയ്യം മറക്കില്ലെടോ! 4

മുറയ്ക്കു താൻ ഗ്രന്ഥമിരുന്നു തീൎക്ക-
കറയ്ക്കുമെന്നാകിലറച്ചിടട്ടേ;
ഉറയ്ക്കണം വേണ്ടതിൽ വേണ്ടപോലെ-
യിരിക്കണം വന്നതു വന്നു പിന്നെ. 5

ജനിച്ചിടുമ്പോൾ കവിവൎയ്യനായി-
ജ്ജനിച്ചൊരാളാരിഹ പാരിടത്തിൽ?
നിനയ്ക്കുകുത്സാഹസുധാരസത്താൽ
മനസ്സിൽ നേരേ വളരാത്തതുണ്ടോ? 6

തുടങ്ങേണ്ടും കാൎയ്യം,മതങ്ങിടട്ടെ
മുടങ്ങിയാലന്നു മുടങ്ങിടട്ടെ;
നടുങ്ങിടാതായതിലേതുമേ പിൻ-
മടങ്ങിടാഞ്ഞാലൊരുനാൾ ജയിക്കും. 7

പരിശോധന ചെയ്യുവാൻ ഭവാനോ-
ട്ടുരുശോഭോജ്വല! ചൊന്നതോത്തൊരുത്തൻ
പരിഹാസമിതെന്നു ചൊല്ലുമെന്നായ്
പുരുഹാസപ്രിയ! സമ്മതിച്ചു തെററീ. 8

നമ്പർ 7

കൊടുങ്ങല്ലൂർ
13—1—66

വെടിപ്പൊടാമ്പ്വാണമഹാസുരന്റെ
പടിപ്പുരക്കാവലിൽ മേൽവിചാരം
നടത്തിയോരാ മലയാളിമൂപ്പ-
ന്നൊടത്തുഭാഗത്തിനു കൈതൊഴുന്നേൻ. 1

അല്ലാ! മുൻപിലയച്ച കത്തിലൊരു കാ-
ൎയ്യം ഞാൻ മറന്നോ,നതും
ചൊല്ലാമെന്നുടെ ഭാഷയാകിന പുതു-
ശ്ലോകങ്ങൾ ശോകം വിനാ
എല്ലാമൊന്നു പകൎത്തയയ്ക്കുകതുടൻ
തുഷ്ടിക്കയയ്ക്കാകിലോ
വല്ലാതുള്ളൊരു നേരുകേട്ട തലയിൽ
ഭേസേണ്ട ദിക്കായ്വരും. 2

അതെല്ലാം നില്ക്കട്ടേ ചതുരകഥ താ—
　　നൊന്നിഹ കൃതി—
പ്പതെല്ലാം തീൎന്നില്ലേ? വെളിയിൽ വരുമാ—
　　റെൻവരകവേ!
അതല്ലാ വേറിട്ടൊന്നിഹ പറയണം
　　* * സുഖമായ്
ധൃതോല്ലാസം തന്നിൽക്കടമിഴി വിട്ടു—
　　ന്നല്ലി വഴിയേ? 3

മഹനീയൻ കവി വെണ്മണി—
മഹനീയിടയവിടെ വന്നു പോന്നപ്പോൾ
സഹസാ തൽകൃതിയങ്ങും
സഹ സഹചരരോടു കേട്ടില്ലേ? 4

നടുവത്തു മഹന്റെ മൈത്രിയും
വടിവിൽ താങ്കളെടുത്തതില്ലയോ?
പടുവൃത്തിയിലായവൻ കൃതി—
ക്കടി വരാത്ത രസം ചൊരിഞ്ഞിതോ? 5

　　കവയൂർ രാമനോടെന്റെ
　　കവിയുമ്മമത്തോദയം
　　കവിയായ ഭവാൻ ചൊൽക
　　കവിയോടെത്രനീതിമൻ!. 6

　　അനിയൻനമ്പിയാർ, ഭൂരി—
　　ഷിനയൻ കൃഷ്ണവാരിയർ,

അനുമോദനമങ്ങെന്നീ-
ജ്ജനമോട്ടു മുരസ്സുണം. 7

---

നമ്പർ 8

കൊടുങ്ങല്ലൂർ
3—2—66

പാരം പുകഴ്ന്ന കവിപുംഗവ! കത്തു കണ്ടു
സാരം ധരിച്ചു പറയാം; രസമാണിദം മേ;
സാരജ്ഞ! പക്ഷെയിതു മററ ചിലൎക്കു വേണ്ടീ-
ട്ടാരഞ്ജമെന്നു പറയേണ്ടിവരുന്നുവല്ലോ. 1

വിദ്യാവിനോദനവിദഗ്ദ്ധ! ധരിച്ചുകൊൾക
'വിദ്യാവിനോദിനി'യിലച്ചടി ചെയ്യുകൊൾവാൻ
ഉദ്യോഗമോടവർ പറഞ്ഞതുകൊണ്ടു വീണ്ടും
സദ്യോരചിച്ച കൃതിയാണതു സാധുബുദ്ധേ!. 2

എന്നാലും സുകവേ! 'മനോരമ'യിലും
കേളച്ചടിപ്പിച്ചുപോ-
യെന്നാലും കുറവില്ലയെന്നവർ പറ-
ഞ്ഞെന്നാകിലന്നാളിൽ ഞാൻ
തന്നേയ്ക്കാം തവ കൈവശത്തിലവിടെ-
ത്തോന്നുംവിധം ചെയ്യുവാ-
നെന്നെക്കൊണ്ടു വിരോധമെന്തയി സഖേ!
നോത്തമ്മിലൊന്നല്ലയോ? 3

അല്ലെങ്കിൽ സാവധാനത്തൊടുമവിടെ മുറ-
യ്ക്കച്ചടിച്ചെന്നു വെച്ചാൽ
തെല്ലും കോട്ടം വരാനില്ലതുമി[illegible]
സീ. പി. കുട്ടാളികു[illegible]

MUL
034892

ചൊല്ലാങ്കേൾ മാസികകളുള്ളിലുമിതു വെളിവാ-
യ്ക്കോട്ടെയെന്നങ്ങുവെച്ചാ-
ലെല്ലാങ്കൊണ്ടും ഗ്ഗുണന്താനിതിനു തവ മതം
സമ്മതാ സന്മതേ! മേ. 4

അഷ്ടി, നന്ദി, യഥ രാത്രിയീവിധം
പെട്ടുപോയ കുറവൊക്കയും സഖേ!
തട്ടിനീക്കിയതു വേണ്ടപോലയാ-
ക്കിട്ടു വേണ്ടപടി ചെയ്യുകൊൾകെടൊ! 5

ബാണയുദ്ധമിതി ചൊന്ന നാടകം
വേണമെന്നു നിരൂപിച്ചതെന്നിയേ
കാണുമാറു കഴിയുന്നതില്ല മേ;
താണുവീണു മടിമൂലമദ്യമം. 6

വല്ലതും ഗ്രന്ഥമുണ്ടാക്കാ-
നില്ല തേ ശക്തിയെന്നതോ?
നല്ല തട്ടിപ്പു, മിണ്ടാതെ
തെല്ലുതാൻ ബുദ്ധിവെയ്ക്കടോ! 7

ശേഷം വഴിക്കുവഴിയേ
ശേഷൻകൂപ്പുംയശോനിധേ!
ശോഷം കൂടാതെ മമതാ-
പോഷം പോകായ്ക വേണമേ. 8

നമ്പർ 9

കൊടുങ്ങല്ലൂർ
8—6—66

താലപ്പൊലിയുടെ ഘോഷ–
ത്താലിതുവരെയും കഴിഞ്ഞു മിണ്ടാതെ
നാലഞ്ചു നാളിതെന്റെ–
നാലതിനിച്ചിലതു ഞാൻ കുറിയ്ക്കട്ടേ. 1

ചില നാളിഹ മഞ്ഞു കൊൾകയാലേ
ജലദോഷം പനിയേങ്ങലെന്നിതെല്ലാം
മലമട്ടടനെന്നിൽ വന്നുകൂടി–
ത്തല ചുറിച്ചു പരം കുഴക്കിടുന്നു. 2

വയ്യോതാനൊന്നും മേ
കയ്യോ പൊങ്ങുന്നതില്ല തളരുന്നു;
മെയ്യോടൊത്തൊരു ചൂടും
പൊയ്യോതീടുന്നതല്ല ബഹുകഠിനം. 3

മിത്രമേ! ‘ലക്ഷണാസംഗം’
ചിത്രമായച്ചടിക്കുവാൻ
പത്രാധിപർക്കയച്ചേൻ ഞാൻ;
തത്ര കണ്ടില്ലയോ ഭവാൻ? 4

അക്ഷരവീഴ്ചകളായതി–
ലക്ഷയകീർത്തേ! ഭവിച്ചിടാതെ ഭവാൻ
സൂക്ഷ്മതയോടു നിതാന്തം
സൂക്ഷിക്കേണം മുഷ്കുമോദരസാൽ. 5

---

K *

## നമ്പർ 10

കൊടുങ്ങല്ലൂർ
19—6—66

എന്താണിശ്ശിടെ വൎത്തമാനമെഴുതാൻ
കൂടിശ്ശൂറേപ്പിൻവലി-
പ്പെന്തായാലുമിത്ര നല്ലൊരു വെടി-
പ്പായിക്കഴിഞ്ഞീടുമോ?
ഞാന്താലപ്പൊലിഘോഷമൂലമിവിടെ-
ത്തെല്ലൊന്നമാന്തിച്ചതിൽ-
ത്താന്താങ്കൾക്കൊഴിഞ്ഞുനില്പിനു തരം
കിട്ടുന്നതത്യത്ഭുതം. 1

പോററിക്കൊഴുക്കും പ്രണയാൽ മരിങ്ങൂർ-
പോററികൾ ഞാൻ ചെയ്തു പരസ്യപദ്യം
ഒരൊററന്നു നോക്കീടണമൊന്നു കൂടി-
ത്തൊററന്നു വെട്ടേണ്ടറിയേണമൎത്ഥം. 2

രണ്ടു വഴിക്കും ചെൽവാ-
നുണ്ടു സഖേ പൊരുളതിന്നു പൊളിയല്ലേ;
ഉണ്ടാമിനിയൊരു വെണ്ണിറിനു-
മിണ്ടലൊഴിഞ്ഞീവിധം ക്രമംപോലെ. 3

ഹേ സാരബുധ! ശൃണു ഹന്ത! "ലക്ഷ-
ണാസംഗ"ബുക്കച്ചടികാൎയ്യമെല്ലാം
ത്യാസക്തമാണങ്ങതിലെന്നു വീണ്ടും
ശ്വാസം വിടാതോതി നിറുത്തിടട്ടെ. 4

കണ്ടില്ലേ? മഷി തെളിവിൽ-
ക്കണ്ടീടാൻ വളരെ വിഷമമെന്നെല്ലാം
വീണ്ടും പറയേണ്ടല്ലോ
കണ്ടാലറിയാത്തതല്ലല്ലോ. 5

---

## നമ്പർ 11

കൊടുങ്ങല്ലൂർ
2—8—66

ദീനം വന്നു പിടിച്ചുവെന്നുമതിനാ-
ലാണീയിടക്കത്തുകൾ-
ക്കൂനം വന്നു പിണഞ്ഞതെന്നുമെഴുതി-
ക്കാണിക്കയാൽ ബോദ്ധ്യമായ്;
ഞാനെന്നാലതുകൊണ്ടു ഹന്ത! വളരെ-
ക്കേ° ഖേദിച്ചു പിന്നെക്കുറ-
ച്ചാനന്ദിച്ചു പരം ഭവാനപജ്വരം
പാരാതെ ജീവിക്കയാൽ. 1

എഴുത്തുകൾക്കുത്തരമോതിടായ്കയാൽ
മുഴുത്ത വൈരസ്യമുദിച്ചതൊക്കയും
ഒഴിഞ്ഞു വൃത്താന്തമറിഞ്ഞു കണ്ണുനീർ
പൊഴിഞ്ഞു* മത്തൻ നട്ടുവത്തൊടൊത്തഹോ!. 2

ഭംഗമററിതൊരു കോപ്പി 'ലക്ഷണാ-
സംഗ'മിന്നു മമ കയ്യിൽ വന്നതെ;
ഭംഗിയോടു പിഴ തീർത്തയച്ചിടാം;
മങ്ങു കൂടായത്തു നോക്കിയേല്ക്കണം. 3

---

* മത്തൻ=പെരിങ്ങര നാരായണൻനമ്പൂരി, നട്ടുവം മകൻ.

നാന്നായാ 'നളചരിതം' നതാംഗി നോക്കി–
ഞ്ഞീന്നായോ? തവ കരതാരിൽ വന്നു ചേൎന്നോ?
എന്നാലായതു തവ നോട്ടവും കഴിഞ്ഞാൽ–
ത്തന്നാലും ദിനമതു നന്നെ നീട്ടിടാതെ. 4

തരുണകവിമണേ! ഭവാൻ "സുഭദ്രാ–
ഹരണ"മതിൽച്ചത! തീൎത്ത ശുദ്ധപത്രം
പറയുക ശരിയായിതോ നമുക്കു–
ള്ളറിവു തികച്ചതിൽ ഞാനെടുത്തിരുന്നു. 5

നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ–
ക്രമക്കണക്കേ ശരണം; ജനങ്ങൾ
സമസ്തരും സമ്മതിയാതെകണ്ടീ–
സ്സമൎത്ഥനോതില്ലൊരു വാക്കു പോലും. 6

എന്നാണു കൊച്ചുണ്ണിമഹീമഹേന്ദ്ര–
നെന്നോടു ചൊന്നോരുപദേശസാരം;
എന്നാലതങ്ങേയ്ക്കുമെടുത്തിടേണ്ട–
തെന്നോൎത്തു ഞാൻ ചൊല്ലിയതാണിതെല്ലാം. 7

സകലകവികളും ശിരസ്സിലെന്നും
ശകലിതരങ്കമണിഞ്ഞ 'വെണ്മണി'ക്കും
സുകവികുലമണേ!യിതാശയത്തി–
ന്നകമതിലാശയമായിരിപ്പതത്രേ. 8

## നമ്പർ 12

കൊടുങ്ങല്ലൂർ
17—10—63

ഞാനിന്നാളൊരെഴുത്തയച്ചതവിടെ-
ക്കിട്ടീലയെന്നോ? സഖേ!
താനിന്നും നിജദേഹസൌഖ്യവിരഹാൽ
മങ്ങിക്കുഴങ്ങുന്നിതോ?
സാനന്ദം മമ കത്തിനെന്തു മറുക-
ത്തേകാഞ്ഞതോർക്കുംവിധൌ
തേനേറീടിന നൽകൃതികൾ വലിവായ്-
പ്പോയോ? പറഞ്ഞീടണം. 1

'മനോരമാവിജയം' തീർക്കുമൂലം
മനോധൈര്യം സകലം തീർന്നുപോയോ?
മനോരാജ്യം നിരൂപിച്ചീവിധം ഞാൻ
മനോമോഹം പതറിക്കോട്ടെയെന്നോ? 2

എന്തെന്നാകിലുമിനിയിഹ
താന്തോന്നിയെഴുത്തുകൂട്ടുമ്പോൾ
സന്തോഷത്തോടു മറുപടി
ചിന്തിച്ചെഴുതീടണം മടിക്കാതെ. 3

---

## നമ്പർ 13

കൊടുങ്ങല്ലൂർ
23—10—66

കത്തും മോദമിയന്നിനിക്കയി! ഭവാ-
നെത്തിച്ച ബുക്കും സഖേ!
കത്തും കയ്യിലണഞ്ഞു കണ്ട സമയ-
ത്തുണ്ടായി മോദോദയം;

ഒത്താനങ്ങിനെ നോക്കിയെന്നു പറയാം;—
മല്ലാതെ നിഷ്കൃഷ്ടവെ-
ച്ചോർത്തോർത്താപ്പിഴ തേടിയില്ലതു വഴി-
ക്കാവാം വഴക്കെന്നിയേ. 1

എന്നാലോ തവ കാലു പൊള്ളിയതുകൊ-
ണ്ടാദ്യം വിഷാദിച്ചു ഞാ,—
നിന്നാലോചന ചെയ്തു നോക്കിയതിനാൽ
വേണ്ടേതുമേ കുണ്ഠിതം;
എന്നല്ലാ രസമായിയെന്നു പറയാം,—
മിമ്മട്ടു പാട്ടിൽക്കിട-
ന്നെന്നല്ലാതെ തനിക്കു കാവ്യമെഴുതാൻ
കാലം കിടച്ചീട്ടുമോ? 2

കാലത്തോര കുറച്ചുഴന്നു ഗൃഹഭാ-
രത്തിററ നോക്കീടണം;
ചേലൊത്തൂഷ്ടി കഴിച്ചു കിഞ്ചന വട-
ക്കോട്ടൊന്നിറങ്ങീടണം;
പാലൊത്തീടിന പദ്യമിത്തിരി കൃതി-
ച്ചൊപ്പിച്ചു മാറീടണം;
മേലാത്തക്കിടിയും പറഞ്ഞു തിരിയെ-
പ്പാഞ്ഞിങ്ങു പോന്നീടണം. 3

ഇങ്ങിനെ കഴിയും കാല-
ത്തെങ്ങിനെ കാവ്യം കവീന്ദ്ര! ദീർഘം താൻ

ഭംഗി നടിച്ചു നടപ്പതി-
ന്നിങ്ങിനെ ദൈവം തടസ്ഥമാക്കാഞ്ഞാൽ? 4

കൊച്ചുണ്ണിത്തമ്പുരാനെക്കൊടിയ കവിമണേ!
പുസ്തകം കാട്ടിയേററം
തുച്ഛം നോക്കമ്പൊഴെന്നാകിലുമിഹ പിഴക-
ണ്ടെത്തിയാൽ തീൎത്തുകൊണ്ട്
സ്വച്ഛന്ദം പത്തുനാൾകളുള്ളതു പരമസഖ-
പ്പൊന്മണേ! നമ്മ ചേൎത്തി-
ട്ടിച്ഛന്നാനന്ദമോടങ്ങിനെ തിരിയെ വിട്ട-
ന്നുണ്ടു വേണ്ടുംപ്രകാരം. 5

എന്നാൽപ്പോരേ? നമ്മുടെ
നന്ത്യശ്രീകൃഷ്ണവാൎയ്യരവർകളുടെ
സന്നം 'ഗൈൎവ്വാണീവിജ-
യ'ന്നോക്കാനിങ്ങയച്ചതില്ലേതേ? 6

"അതെന്തിനെന്നോട്ടു കടന്നു ചോദി-
ച്ചതേവമാ വാരിയരോട്ടു വേണം"
മതിപ്പൊടേവം പറയേണ്ടു, വേഴ്ച-
യതോൎക്കിൽ നിങ്ങൾക്കധികൈക്യമില്ലേ? 7

---

നമ്പർ 14

കൊടുങ്ങല്ലൂർ
29—10—66

കിട്ടീ ഭവാനുടയ കത്തിതു കഷ്ടമാൎത്തി-
പ്പെട്ടീവിധം തവ കുഴക്കു ഭവിച്ചതോൎത്തു

പിട്ടല്ല സൌഹൃദനിധേ! മമ ഹന്ത! ചിത്ത-
ത്തട്ടിൽപ്പൊടിച്ചൊരു വിഷാദമരച്ചുകൂടാ. 1

നാടിക തീൎന്നുകഴിഞ്ഞിതു
മോടിയിൽ നന്നായ് പകൎത്തിവെയ്ക്കാതെ
ചാട്ടമതേ! വിട്ടവൻ ഞാൻ
കൂടിയ ദോഷങ്ങൾ ചൊല്ലുവാൻ വേണ്ടി. 2

താരിത്തേൻമൊഴിയായ തത്രഭവതി-
ക്കീബ്ബുക്ക കാണിക്കുവാൻ
ചേരും ലാക്ക കിടയ്ക്കുമെങ്കിലതുമൊ-
ട്ടാനന്ദമാം ഹന്ത! മേ;
ഓരുമ്പോളതിനിപ്പൊളത്ര തരമി-
ല്ലല്ലോ സ്വദേശത്തിലേ-
യ്ക്കാരോമൽക്കളവാണി പെററു വരുവാൻ
പോയെന്നു ചൊല്ലീലയോ? 3

ആട്ടേ വേണ്ടഴകോടിതച്ചടി കഴി-
ച്ചീടേണമെന്നോൎക്കയാ-
ലൊട്ടും താമസമായിടാതെയൊരു ബുക്ക-
ങ്ങോട്ടു താനേകിടാം;
പുഷ്ടശ്രീനിധി ബുദ്ധിവെച്ച മതിമാൻ
കൊച്ചുണ്ണിഭൂപാലകൻ
കിട്ടും തെററുകൾ തീൎത്തുകൊണ്ടിതു വെടി-
പ്പാക്കുന്നതുണ്ടാദരാൽ. 4

അതു തീൎന്നാ പകൎത്തീടാൻ
മതിയാവുള്ള കൌതുകം;
അതുകൊണ്ടാണമാന്തിച്ച-
തിതു സൽകവിരത്നമേ! 5

---

## നമ്പർ 15

കൊടുങ്ങല്ലൂർ
1—12—66

കിട്ടീ ഭവാന്റെ കുറിമാനമതിൽപ്പറഞ്ഞ
മട്ടിൽ സഖേ! മമ നവീനകൃതിദ്വയത്തെ
കാട്ടിത്തരേണ്ട ഭരമിങ്ങിവനുണ്ടു, പക്ഷേ
പെട്ടന്നതിന്നു തരുവാൻ തരമില്ലതാനും. 1

അന്നച്ചന്ദ്രിക(ന്നാടിക) തീൎത്തതസ്സലെഴുതി-
പ്രസ്സിൽ കൊടുത്തേനുടൻ
മുന്നം ഞാനിഹ തീൎത്ത ബുക്കുകളൊരുവൻ
നോക്കാനെടുത്തു സഖേ!
എന്നാലും ശരുമായതിങ്ങു തകരാ-
റാവില്ലതെൻ ചാരവേ
വന്നാലന്നു തുറക്കുമഞ്ചലിൽ വിടാ-
മല്ലും ക്ഷമിച്ചീടുക. 2

ഇക്കാലം "മധുരാശിയാത്ര" യവിടെ-
ക്കായിട്ടയക്കേണ്ടതും
തൽക്കാലം തരമില്ല, നാലുദിവസാ
ചെന്നാലതും തന്നിടാം;

നോക്കാനുണ്ടതിലററകുററമധികം
ഹേ തോഴരേ! പാതിയും
മുക്കാലും പിഴതന്നെ മുഗ്ധകവിതാ-
സാരസ്യസാരാംബുധേ! 3

---

സഖേ! "സുഭദ്രാഹരണം" കിടച്ചു
സുഃഖേന കൊച്ചുണ്ണിനൃപൻവഴിക്ക്;
അഖണ്ഡശീതാംശുരസം സുരന്മാ-
രഖിന്നമുണ്ണും രുചിയോടു നോക്കി. 4

ശേഷമശേഷം വഴിയേ
തോഷമൊടെഴുതാം ഭവദീയകൃതി നോക്കി
ദോഷജ്ഞോത്തമ! തൽഗുണ-
ദോഷവുമെല്ലാം മുറയ്ക്കു ചൊല്ലാം ഞാൻ. 5

---

## നമ്പർ 16

കൊടുങ്ങല്ലൂർ
6—1—67

എന്നാലോ "മധുരാശിയാത്ര" തന്നതാം
കയ്യക്ഷരത്തിൽപ്പക-
ത്തൊന്നാലോചന വിട്ടു തെററുകൾ ഭവാൻ
പോക്കീടുമെന്നിങ്ങനെ
നന്നായുള്ളോരു നിശ്ചയത്തോടുമയ-
ച്ചീടുന്നു മാറേറണ്ടതൊ-
ന്നൊന്നായ് നോക്കി വെടിപ്പിലാക്കുക വിശേ-
ഷിച്ചുണ്ടു വീഴക്ഷരം. 1

വൃത്തിക്കൂട്ടി ചെയ്യിടാമിതി മുദാ
പത്രാധിപൻ കയ്യെഴു-
ത്തെത്തിച്ചീടുകകൊണ്ടു ഞാനിതു ഭവാ-
നിൽബ്ഭാരമൊട്ടൊക്കെയും
ച്ചിത്തം ചേൎന്ന സഖേ! സുഖത്തൊടുമിറ-
ക്കീടുന്നു; താനേറകൊൾ-
കത്തൃച്ചാദരമോടുകൂടി വളരെ
സ്വാസ്ഥ്യമാമെങ്കിൽ മേ. 2

എങ്കിൽക്കൂട്ടക്ഷരങ്ങൾക്കൊരു വികടത പ-
റ്റാതെ സൂക്ഷിച്ചിടേണം,
ശങ്കിക്കേണ്ടിന്ദുചന്ദ്രൻ മതിമതി സുമതേ!
പാതിയായോരുകാരം;
വങ്കത്വം ചൊൽകയല്ലേ വടിവൊടിതു വട-
ക്കക്കമാത്തെക്കദേശ-
ത്തിങ്കൽപ്പാൎക്കുന്നവൎക്കും പരമൊരുവിധമെ-
ക്കുന്ന സന്മാൎഗ്ഗമല്ലോ. 3

പുസ്തകം കിട്ടിയെന്നാകി-
ലുത്തരം സത്വരം ഭവാൻ
പാൎത്തയക്കേണമെന്നൊന്നു
പേൎത്തു ചൊല്ലുന്നതുണ്ടു ഞാൻ. 4

എന്തോ നമ്മുടെ ഭാഗ്യദോഷമതിനാൽ-
പ്പണ്ടത്തെ മട്ടിൽബ്ഭവാൻ
സന്തോഷത്തൊടു കത്തെനിക്കയപ്പിടുമാ-
റില്ലെന്നു ചൊല്ലുന്നതും

എന്തോഴക്കഹിതം മനസ്സിലരുതേ;
നേരല്ലയോ? ജോലിയോ–
യെന്തോ കാരണമൊട്ടു ബുക്കിലയി! തേ
പത്രം ചുരുക്കം പരം. 5

ഇങ്ങിനെയായാൽ മതിയോ?
തിങ്ങിന വേഷ്ടിസ്ഥിതെന്തെടോ ശരിയോ?
അങ്ങിനിയെങ്കിലുമാടിയി–
ലങ്ങിനെ നിന്നൊരു നിലയ്ക്കു നിന്നാലും. 6

മേൽവിലാസം:—

ശ്ലോ— കൊട്ടാരത്തിൽ
കവികുലശ്രേഷ്ഠൻ, ശങ്കുണ്ണികാണവാൻ
കോട്ടയത്തേക്കു
താൻ, കുഞ്ഞിക്കുട്ടൻരാജാവയപ്പുരു്

# സ്യമന്തകം

## ഭാഷാനാടകം

### ഒന്നാമങ്കം

ശ്രേയസ്സിന്നു വിരോധമായി വളരും
ദുഷ്കീർത്തിയേയും പരം
പായും ബുദ്ധിവിലാസശക്തിയതിനാൽ
സൽക്കീർത്തിയാക്കി സ്വയം
മായം വിട്ടു വിളങ്ങിടുന്നൊരു മഹാ-
നാകും മുകുന്ദൻ ജഗ-
ന്മായായുക്തനെനിക്കു നിത്യസുഖമു-
ണ്ടാക്കാൻ കടാക്ഷിക്കണം. ൧

അത്രതന്നെയല്ല,

'കൊച്ചുണ്ണിരാജ'നിടിലേ തിലകം വഹിച്ചു-
മച്ഛന്ന 'വെണ്മണിമഹാ'ഭരണം ധരിച്ചും,
ഉൾച്ചിന്നു'മച്യുതവിലാസ'മൊടൊത്തെനിക്കും
സ്വച്ഛന്ദയായ കവിതാംഗന കൈവരേണം. ൨

നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.

സൂത്ര—(നാലുപുറത്തും നോക്കീട്ട്)

കുലവിദ്യയിൽ വൃത്തിയൊത്തു വിദ്വൽ-
കുലമദ്ധ്യേൽകുതുകം തിരക്കുകൂട്ടി
കുലശേഖരനായകോത്സവേ മൽ-
കുലവിദ്യക്കു കൊതിച്ചിരുന്നിടുന്നു. ൩

അതുകൊണ്ടിവിടെ ഏതെങ്കിലും ഒരു നാടകമാടണം. (ഉറക്കെ) ആരാണവിടെ?

നടൻ—(പ്രവേശിച്ചിട്ട്) ഞാനാണ്. എന്താണ് വേണ്ടതാവോ?

സൂത്ര—എന്താണെന്നു സംശയിക്കാനുണ്ടോ? ഈ സഭയിൽ അനുരൂപമായ ഒരു നാടകമാടണം.

നടൻ—ഇന്നതെന്നു തീൎച്ചപ്പെടുത്തീട്ടില്ലല്ലോ?

സൂത്ര—ഇല്ല; താൻ തീൎച്ചപ്പെടുത്തിയാൽ മതി.

നടൻ—ഈ സഭക്കാരൊരു നാടകം പറഞ്ഞയച്ചിട്ടുണ്ട്. തരമുണ്ടെങ്കിൽ ആ നാടകംതന്നെയായാൽ കൊള്ളാമെന്നുണ്ടവൎക്ക്.

സൂത്ര—ഏതു നാടകമാണ്?

നടൻ—'സ്യമന്തക'മാണ് നല്ലതെന്നാണ് പറഞ്ഞത്.

സൂത്ര—ശരി; തരക്കേടില്ല. നല്ല നാടകമാണല്ലോ അത്.

ശ്രീ വന്നു നിത്യമധികം വിളയാടിടുന്നീ-
ഗ്ഗോവിന്ദദേവനുടെ സച്ചരിതൈകദേശം
ആവുന്നതാണിഹ രസം നിയതം നമുക്ക;-
മീ വന്ന സജ്ജനവരാജ്ഞ മഹാരസം മേ. ൪

നടൻ—ആരാണീന്നാടകമുണ്ടാക്കിയത്? അതെനിക്ക് ഓൎമ്മ തോന്നുന്നില്ലല്ലോ.

സൂത്ര—എന്തോ വിഢ്ഢി! താൻതന്നെയല്ലേ പറഞ്ഞത് എന്നോട്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ ഒരു പരീക്ഷക്കുണ്ടാക്കിയതാണെന്നും, ഉണ്ടാക്കുമ്പോൾ എ

ഴുതിയത് കൃഷ്ണയ്യനാണെന്നും, വളരെ ആളുകൾ ഇതു കണ്ടു സമ്മതിച്ചിട്ടുണ്ടെന്നും മറന്നോ? ഇത്ര വേഗം അതൊക്കെ മറന്നുവോ?

നടൻ—ഓഹോ! ശരിതന്നെ. അതിലാടേണ്ട വിഷയങ്ങളോരോന്നോർത്തു ഞാനീച്ചോടേ പറഞ്ഞ വിഷയമെല്ലാംക്കെ അനുധാളിച്ചു. എന്നല്ല, ഇദ്ദേഹം ഈ നാടകം എഴുതാൻ ആരംഭിക്കുമ്പോൾ ഗുരുക്കന്മാരെക്കൊണ്ടു രണ്ടു മംഗളശ്ലോകങ്ങൾകൂടെ ചൊല്ലീട്ടുണ്ട്. അതും കൂടി എനിക്കു കട്ടിയാണ്.

സൂത്ര—എന്താണത്?

നടൻ—അമ്മാമനും ഗുരുവുമാകിന കുഞ്ഞുരാമ-
വർമ്മാവനീപതി കൃപാനിധി ചാരുശീലൻ
ദുർമ്മാർഗ്ഗമേറിടുമൊരെൻ കവിതയ്ക്കു നല്ല
സന്മാർഗ്ഗരീതി വരുവാൻ വരമേകിടേണം. ൧

അത്രതന്നെ അല്ല,

ഞാനെന്നാൽ 'ഞായ'രക്ഷയ്യാത്ത ഗുണവഴിയേ
പോകുവാൻ 'തിങ്ക'ളെക്കും
മാനം 'ചൊവ്വാ'യ് വഹിക്കും 'ബുധ'നതിമതിമാൻ
'വ്യാഴ'തുല്യപ്രഭാവൻ
നൂനം പൊൻ 'വെള്ളി'യെന്നീവക 'ശനി' നിയതം;
വിദ്യതാൻ വേണ്ടതിന്നീ-
ജ്ഞാനം മേ തന്നൊരച്ഛൻ കനിയണമിഹ മേ
വെണ്മണിക്ഷ്മാസുരേന്ദ്രൻ. ൨

എന്നാണ്.

സൂത്ര—ആട്ടേ. നമുക്കു കാൎയ്യം നടത്തുവാൻ ഉത്സാഹിക്കുക. നേരം വൈകിത്തുടങ്ങി. വേഗം ആട്ടക്കാരോടു വേഷം കെട്ടാൻ പറയൂ.

നടൻ—കല്പനപോലെ (എന്നു പോയി)

സൂത്ര—(നാലുപുറത്തും നോക്കീട്ട്) അഹോ! വസന്തം ബഹു കേമംതന്നെ!

ഇച്ഛിച്ചീടുംപ്രകാരം മലർ മധു തളിരെ-
ന്നൊക്കെ വല്ലാതെ തിന്നും
മൂൎച്ഛിക്കും പഞ്ചമാഖ്യസ്വരമതു വെളിവിൽ-
കേൾക്കുമാറച്ഛമാൎന്നും
സ്വാച്ഛന്ദം കോകിലൌഘം പിടകളൊടുമുടൻ
പൂത്ത തേന്മാവിലേറീ-
ട്ടാശ്ചൎയ്യം വാണിടുന്നു വടിവൊടു മദന-
സ്വാമി വില്ലേന്തിടുന്നു. ൭

അത്രതന്നെ അല്ല,

അമ്പും വില്ലും കൊടിയും
കമ്പം കൈവിട്ടു പൂക്കളായ് ത്തന്നെ
അമ്പിനൊടെടുത്തുകൊണ്ട-
ഞ്ചമ്പൻ കുളിർകാററത്തേരിലേറുന്നു. ൮

(അണിയറയിൽ)

ചൊല്ലാവതല്ലാതിവടിവെഴുന്ന വസന്തകാല-
ത്തുല്ലാസമോടു ഭഗവാൻ വസുദേവപുത്രൻ
വില്ലാളിയാകിയൊരു സാത്യകിയോടുകൂടി-
സ്സല്ലാപമോടുമിത ചുറ്റു കളിച്ചിടുന്നു. ൯

സൂത്ര—ഇനി വേണ്ട കഷ്ടം നടത്താൻ പോവുകതന്നെ
(എന്നു പോയി)

(പ്രസ്താവന കഴിഞ്ഞു)

---

(അനന്തരം സാത്യകിയും ശ്രീകൃഷ്ണനും പ്രവേശിക്കുന്നു)

ശ്രീകൃഷ്ണൻ—കളിക്കെടോ! ചുക്കിണിയും പിടിച്ചി-
ട്ടിളിച്ചിരുന്നാൽ മതിയാകയില്ലു;
കളിപ്രയോഗത്തിൽ മടങ്ങിയെന്നാ-
ലിളിഭ്യനാമെന്നു മടിച്ചിരുന്നൊ? ൧൦

സാത്യകി—മററൊന്നുമല്ലിവിടെ ഞാൻ സുമതേ! ചിരിച്ച-
തോറം നമുക്കു ജയമാ,മിവിടുന്നു തോല്ക്കും;
തെററന്നതോൎത്തിഹ രസിച്ചു ചിരിച്ചതാണു;
പററം ദൃഢം തവ മടക്കമതൊന്നു കാണ്ക. ൧൧

എന്നു കളിക്കുന്നു.

ശ്രീകൃഷ്ണൻ—(സൂക്ഷിച്ചു നോക്കീട്ടു്) ഓ! ശരി: പന്ത്രണ്ടുതന്നെ പററിച്ചുവല്ലോ താൻ.

സാത്യകി—ഇങ്ങിനെയിനിയും തോററിട്ട-
മങ്ങനുജൻ ഞാൻ കളിച്ചിടുന്നേരം;
അംഗനമാരൊടു കാട്ടിന
ഭംഗി നരാധീശ! നമ്മൊടൊത്തിടുമോ? ൧൨

ശ്രീകൃഷ്ണൻ—(വിചാരം) ആട്ടേ ഇയ്യാൾ ജയിക്കട്ടേ. ജയിച്ചാലേ മേനിപറയുന്നതു കേൾപ്പാൻ തരമുള്ളു. (സ്പഷ്ടം)

മടക്കവും തേ ജയവും സഖേ! ക-
ണ്ടുടക്കമാണെന്നിഹ തോന്നിടുന്നു;
മിടുക്കവെച്ചൊട്ടു തിരുമ്മി നന്നായ്-
ക്കിടുക്കിയിച്ചുക്കിണ്ണി വിട്ടുകൊൾക.

സാത്യകി—ഞാനടക്കിക്കളിക്കുന്നുണ്ടെന്നാണോ ഇവിടുന്നരുളിച്ചെയ്യുന്നത്. ആട്ടേ. എന്നാൽ ആ അപവാദം തീൎത്തിട്ടേ ഉള്ളു. ഇനി കളി അടക്കിക്കളിച്ചാലെന്താണ്?

അടക്കിയമ്പോടു കളിച്ചു, മാന-
മെടുക്കുകെന്നാലതിനെന്തു ദോഷം?
പൊടുക്കനേ വെച്ചു തിരുമ്മിയിട്ടു
കിടുക്കിവിട്ടീടുകിലെന്തു മാനം? ൧൪

തിരുമ്മിക്കളിച്ചിട്ടുള്ള ജയമാണെങ്കിൽ ഇലയിട്ടുനോക്കി നിശ്ചയിച്ചാൽ പോരേ? അകം വീണാൽ ജയം, പുറം വീണാൽ മടക്കം എന്ന്. എന്താണ് ഭേദം?

ശ്രീകൃഷ്ണൻ—ഈ അടക്കിക്കളിച്ചിട്ടു ജയിക്കുകയാണെങ്കിൽ ചുക്കിണ്ണി എടുത്തു് വിചാരിച്ചു എണ്ണം കാണിച്ചു വെച്ചാൽ പോരേ? എന്താണ് വ്യത്യാസം?

സാത്യകി—വ്യത്യാസം അകലെ കളിച്ചു വീഴിക്കുന്നതു തന്നെ.

ശ്രീകൃഷ്ണൻ—ആട്ടേ. പണ്ടിങ്ങിനെ വല്ലവരും അടക്കിക്കളിക്കാറുണ്ടോ? ഇയ്യിടെ തുടങ്ങിയതല്ലേ ഇതു്?

സാത്യകി—ഇല്ലാ. അതല്ലേ ഈ കളിക്ക് അധികമൊരു മെച്ചം.

മടിച്ചിടാതങ്ങിനെ കണ്ടു കണ്ടു-
പിടിച്ചിടും കൌശലജാലമെല്ലാം
പഠിച്ചതല്ലാ കളവെന്നു നാട്യം
നടിച്ചുപേക്ഷിക്കുക ഭംഗിയാമോ? ൧൪

ശ്രീകൃഷ്ണൻ—ആട്ടേ തരക്കേടില്ല. നിങ്ങളുടെ ഓരോ പരിഷ്കാരങ്ങൾ പഴമക്കാരെ ഒക്കെ മടക്കാൻ കൊള്ളാം.

(അണിയറയിൽ)

എന്തൊന്നാണിതമന്ദകാന്തിയവിടെ-
ച്ചിന്തുന്നതോക്കുംവിധൌ?
ചന്തം ചിന്തിന മിന്നലിങ്ങിനെ വരാൻ-
വയ്യിന്നു രാവല്ലെടോ;
ചിന്തിച്ചപ്പൊഴറിഞ്ഞു സാരമിവിടെ,-
ഗ്ഗോവിന്ദനെക്കാണുവാൻ
ചെന്താർബാന്ധവനായിടുന്ന ഭഗവാൻ
വന്നീടുകായീടണം. ൧൫

(അനന്തരം ഗദൻ പ്രവേശിക്കുന്നു.)

ഗദൻ—ഈ വിവരം ഭഗവാനെ അറിയിക്കുകതന്നെ.

(ചുററിനടന്നുംകൊണ്ടു നോക്കീട്ട്)

സാത്യകിയോടും ചേർന്നതി-
ജാത്യമൊടും ചൂതുപൊരുതി വിരുതുകളും
വൃത്തിയിലോതിക്കൊണ്ടു ജ-
ഗത്ത്രയനാഥൻ വിളങ്ങുന്നു. ൧൬

(അടുത്തു ചെന്നിട്ടു തൊഴുതുംകൊണ്ടു)

അത്ഭുതമത്ഭുതമോൎത്താൽ
ചിൽപൂരുഷനതായിട്ടും ഭവൽചരിതം!
കെല്പൊടു ഭഗവാനക്കനു-
മിപ്പോഴം കാണ്മാൻ വരുന്നു തവ സവിധേ. ഹ്രവ്യ

ശ്രീകൃഷ്ണൻ—ഏ! ഭഗവാനാദിത്യനോ! ആട്ടേ. നോക്കിനി ഇപ്പോഴം കളി വേണ്ട. അങ്ങട്ടു പോവുക. (എല്ലാവരും ചുററിനടക്കുന്നു.)

ശ്രീകൃഷ്ണൻ—നോക്കീട്ടു്,

ശരി ശരി: ഭഗവാനാമക്കനല്ലീമനുഷ്യൻ
വിരുതുടയൊരു സത്രാജിത്തുതാനായ്വരേണം;
പരമിവനുടെ വാക്കീമട്ടു കേട്ടിട്ടു വല്ലാ-
തൊരു മിഴിയടനേരം മാറി ഞാനും ഭ്രമിച്ചു. മന

ആട്ടേ. ഇദ്ദേഹത്തിന്റെ വരവു കാണുകതന്നെ. (എന്നു നോക്കിക്കൊണ്ടു്) ഏ! ഇങ്ങോട്ടുതന്നെയാണു വരുന്നതു്. (അനന്തരം സത്രാജിത്തു് പ്രവേശിക്കുന്നു.) എല്ലാവരും തമ്മിൽ കണ്ടു യഥോചിതം ഉപചാരം ചെയ്യുന്നു.

സാത്യകി—നമുക്കെല്ലാവക്കും ഈ പൂമുഖത്തു കുറച്ചുനേരം ഇരിക്കുകയല്ലേ?

ശ്രീകൃഷ്ണൻ—അങ്ങിനെതന്നെ (എല്ലാവരും ഇരിക്കുന്നു.)

ശ്രീകൃഷ്ണൻ—ഇവിടുന്നു് ആദിത്യനെ സേവിക്കാൻ പോയതിന്നു ശേഷമുള്ള കഥ എല്ലാം വിസ്തരിച്ചു കേട്ടാൽ കൊള്ളാം.

സത്രാജിത്ത് — കാരുണ്യം കലരും ത്രയീമയവപു-
സ്സാകുന്നോരാദ്ദേവനെ-
പ്പാരം ഭക്തി വളൎന്നുകൊണ്ടു വളരെ-
ക്കാലം ഭജിച്ചേനഹം;
സ്വൈരം ദാരസുതാദിയായ വിഷയ-
ഭ്രാന്തിൽ ഭ്രമിക്കാതെക-
ണ്ടാരംഭിച്ചതിലേറിയേറി ഭജനേ
നിഷ്കൎഷയും നിഷ്ഠയും. ൨൦

ശ്രീകൃഷ്ണൻ — നൈരാശ്യമുള്ള ആളുകൾക്ക് എന്താണു ഞെരുക്കം?

തുടങ്ങിടും കാൎയ്യമതിങ്കലേറ്റം
മുടങ്ങിടാതേ നിരുപിച്ചപോലെ
ദൃഢം മഹാനിഷ്ഠയൊടും നടപ്പോ-
ക്കുടൻ മഹാത്മൻ! പറകെന്തസാദ്ധ്യം? ൨൧

ആട്ടെ! പിന്നെ.

സത്രാ — വളരെ വളരെ നാളീമട്ടു ഞാൻ സേവചെയ്യോ-
രളവു തെളിവു കൂടും പ്രീതിയോടെന്റെ മുമ്പിൽ
വെളിവിലജനനന്തൻ ചൊല്ലുകെന്തിഷ്ടമെന്നാ-
യൊളിവു ഹൃദി നിനച്ചീടാതെ ചൊന്നാൻ പ്രകാശം.

ഞാനാകട്ടെ,

നിനച്ചിടാതിങ്ങിനെ കണ്ടനേരം
ജനിച്ചൊരാനന്ദജബാഷ്പമോടും

അനേകവാരം പ്രണമിച്ചു ലോകേ-
ശനേ വണങ്ങി സ്തുതിചെയ്തു നിന്നോൻ. ൨൩

ഒന്നും മിണ്ടാൻ കഴിഞ്ഞില്ല—എന്താണ് വേണ്ടതെന്നു രൂപമില്ലാതെകണ്ടായിപ്പോയി. പിന്നെ കുറച്ചു നേരം കഴിഞ്ഞപ്പോൾ വാക്സ്തംഭമൊക്കെ നിത്തി, ഇപ്രകാരം അറിയിച്ചു:—

സദാ ഭവത്സേവയതൊന്നുമാത്രം
മുദാ സരോജപ്രിയ! ചെയ്യുവാൻ മേ
ഉദാരകാരുണ്യമുദിച്ചുവെന്നാ-
ലദാന്തസന്തോഷമതായി നൂനം. ൨൪

അപ്പോൾ ഭഗവാൻ,

"എന്നുടെ ബിംബമൊടൊപ്പം
മിന്നുടുമീമണി ഭവാനു നൽകുന്നേൻ;
എന്നാൽ 'സ്യമന്തക'മതാ-
ണെന്നായറികിതിന്നു നാമമയി! ധീമൻ! ൨൫

ഇതു് എന്റെ ഒരു ഓർമ്മക്കു് അങ്ങെയ്ക്കിരിക്കട്ടെ.

എന്നാലെട്ടെട്ടു ഭാരം കനകമിതു ദിന-
ന്തോറമുണ്ടാക്കു,മെന്നും
നന്നായ് വന്നീടുമീയുത്തമമണിയണിയും
മാനുഷന്നാത്രയല്ല,
തോന്നില്ലാ ദൈന്യം ലേശവുമകമലരിൽ
സത്യധർമ്മാദിനിഷ്ഠ-
യ്ക്കെന്നല്ലാം നന്മ കൂട്ടും പരമുപരി ഗുണം
കണ്ടിട്ടും വേണ്ടുവോളം."

എന്നു പറഞ്ഞ് അവിടുന്നുതന്നെ ഈ മണി എന്റെ കഴുത്തിലണിയിച്ചു.

ശ്രീകൃഷ്ണൻ—അതിഭക്തനായ അങ്ങയുടെ അവസ്ഥക്ക് ഇതിലെന്താണൊരത്ഭുതം? എന്നാൽ ഞാനൊന്നു ചോദിക്കാൻ പോകുന്നു. ദുരാഗ്രഹമാണെന്നു തോന്നരുത്.

കേട്ടീടേണം ജഗത്തിൽ കൊടിയ ഗുണമെഴും
ശ്രേഷ്ഠവസ്തുക്കളെല്ലാം
കോട്ടം വിട്ടോരു ഭൂമീപതിയുടെയവകാ-
ശത്തിലായുള്ളതത്രേ;
പിട്ടല്ലിന്നുഗ്രസേനക്ഷിതിപതിയവർകൾ-
ക്കീ മഹാരത്നമങ്ങു-
ന്നിഷ്ടത്തോടേ കൊടുത്തീടുക; പരമതു ധ-
ർമ്മ്യാക്കൃതേ ന്യായമാകും. ൨൧

അല്ലാതെകണ്ട് എനിക്കൊരാവശ്യമുണ്ടെന്നു വെച്ചു പറഞ്ഞതല്ല.

സത്രാ—(തല താഴ്ത്തിക്കൊണ്ടു വിചാരം)

ചോദിച്ചീടുന്നതോർത്താൽ ചതുരത കലരു-
ന്നോരു ഗോവിന്ദനാണെ
പ്രീതിക്കായേകുദോഷം വരുമിതു തരികി-
ല്ലെന്നു ചൊല്ലുന്നതായാൽ;
ചേതം ചൊല്ലു നൽകീടുകി,ലിതു വിഷമം
തന്നെ, ഞാനെത്രകാലം
ചെയ്യോരീ ബുദ്ധിമുട്ടിന്നുടെ ഫലമപര-
ന്നേകിയാൽ ശോകമത്രേ. ൨൨

അതുകൊണ്ട് എന്താണു വേണ്ടത്.

തരുന്നതല്ലെന്നു തികച്ചു നേരേ
തുറന്നു ചൊല്ലാൻ മടിയുണ്ടുതാനും;
വരുന്നതെല്ലാം വരുമിന്നു മിണ്ടാ-
തരം നമുക്കങ്ങു ഗമിക്കതന്നെ. ൮൯

ശ്രീകൃഷ്ണൻ—(വിചാരം) ഈ വിദ്വാൻ തരില്ല തീച്ചതന്നെ. എങ്കിലും നാട്യമറിയാമല്ലോ.

സാത്യകി—(വിചാരം) സത്രാജിത്തിന്നും വലിയ ദുഘടമായിട്ടുണ്ട്.

പ്രാജ്യമായ മണി കയ്യവിട്ടടൻ
രാജ്യപാലനു കൊടുപ്പതെങ്ങിനെ?
പൂജ്യരാകുമവരൊന്നിരക്കുകിൽ
പൂജ്യമെന്നു പറയുന്നതെങ്ങിനെ? ൯൦

ശ്രീകൃഷ്ണൻ—മനസ്സുണ്ടെങ്കിൽ കൊടുത്താൻ മതി; എനിക്കു നിർബ്ബന്ധമൊന്നുമില്ല.

സത്രാ—ഒന്നുംമിണ്ടാതെ എഴുനീററുപോയി.

ഗദൻ—നേരം മദ്ധ്യാഹ്നമായി.

പാരം തീക്ഷ്ണതപൂണ്ട രശ്മിനിരയാ-
മാഗ്നേയബാണങ്ങളെ-
പ്പാരെല്ലാമമരുന്ന ലോകരുടെ നേ-
രിട്ടായ് ചൊരിഞ്ഞങ്ങിനെ
ഘോരാകാരതയോടുമംബരമതാമാജി-
സ്ഥലേ നിന്നുകൊ-
ണ്ടേറെപ്രൌഢത കാട്ടിടുന്നു രവിയാം
തേരാളി നേരിട്ടിതാ. ൯൧

ശ്രീകൃഷ്ണൻ—ശരിയാണത്.

തണലാം മരബ്ബാണമെയ്യുകൊണ്ടി-
ത്തൃണവൃക്ഷാദികളും മനുഷ്യരും കേൾ
തരുണാർക്കനൊടൊത്തെതിർക്കിലും ചെ-
ററണയുന്നുണ്ടു സുഖം സ്വശക്തിപോലെ. ൩൨

സാത്യകി—ബഹ്വാദരത്താൽ ദ്വിജാലോകമെല്ലാം
മാദ്ധ്യാഹ്നികം ചെയ്തു ജപിച്ചീടുന്നു;
ഉദ്യാനവാപീദ്വിജസംഘമാത്മ-
വിദ്യാജവംപോലെയടങ്ങിടുന്നു. ൩൩

നമുക്ക മാദ്ധ്യാഹ്നികത്തിന്നു പോവുക.

(എന്ന് എല്ലാവരും പോയി)

ഒന്നാമങ്കം കഴിഞ്ഞു.

## രണ്ടാമങ്കം

(അനന്തരം രണ്ടു കാട്ടാളന്മാർ പ്രവേശിക്കുന്നു)

ഒന്നാമത്തേവൻ—എടോ! തന്റെ കുന്തത്തിന്റെ മുന എങ്ങിനെയാണ് ഒടിഞ്ഞത്?

മററവൻ—അതോ? ഞാനിങ്ങോട്ടു പോരുംവഴി ഒരു വലുതായ പന്നിത്തടിയൻ നേരിട്ടു. അവന്റെ നേരെ ചാട്ടിയപ്പോൾ ആ ജന്തു പേടിച്ചോടി. എന്റെ ഉന്നം പാറിയില്ല. കുന്തമൊരു പാറയിൽ കൊണ്ടൊടിഞ്ഞു.

ഒന്നാമത്തവൻ—തന്റെ ഉന്നം കണ്ടിട്ടു പന്നി പേടിച്ചോടിയോ? പന്നി നേരെ ഓട്ടും എന്നല്ലാതെ പിന്നോക്കം ഓടില്ലെന്നാണല്ലൊ കേട്ടിരിക്കുന്നതും, വളരെ കുറി കണ്ടിട്ടുള്ളതും.

മാറവൻ—പേടിച്ചോടി എന്നുവെച്ചാൽ എന്റെ നേരിട്ടു തന്നെയാണ് ഓടിയത്.

ഒന്നാമത്തവൻ—(ചിരിച്ചുംകൊണ്ട്) എന്നാൽ പേടിച്ചോടുകയാണോ? ചൊടിച്ചോടി എന്നു പറ. ആട്ടെ; പിന്നെ?

മാറവൻ—അവൻ എന്റെ അടുത്തു വന്നപ്പോൾ ഉറയിൽ നിന്നു ചുരിക ഊരി ഒരു കുത്തു കുത്തി. അതു കഴുത്തിൽത്തന്നെ. കൊണ്ടു; അവൻ ചാവുകയും ചെയ്തു. ആട്ടെ, കാടിളക്കാൻ പോയിട്ടുള്ള ആളുകളുടെ കഥയൊന്നും കേൾക്കുന്നില്ലല്ലൊ. എന്തായിരിക്കും?

(അണിയറയിൽ കളകളം)

'ഓടിക്കൊൾവിനൊഴിഞ്ഞു നിങ്ങളഖിലം;
വീരൻ പ്രസേനൻ നൃപൻ
ചാടിക്കൊണ്ടു പുളച്ചിടും കുതിരമേൽ
കേറിക്കളിച്ചങ്ങിനെ
മോടിക്കായിടയിൽ പരം വിരുതു കാ—
ണിച്ചും രസിച്ചും കുറേ—
ക്രീഡിക്കുമ്പൊളെതൃത്തുവന്നു വലുതാ—
യീടും മൃഗേന്ദ്രാധിപൻ.' സ്രഗ്ദ്ധര

എന്ന്.

ഒന്നാമൻ—ഓ! വൈഷമ്യമായോ തമ്പുരാനേ!

മാറവൻ—ഹും! അവിടേക്ക് ആയിരം സിംഹം അടുത്തുവന്നാലും കൂസലില്ല. പിന്നെയുണ്ടോ ഒരു സിംഹം വന്നാൽ.

(പിന്നെയും അണിയറയിൽ)

'വാളെടുത്തു നൃവരൻ കളിക്കയും,
താളമായ്ക്കതിര ചോടുവെക്കയും,
മേളമോടവിടെയുള്ള കൂട്ടുകാ-
ട്ടാളരൊത്തു വിളികൂട്ടിയാക്കയും. ൩൧

ബഹുകേമംതന്നെ' എന്ന്.

മററവൻ—കേട്ടില്ലെടോ!

ഒന്നാമൻ—വൈഷമ്യമൊന്നും വന്നില്ലെങ്കിൽ തരക്കേടില്ല. വല്ല ദുർഘടവും വന്നാലോ. കാടാണെന്നു കരുതിയാണ് ഞാൻ പറഞ്ഞതു്.

(പിന്നെയും അണിയറയിൽ)

'കൂക്കുവിളി കേട്ടിട്ടമ്പോ-
ളാക്രമഹോ! സിംഹമുഗ്രരവമോടേ
നോക്കമധികം പ്രസേനനെ-
ലാക്കോടു ചാടിപ്പിടിച്ചു തച്ചിട്ടവാൻ. ൩൨

ഇങ്ങിനെ സിംഹവും കൂടീട്ടുണ്ട്. ഒഴിക്കുന്നില്ല. ബലേ ബലേ.

തുള്ളിച്ചാടിക്കളിച്ചും തുരുതുരെയടി പി-
ന്നോട്ടോരഞ്ചെട്ടു വെച്ചും,
വള്ളിക്കൂടങ്ങൾ ഒഴിച്ചും, വടിവൊടു ഹയവും
വാശി വല്ലാതെ വാച്ചും,
തള്ളിക്കേറിപ്പിടിച്ചന്തിട്ടമൊരു വടവിൽ
തത്സമീപം ഗമിച്ചും,
കള്ളം വിട്ടുല്ലസിച്ചും കളമൊടു കളിയാ-
ടുന്നു പാരം രസിച്ചും, ൩൩

എന്ന്

ാമൻ—നോക്കും അങ്ങോട്ടു പോകാം. ബഹുരസമുണ്ടു കാണ്മാൻ.

(ചുററിനടന്നു നോക്കീട്ട്)

നല്ലോരാക്കുതിരയും പ്രസേനനും
ചൊല്ലേഴും ബലമിയന്ന സിംഹവും
തെല്ലുകന്നു മറവായി കുന്നിനി-
ച്ചെല്ലുകില്ല മതി നോക്കൊഴിക്കെടോ. നവ്യ

(അണിയറയിൽ)

'അയ്യോ ദുർഘടമായി!
കയ്യു പിഴച്ചിതു പരം പ്രസേനന്;
വയ്യാതായിതു കുതിര-
ക്കയ്യൊന്നൊരു കുണ്ടിലാപ്പെട്ടു. നര

എന്നുതന്നെയല്ല,

അതുസമയമടുത്തു വന്നു സിംഹം
ശ്രുതികഠിനോൽക്കടസിംഹനാദമോടും
ചതിയിൽ നൃപനെയൊന്നടിച്ചു വീഴി-
ച്ചിതി മണി കയ്യിലെടുത്തു പാഞ്ഞുപോയി.

കഷ്ടം! ഈ വിവരം കേട്ടാൽ സത്രാജിത്തും ഭാര്യയും മററും വളരെ വിധം ദുശ്ശങ്കയോടുകൂടി വ്യസനിക്കും നിശ്ചയംതന്നെ' എന്ന്.

ഒന്നാമൻ—ഓ! ഞാൻ പറഞ്ഞില്ലേ? ആ! വൈഷമ്യം വന്നു. സിംഹത്തിനേയും മററും കളിപ്പിപ്പാൻ പോയാൽ ദുർഘടമാണ്.

(പിന്നെയും അണിയറയിൽ)

'എന്നേ! കൂട്ടമൊടൊരുവക
പന്നികൾ പായുന്നു നോക്കു ചതി പററി' എന്നു
മററവൻ—വന്നതു വന്നു നമുക്കും
ചെന്നിട്ടുകണ്ടോട്ടെ പൊരുതിനോക്കിടുവാൻ. ൪൧

(എന്നു രണ്ടാളും പോയി.)

പ്രവേശകം കഴിഞ്ഞു.

---

(അനന്തരം സത്രാജിത്തും ഭാൎയ്യയും പ്രവേശിക്കുന്നു)

ഭാൎയ്യ—ഇന്നെന്താണിത്രനേരം ബത! പതിവുകണ-
ക്കല്ല വത്സൻ പ്രസേനൻ
വന്നില്ലാ വേട്ടയാടാൻ വടിവിനൊടു ഗമി-
ച്ചിട്ടു രാവാകിലും കേൾ;
വന്നെന്നോ വല്ലേടത്തും വലിയൊരപജയം?
നല്ല മട്ടല്ല; മോദം
തോന്നുന്നില്ലെന്മനസ്സിൽ പെരിയൊരപകടം
പററി ചെററില്ല വാദം. ൪൨

സത്രാജിത്ത്—ശരിയാണതു്. നായാട്ടിന്നു പോയാൽ രണ്ടു മൂന്നു നാഴിക പകലെ എത്താറ പതിവാണല്ലോ. ഇന്നിത്ര നേരമായിട്ടും വരാതെകണ്ടിരിക്കണമെങ്കിൽ വലുതായൊരു വൈഷമ്യം വന്നിരിക്കണം.

നായാട്ടതിൽ ദുഘടമായ ദിക്കിൽ
പോയിട്ടുമാമീവക കഷ്ടമെല്ലാം;
മായംപെടും വൈരികളുള്ളവൎക്കു
മായീടുമീവണ്ണമനൎത്ഥമെല്ലാം. ൪൩

ദ്രവ്യം കയ്യിലെഴുന്നവക്കു പലമ-
ട്ടാപത്തു വന്നീടുമെ-
ന്നവ്യാജം പലരും പറഞ്ഞു പരിചിൽ
കേൾപ്പുണ്ടു കേല്പോടു ഞാൻ;
ദിവ്യശ്രീമണിയാം സ്യമന്തകമതും
കണ്ഠേ ധരിച്ചാണവൻ
ഭവ്യത്വത്തൊടു വേട്ടയാടുവതിനായ്
ചാടിപ്പുറപ്പെട്ടതും. ൪൪

അപ്പോൾതന്നെ ഞാൻ പറഞ്ഞു—ഈവക വസ്തുക്കൾ പുറത്തേക്ക് ഇറക്കരുത്. വളരെ ശത്രുക്കളുണ്ടാവും. അതുകൊണ്ടിതും കൊണ്ടുപോകേണ്ട. എന്തെങ്കിലും വല്ല ആപത്തും വരും എന്ന്. അപ്പോൾ അത് ആയാൾക്ക ബോധിച്ചില്ല.

കഠഞ്ഞതെന്നാകിലുമപ്രിയത്തെ
മുറിഞ്ഞു ചൊല്ലാൻ മടിയുണ്ടെനിക്ക്;
അറിഞ്ഞു കൂടാത്തതിനോൎമ്മവെക്കാൻ
പറഞ്ഞുടനാക്കീ, ഫലമായതില്ല. ൪൫

പിന്നെ എന്തെങ്കിലുമാകട്ടെ എന്നു വിചാരിച്ചു ഞാൻ കൊടുത്തു. എന്തെല്ലാമാണാവോ വൈഷമ്യം പററിയത്.

ഒരു മന്ത്രി പ്രവേശിച്ചിട്ടു (വിചാരം)

വേട്ടക്കുടുവണ്ടിപ്പുരിചിൽ പ്രസേനൻ
വാട്ടം വിനാ നമ്മുടെ കൂടെയല്ലോ

പെട്ടെന്നു പോന്നതല്ലത്രെ; കാട്ടിൽ വേറേ
പെട്ടിട്ടു കണ്ടീലവനെക്കാലാശം. രന്ന്

എന്നാൽ അദ്ദേഹത്തിനേയും രണ്ടു കാട്ടാളന്മാരേയും ഒരു ശൂദ്രനേയും മാത്രമേ കാണാതെകണ്ടായിട്ടുള്ളൂ. അവരുടെ വിവരം ആൎക്കും അറിവില്ലതാനും. എന്തുകാട്ടാം. എന്നാൽ—

പുത്രനതെന്നകണക്കതി-
മാത്രസ്നേഹം വളൎത്ത സോദരനെ
ഇത്തെവ്വു കണ്ടിടാത്തതു-
സത്രാജിത്തോടു ചൊൽവതതെങ്ങിനെ ഞാൻ?

എങ്കിലും പറയാതെകണ്ടു നിവൃത്തിയില്ലല്ലോ (എന്നടുത്തു ചെന്നിട്ട് ആചാരോപചാരങ്ങൾ ചെയ്യുന്നു)

സത്രാ—ഉണ്ണി പ്രസേനനെവിടെ?

സത്യസേനൻ—'ഇങ്ങിനെയൊക്കെയാണ്' എന്നു വിവരം പറയുന്നു.

ഭാൎയ്യ—അയ്യോ നീ വലിയോരു കാട്ടിൽ വഴിതെ-
റ്റിച്ചുറ്റ ദുഃഖിക്കയോ
കയ്യൂക്കേറിന ദുഷ്ടജന്തുനിരയായ്
നേരിട്ടു കഷ്ടിക്കയോ?

സത്രാ—കയ്യോടേ കപടം ധരിച്ചചിലശ-
ത്രുക്കൾക്കു കയ്യിൽ പിണ-
ഞ്ഞിയ്യൂഴം വലുതായിട്ടുന്നൊരു വിപ-
ത്തിൽ പെട്ടു നീയെന്നതോ? രവ്വ

സത്യസേനൻ—എങ്ങിനെയാണെന്നു നിശ്ചയിക്കാറായോ? ഇന്നു രാത്രിയായിപ്പോയി. ഇരുട്ടായതുകൊണ്ടു വേറൊ ദിക്കിൽ താമസിച്ചു നാളെ കാലത്തു വരുമെന്നു വിചാരിക്കരുതേ?

സത്രാ—ശരിയാണത്; 'അതിസ്നേഹഃ പാപശങ്കീ' എന്നല്ലെ പ്രമാണം. അതുകൊണ്ട് അങ്ങിനെ വൈഷമ്യംകൂടി ആലോചിച്ചു എന്നേയുള്ളൂ. താൻ ചെല്ലൂ. (സത്യസേനൻ പോയി)

ഭാൎയ്യ—എനിക്കു പ്രസേനനെക്കാണാഞ്ഞിട്ടു മനസ്സിന്നൊരു സുഖമില്ല.

വേണാററ തന്റെ സചിസംഘമൊടൊത്തുകൂടി—
ക്കാണുന്ന കേളിയരിനായ് ചിലനാൾ ഗമിച്ചാൽ
ക്ഷീണം പെടുന്ന തവ മേനി, വരുന്നനേരം
കാണുമ്പോൾ വത്സ! മമ സങ്കടമെന്തു ചൊൽവൂ.

അങ്ങിനെ ഇരിക്കുമ്പോൾ ഈ കാട്ടിൽ പോയിരിക്കുന്ന കഥ വിചാരിച്ചിട്ട് ഒരു സുഖം തോന്നാത്തതു കഷ്ടമല്ല. എനിക്കു പുത്രനായിട്ടു പ്രസേനനും, പുത്രിയായിട്ട് സത്യഭാമയും എന്നുതന്നെയാണ് വിചാരം.

സത്രാ—എനിക്കതല്ലാ വിചാരം. ചിലരൊക്കയും ഈ മണിക്കു ലക്ഷ്യംവെച്ചിട്ടുണ്ട്. സ്യമന്തകമണിയും കൊണ്ടാണ് ഉണ്ണിപ്രസേനൻ പോയിരിക്കുന്നത്. അവർ വല്ലതും പ്രവർത്തിച്ചിരിക്കുമോ എന്നാണ് എനിക്കു പേടി.

ഭാൎയ്യ—ആരാണീ മണിക്കു ലക്ഷ്യം വെച്ചിരിക്കുന്നത്?

സത്രാ—ഹേ! അതൊന്നും പറയാൻ പാടില്ല. കുറെ വലി

യ പ്രമാണിയാണെന്നു വെച്ചോളൂ.

ഭാൎയ്യ—എന്നോടു പറയുകവയ്യെന്നെന്താണ്? വിശ്വാസമില്ലെന്നോ?

സത്രാ—അതുതന്നെ.

സസാരമായീടിലുമിങ്ങു വേണ്ടി-
ല്ലസാരമായീടിലുമപ്രകാരം
രസിച്ച കാൎയ്യം ബത! പെണ്ണിനേ വി-
ശ്വസിച്ചു ചൊല്ലീടരുതെന്നു കേൾപ്പൂ. ൭൦

ഭാൎയ്യ—അതൊക്കെ ശരിയാണ്. ചില സ്ത്രീകളുണ്ട് വിശ്വസിക്ക വയ്യാത്തവരായിട്ട്. അവരോടു പറയരുത്. എന്നാൽ ഇത് എന്നോടു പറയരുതോ? എന്നെ വിശ്വസിച്ചാൽ എന്താ തരക്കേട്?

സത്രാ—ഇതു വലിയ വൈഷമ്യമുള്ള കാൎയ്യമാണ്.

ചിരം ജഗത്തിൽ പുകൾ പൂണ്ടൊരാളിൽ
കുറഞ്ഞൊരീക്കുററമുരച്ചതായി
പറഞ്ഞുകേട്ടാൽ പ്രഭു മേലിലെങ്ങാ-
നറിഞ്ഞുപോയാൽ ബഹുചീത്തയായി. ൭൧

ഭാൎയ്യ—ഞാനാരോടും പറയുന്നില്ല.

സത്രാ—പറയണോ നിന്നോട്?

ഭാൎയ്യ—വേണം, സംശയമില്ല. കേട്ടാൽകൊള്ളാമെന്നു വളരെ മോഹമുണ്ട്.

സത്രാ—എന്നാൽ ഞാനെന്റെ ഊഹം പറയാം. (പതുക്കെ)

അമന്ദമോഹത്തൊടു വാസുദേവൻ,
സ്യമന്തകം നൽകുക ഭൂപനെന്നും

ഭ്രമം തനിക്കുള്ളതൊഴിച്ചു നീതി-
ക്രമം തെളിഞ്ഞോതിയിരുന്നു മുമ്പിൽ. ൭൨

ഭാമ്മ—അ-ഹ-സാക്ഷാൽ ശ്രീകൃഷ്ണനോ? അദ്ദേഹത്തിനീ ദ്ര വ്യംകൊണ്ടെന്താണു് വേണ്ടതു്? സാക്ഷാൽ ശ്രീഭഗവതിയുടെ ഭർത്താവല്ലേ?

സത്രാ—അതൊക്കെ ശരിയാണു്. പക്ഷേ ഒന്നുവിചാരിക്കൂ.

പരം ഗുണം സർവ്വവുമൊത്തൊരാളെ-
ന്നിരിക്കിലും ദ്രവ്യമതെത്രതന്നെ
തരത്തിലാക്കീടിലുമിങ്ങു പാർത്താ-
ലൊരുത്തനുണ്ടോ ബഹുതൃപ്തിയായി. ൭൩

ഭാമ്മ—എങ്കിലും ശ്രീകൃഷ്ണനങ്ങിനെ ചതിച്ചു കൈക്കലാക്കുമോ?

സത്രാ—അതും ഇല്ലെന്നു തീർച്ചപ്പെട്ടത്തേണ്ട.

പണ്ടാമ്പെറപ്പുകാലം
കണ്ടോർ!ടയത്തികളുടെ പുരതോറും
തെണ്ടിക്കട്ടു ഭുജിച്ചും
കൊണ്ടല്ലേ കഴിവതോർത്തുകൊണ്ടാലും. ൭൪

ഞാനൊന്നും പറഞ്ഞില്ലേ. ഇങ്ങിനേയുമൂഹിക്കാം.

ഭാമ്മ—അതു ശരിതന്നെയാണു്.

ദുഷ്ടനൃപാലരെയുഴിയി-
ലൊട്ടൊഴിയാതേ മുടിക്കുവാൻവേണ്ടി
പെട്ടെന്നു വാഴ്കിലും പിഴ
കാട്ടുന്നതു കണ്ണനാണധികമല്ലോ. ൭൫

നമ്മുടെ ഗ്രഹപ്പിഴകൊണ്ട് ഈ പ്രസേനൻെറ നേരെ യും അങ്ങിനെ ചെയ്യാൻ തോന്നിയാൽ മതിയല്ലൊ.

സത്രാ—(ശ്രീകൃഷ്ണനോടു നേരിട്ടു പറയുംപോലെ)

ധർമ്മം നേരെ നടത്തീടണമഴകൊടധർമ്മം
നശിപ്പിച്ചിടേണം
കർമ്മംകൊണ്ടെന്നതല്ലേ തവ ജനനഫലം?
കഷ്ടമെന്നിട്ടുമിപ്പോൾ
ചെമ്മേ കട്ടും കവൎന്നും ചതിയൊടു പലരെ-
ക്കൊന്നുമീമട്ടിലായി-
ദ്ദുർമ്മൎയ്യാദം തുടങ്ങുന്നതു ബഹുശരിയാ-
ണെന്നു തോന്നുന്നതുണ്ടോ? ൫൧

ഇത്ര ദുരാഗ്രഹമുണ്ടീ-
വൃത്തിയൊടും മണിയിലെന്നറിഞ്ഞെന്നാൽ
മിത്രതയോടും തന്നേ പൊ-
രുത്തു കഴിക്കായിരുന്നു, ചതി പററി. ൫൨

(പ്രസേനനോടു നേരിട്ടു പറയുംപോലെ)

പ്രസേന! നിന്നോടണിയേണ്ട ഭൂരി-
പ്രസാദമേറം മണിയെന്നിവണ്ണം
സസാരമായ് ചൊന്നതറിഞ്ഞിടാഞ്ഞോ-
രസാധുഭാവത്തിനിതും പിണഞ്ഞോ? ൫൩

ഭാൎയ്യ—വ്യസനിക്കാൻ വരട്ടെ. ആപത്തൊന്നും വരാതെ കണ്ടു നാളെ പ്രസേനൻ ഇവിടെ വന്നു എന്നു വെച്ചാൽ ഈ ശങ്കയൊന്നും ശങ്കിക്കേണ്ടതല്ലൊ.

തീൎച്ചയായിട്ടുമതിന്നു മുമ്പിലീ-
വേഴ്ചക്കൂട്ടമിവരെയുമീവിധം

താഴ്ചയോടു ബഹുവൈരിയെന്നു താൻ
വെച്ചിടായ്കയിവു കൂടിടും ഭവാൻ. ഉരു

സത്രാ—ഇപ്പോൾ നീ പറഞ്ഞതു ശരിയാണ്. രണ്ടുദിവസം കഴിഞ്ഞ തീച്ചപ്പെട്ടതാവും. അതുകൊണ്ട് ഈ കഥ ആരോടും മിണ്ടേണ്ട.

ഭാര്യ—ഞാൻ മിണ്ടുകയോ!

പരക്കെയീപ്പാത്ത പരന്നുവെന്നാ-
യിരിക്കിലും തോഴികളോടുപോലും
ധരിക്ക ധൈര്യത്തൊടുമെൻകഴുത്ത-
ങ്ങരുക്കിലും ഞാൻ പറയുന്നതല്ല. ന്റ

(ഒരു ശബ്ദം കേട്ടീട്ട്) ഓ! എന്താണീ ശബ്ദം കേട്ടത്. കോഴിയുടെയാണ് അല്ലേ? ഇത്രയായോ നേരം?

സത്രാ—പരിചൊടു പലതും തമ്മിൽ
പറയുന്നവർ പരമഴിഞ്ഞ മനമോടും
നേരംപോക്കല്ലയി! കേൾ
നേരം പോകുന്നതറിയില്ല. ന്യ

ഭാര്യ—വ്യസനമായാൽ നേരംപോകില്ലെന്നല്ലേ കേട്ടിരിക്കുന്നത്?

സത്രാ—ശരിയാണ്. സന്തോഷവത്തമാനം വല്ലതുമായിരുന്നു നമ്മളിങ്ങിനെ പറഞ്ഞിരുന്നത് എന്നു വെച്ചാൽ ഇതിലും വളരെവേഗം നേരംവെളുത്തേനെ.

കൂകുന്നു കുക്കുടൌഘം കൊടിയൊരു ജവമോ-
ടെന്റെ വത്സൻ പ്രസേനൻ
വൈകാതീയൊച്ചകേട്ടിട്ടിതിനെതുവിളി കേ-
ട്ടീടുവാനെന്നപോലെ

മാഴ്കുന്നുണ്ടാമ്പലൻപോടയി! മമ ദയിതേ!
വത്സദന്വേദർപോലെ
പോകുന്നു നാട്ടിനേ വിട്ടിരുളുമിനിവരും
സങ്കടം കാത്തുകൊൾക. ന്നവ

സന്ധ്യാവന്ദനകാലമായി.
(എന്ന് എല്ലാവരും പോയി)
രണ്ടാമങ്കം കഴിഞ്ഞു

---

## മൂന്നാമങ്കം

(അനന്തരം രണ്ടു പെണ്ണുങ്ങൾ പ്രവേശിക്കുന്നു.)

ഒരുത്തി—എടി മാധവീ! നിൻെറ കാതില എവിടെ?

മാധവി—എൻെറ പെട്ടിയിൽ വെച്ചിട്ടുണ്ട്. എന്താ നീ അതു ചോദിച്ചത്. ലക്ഷ്മീ?

ലക്ഷ്മി—ചൊല്ലാമതിനുടെ മൂലം
വല്ലവരും കട്ടുകൊണ്ടുപോയിട്ടോ
വല്ലാതിങ്ങിനെ കാതില-
യില്ലാതെ നടപ്പതെന്നോത്തേൻ. ന്നവ

മാധവി—എന്ത്! വെറുതേ വല്ലവരും കട്ടുവോ എന്നു ശങ്കിക്കയോ?

ലക്ഷ്മി—കള്ളമതല്ലേ കരുതി-
ക്കൊള്ളുക മേലാലറിഞ്ഞു കക്കാതെ;
പുള്ളിക്കാർ ചിലർ ഞായ-
കള്ളന്മാരുണ്ടതാണു ചൊന്നതു ഞാൻ. ന്നവ

മാധവി—ആരാണത്?

ലക്ഷ്മി—പറയാൻ പാടില്ല.

മാധവി—കള്ളന്മാരുണ്ടെങ്കിൽ പറയരുതേ?

ലക്ഷ്മി—അല്ല; അസാരം ഗൂഢമാണെന്നേ ഉള്ളൂ. തമ്പുരാക്കന്മാർ തന്നെയാണ്.

മാ—തമ്പുരാക്കന്മാർ കക്കുകയോ? പോടി ഫോ! നിണക്കെന്തറിയാം?

ലക്ഷ്മി—തമ്പുരാക്കന്മാർ എന്നുവെച്ചാൽ ഒരാളേ ഉള്ളൂവേ.

പലതരമേഷണി കൂട്ടി-
ത്തല തല്ലിക്കളയും തരം വരുന്നേരം
വിലയുള്ള വസ്തുക്കളും,
നലമൊടുമിതു തമ്പുരാന്റെ നടപടിപോൽ. നന്ദ

മാ—അഹ! അത് ഏതു തമ്പുരാനാണ്?

ല—(ചെവിയിൽ പതുക്കെ) കൃഷ്ണൻ തമ്പുരാൻതന്നെ.

മാ—അഹഃ! എന്താണ് കട്ടത്?

ല—സ്യമന്തകം തന്നെ.

മാ—സത്രാജിത്തിന്റെ സ്യമന്തകമോ? ഇതെങ്ങിനെ പറ്റിച്ചു? അദ്ദേഹം അതു പ്രസേനനെ കാട്ടാനക്കൂടിയില്ലല്ലോ. പിന്നെ എങ്ങിനെ മോഷ്ടിച്ചു? രാത്രി കടന്നു കത്തിക്കവൎന്നു അല്ലേ?

ലക്ഷ്മി—ഭംഗ്യാ പ്രസേനനതുതന്നെ കഴുത്തിലിട്ടു
മണ്ടാതെ വേട്ടയതിനായ് മലകേറിയപ്പോൾ
ചങ്ങാതി ചെന്നു കുലചെയ്തു കൈക്കലാക്കീ-
ട്ടെങ്ങാണ്ടു കൊണ്ടൊളിവിൽ വെച്ചുവരുന്നുവത്രെ.

മാ—അഹ! ഇത് നീ എങ്ങിനെ കേട്ടു?

ല—എന്നോടങ്ങേവീട്ടിൽ ഗൌരി പറഞ്ഞു.

മാ—അവളോടാർ പറഞ്ഞു?

ല—അവളങ്ങിനെ കേട്ട എന്നേ പറയുന്നുള്ളു.

മാ—സത്രാജിത്തിൻെറ ഭവനത്തിൽനിന്നുതന്നെ കേട്ടതായിരിക്കും. അവൾക്കവിടെ സേവയും മററുമൊക്കെ ഇല്ലേ?

ല—എനി എന്താസേവ കൂടീട്ടു സാദ്ധ്യം?

എട്ടു ഭാരമിഹ പൊന്നു പെററതാൻ
കൂട്ടുടുന്നമണി കട്ടുപോകയാൽ
പിട്ടുകാട്ടിയപിടുന്ന വല്ലതും
തട്ടുവാൻ തരമവൾക്കു പൊങ്ങിതേ. സ്വാ

മാ—ആട്ടെ, ശ്രീകൃഷ്ണൻ തമ്പുരാനീക്കഥ കേട്ടുവോ?

ല—ഓ! കേട്ടു.

മാ—എങ്ങിനെയാണ് കേട്ടത്?

ല—എങ്ങിനെയാണെന്നു ചോദിപ്പാനുണ്ടോ?

പരം നിരക്കേണ്ടുവനത്തിലെല്ലാം
പരന്നൊരീവാൎത്തയൊരാളൊൎക്കിൽ
അറിഞ്ഞിടാനായ് മറവററ നേരേ
പറഞ്ഞുവെന്നേ പറയേണ്ടതുള്ളു, സ്വവൃ

മാ—ആട്ടെ, ആരാണ് പറഞ്ഞത്?

ല—ഇന്നുവെളുപ്പിനിദ്ദേഹം ഉദ്ധവരോടുകൂടി കുതിരസവാരിപോയി. അപ്പോൾ ഒരു ഭവനത്തിൻെറ പടിക്കൽ ഒരു കുട്ടിയെക്കണ്ടു.

പൊൻപുലിനഖമാം മോതിര-
മമ്പൊടു കിങ്ങിണി ചിലമ്പു വളയെല്ലാം
കമ്രമകന്നു ധരിച്ചോ-
രാൺപൈതലിന്നുണ്ടു നല്ല ചൊടി കണ്ടാൽ.

കണ്ണൻ കൌതുകമൊട-
ങ്ങുണ്ണിയെ വേഗാലെടുക്കുവാൻ ചെന്നാൻ;
തിണ്ണം കരഞ്ഞു പൈതലു
കണ്ണീർ ചൊരിയും പ്രകാരമുച്ചത്തിൽ.

അയ്യോ! ഈ ശ്രീകൃഷ്ണൻ എന്നെപിടിപ്പാൻ വരുന്നേ എന്നു നിലവിളിച്ചിട്ടു ശ്രീകൃഷ്ണൻ തമ്പുരാനോടായിട്ട്, 'എന്റെ ശ്രീകൃഷ്ണാ! എന്റെ മോതിരവും വളയുമൊന്നും കക്കല്ലേ. എന്നെ അമ്മ ദ്വേഷ്യപ്പെടും' എന്നു പറഞ്ഞു. അപ്പോൾ ശ്രീകൃഷ്ണൻ ഒന്നു പരിഭ്രമിച്ചിട്ട്,

എന്തെന്തിവണ്ണമിവിടേബ്ഭ്രത! കുട്ടികൾക്കും
സന്തോഷഹാനി വരുവാൻ ബഹുകഷ്ടമെന്നിൽ!
അന്ധതാപമോടു കളവുണ്ടു നമുക്കതെന്നു
ചിന്തിപ്പതിന്നും (വിചാരിച്ചിട്ട്).
ഇതിനീ വഴിയായിരിക്കും. ൬

എന്നു പറഞ്ഞ് അപ്പോൾതന്നെ ഉദ്ധവരോടുകൂടി ഭവനത്തിലേക്കു പോയിട്ടുണ്ട്. ഇതു കണ്ടേറിന്നവളാണ് ഞാൻ.

മാ—ആട്ടേ; നോക്കു സംഗീതശാലയിലേക്കു പോകാം. അവിടെ ബഹുരസമുണ്ട്.

കോട്ടമററ പല പെങ്കിടാങ്ങളും
കൂട്ടമിട്ടു ചില പാട്ടു പാടിയും
കൊട്ടുകയ്യൊട്ടു കളിച്ചിട്ടുന്നൊരാ-
പ്പാട്ടുശാല ബഹുഭംഗിയല്ലയോ? ൨൫

ല—അങ്ങിനെതന്നെ.

(എന്നു രണ്ടാളും പോയി.)

പ്രവേശകം കഴിഞ്ഞു.

---

(അനന്തരം ശ്രീകൃഷ്ണനും ഉദ്ധവരും പ്രവേശിക്കുന്നു.)

ഉദ്ധവർ—മാലോകർതന്നുടയ മട്ടറിയും ഭവാനീ-
മാലോട്ടുകൂടി മരുവുന്നതു കഷ്ടമത്രേ!
ചേലേറിടും ചതുരബുദ്ധിയതിൻെറ ശക്തി-
യാലേ കളഞ്ഞിടണമീയയശസ്സു വേഗം. ൨൬

ശ്രീകൃഷ്ണൻ—സത്രാജിത്തോടു മുമ്പു ഞാൻ മണി നൃപ-
ന്നായിട്ടു ചോദിച്ചതാ-
ണിത്ഥം വന്നൊരു ദുഃശ്ശോവിഷമഹാ-
വൃക്ഷൈകമൂലം സഖേ!
ഓർത്താലിന്നതിനെന്തു വേണ്ടതു ഭവാൻ
തീർച്ചപ്പെടുത്തീടിലോ
ചിത്തായാസമൊടായതിന്നുടയ വേർ
വെട്ടിക്കളഞ്ഞീടുവൻ. ൨൭

ഉദ്ധവർ—(ആലോചിച്ചിട്ടു്)
അതിവേഗമൊടും തിരഞ്ഞു സത്രാ-
ജിതനായാമണി കൊണ്ടു നൽകിയെന്നാൽ
ഇതിനുള്ളുപശാന്തിയാകു,മെന്നാൽ
മതിയെന്നെന്നുടെ ബുദ്ധി! ചൊല്ലിടുന്നു. ൨൮

ശ്രീകൃ—ശരിയാണത്. അതുകൊണ്ടു്,

നായാട്ടിന്നായ് പ്രസേനൻ നലമൊടെവിടെനി-
ന്നോ പുറപ്പെട്ടതെന്നും,
മായം വിട്ടേതുകാട്ടിൽ കരടിപുലികളെ-
ക്കൊന്നു കയ്യൂക്കൊടെന്നും,
ആയാസത്തോടു തപ്പിത്തിരയണമൊരുമ-
ട്ടെങ്കിലുണ്ടാകുമന്നു-
ണ്ടായോരാവർത്തമാനങ്ങടെ വെളിവതിനായ്-
ത്തന്നെ ഞാനൊന്നിറങ്ങാം. ൬൭

ദുസ്സാധമായ വഴിയാകിലുമെത്രതന്നെ
നിസ്സാരമാകിലുമതൊന്നു നടത്തുകെന്നാൽ
സൽസാരവേദികൾമണോ! മടിവിട്ടു നല്ലോ-
രുത്സാഹമൊന്നു മതിയെന്നു മതം പരം മേ. ൬൮

അതുകൊണ്ടതിന്നുത്സാഹിക്കതന്നെ.
(ഉറക്കെ) ആരാണവിടെ?
സാത്യകി—(പ്രവേശിച്ചിട്ട്) എന്താണ് വേണ്ടതാവോ?
ശ്രീകൃ—എന്നാലിപ്പിടെ വേട്ടയാടിയറിയാ-
തായാ പ്രസേനൻകഥ,,
യ്യോന്നാരാഞ്ഞു തുനിഞ്ഞിടേണ,മതുകൊ
ണ്ടിങ്ങുണ്ടു കാര്യങ്ങൾ മേ;
നന്നായെന്നുടെ സൈന്യമൊക്കയുമൊരു-
ങ്ങീടാൻ പറഞ്ഞീടടോ
ചെന്നാലും സരസം സഹായമതിനായ്-
ത്താനും സമം പോരണം. ൬൯

സാത്യകി—അങ്ങിനെതന്നെ. എന്നാലിതു ഞാനങ്ങോട്ടു പറയണമെന്നു വിചാരിച്ചതായിരുന്നു.

അതിക്രമം, നിന്തിരുമേനി കൊന്നെ-
ന്നതായ് ക്രമത്താലിഹ ലോകവാദം!
അതിന്നു മൂലം മണിയാണുപോലു,-
മതിന്നുണത്താൻ തരമോർത്തു നിന്നേൻ. ൪൩

ശ്രീകൃ—ആട്ടെ ചെല്ലു (സാത്യകി പോയി)

ഉദ്ധവർ—കുറച്ചുകാലം കഴിയാതെകണ്ടി-
ത്തുറച്ചുകിട്ടാൻ പണിയെങ്കിലും കേൾ
തിരിച്ചുചൊല്ലാമിഹ സത്തറിഞ്ഞേ
തിരിച്ചു പോരാവു മഹാമതേ! നീ. ൪൪

ശ്രീകൃ—അതങ്ങിനെയല്ലേയുള്ളു. സംശയിക്കാനുണ്ടോ?
(അണിഅറയിൽ)

'നിൽക്കട്ടേ പടിതൻപുറത്തു കുതിര-
ക്കൂട്ടങ്ങൾ കാലാൾകളും;
നൽക്കെട്ടേറിട്ടമാനതൻ പടകളും,
ചേരും രഥക്കൂട്ടവും,
നില്ക്കട്ടേ, ചെറുതെന്നു കാട്ടമവിടെ-
ഗ്ഗോവിന്ദനെക്കാണുവൻ
നോക്കട്ടേ ജവമോടുണത്തിവരുവൻ
സത്തൊക്കയും സാത്യകേ!' ൪൫

എന്ന്.

ഉദ്ധവർ—വിപൃഥുവിൻെറ പുറപ്പാടാണ്.

(അനന്തരം വിപൃഥു പ്രവേശിക്കുന്നു)

വിപൃഥു—പടയൊക്കെ വന്നു വടിവിൽ
പടിയിൽ തവ വരവു കാത്തു നില്ക്കുന്നു;

നേടിയ ഗുണമുള്ള നിന്തിരു-
വടിയെയഴനെല്ലാമമാന്തമെത്തിനിനി?

ശ്രീകൃ—എൻെറ തേരു വന്നുവോ?

(അണിയറയിൽ)

'ഉവ്വ് തെയ്യാറായി. വേഗം എഴുന്നെള്ളാം' എന്ന്.

ശ്രീകൃഷ്ണാദികൾ ചുററി നടന്നിട്ട് രഥത്തിൻെറ നേരേ നോക്കുന്നു.

(തേരോട്ടുകൂടി ദാരുകൻ പ്രവേശിച്ചിട്ട്)

ദാരുകൻ—കേറാം.

ശ്രീകൃ—(കേറിട്ട്, ഉദ്ധവരോട്) ഞാൻ വരുവാൻ വൈകിയാലും അച്ഛനമ്മമാരേയും മററും സമാധാനപ്പെടുത്തുവാനായിട്ട് അങ്ങുന്നിവിടെത്തന്നെ താമസിച്ചാൽ മതി. എൻെറ കൂടെ വരണ്ട.

ഉദ്ധവർ—കല്പനപോലെ.

വിപൃഥു—ഞാനും സൈന്യങ്ങളുടെ ഇടയിൽ പോയി തേരിൽ കേറട്ടെ. (എന്നു പോയി)

ഉദ്ധവർ—വരുവാനിഹ വൈകിലും സഖേ! ഞാൻ
വിരവോടാഗുരുബന്ധുലോകമെല്ലാം
മററവരൊരു സങ്കടം പെടാതേ-
മരുവുമ്മാറു പറഞ്ഞുകൊണ്ടിരിക്കാം. വൃന്ദ

ശ്രീകൃ—എന്നാലിനി തേർ നടക്കട്ടെ (എന്നു പോയി).

(ദാരുകൻ തേരു തെളിക്കുന്നു.)

ശ്രീകൃ—രഥവേഗം നടിച്ചിട്ട്.

മുമ്പിൽ കാണും പദാർത്ഥം പരിചൊടു വളരെ-
ദൂരമാകും പ്രകാരം
വമ്പിക്കും വേഗമോടോടിന രഥമതിലാ-
യിട്ടിരുന്നിട്ടിവണ്ണം
കമ്പിക്കാതെകഴിക്കുന്നതിനതിബലനാം
പാർത്ഥനും ഞാനുമല്ലാ-
തമ്പിൽക്കാണുന്നതല്ലീ ത്രിജഗതി ബത!
മൂന്നാമതായിന്നൊരാളെ. വൃ:

അത്ര വേഗമുണ്ടീത്തേരിന്. ഇതാ കാടു കണ്ടുതുടങ്ങി.

കറുത്തു ദൂരത്തു പയോധിപോലേ
തരത്തിൽ ഞാൻ കണ്ടതടുത്തുവല്ലോ;
ഉരത്ത ഗാംഭീര്യമെഴും വനം ക-
ണ്ടൊരുത്തമാത്യത്ഭുതമേന്തിടുന്നേൻ. വൃമ

എന്നുതന്നെയല്ല,

ആകാശംതന്നിൽ മുട്ടുംപടി പരമുയരത്തോ-
ടെ നില്ക്കും തരുക്കൾ-
ക്കാകുംവണ്ണം നനപ്പാൻ പലവിധമൊഴുകും
ചോലയുണ്ടൊത്തുകണ്ടാൽ
ആകപ്പാടേ കടപ്പാൻ ബഹുവിഷമമിതിൽ;-
ക്കാട്ടുജന്തുക്കളെല്ലാ-
മേകോപിച്ചിട്ടിരിപ്പുണ്ടിവിടെയഴകിൽ നോ-
ക്കൊക്കെ നോക്കീടവേണം. വൃന്ദ

(അണിയറയിൽ)

'പന്നി കീറിയതുപോലെ ചത്തിതാ
മണ്ണിൽ വീണിരുവരുണ്ടു വേടർപോൽ;

എന്നുമല്ലിവിടെ മറ്റൊരുത്തനു-
ണ്ടന്നു ചത്തവകയാണിതൊക്കയും.' വൃ
എന്ന്.

ശ്രീകൃ—(കേട്ട്, നോക്കീട്ട്) ശരിതന്നെ. ഈ ദിക്കിൽതന്നെ വല്ലേടത്തും പ്രസേനനേയും കാണാൻസംഗതിയുണ്ട്. (നോക്കീട്ട്)

കുതിര ചത്തു കിടപ്പതു കണ്ടതേ
ചതുരനാമൊരു വീരനുമുണ്ടഹോ!

(നല്ലവണ്ണം നോക്കീട്ട്) ഇതു പ്രസേനൻതന്നെയാണ്: സംശയമില്ല. എന്നുതന്നെയല്ല,

ചതിയിൽ വന്നൊരു സിംഹമടിച്ചതാ-
ണിതഢിതാ ഹരിതൻപദപംക്തിയും! വൃവ്യ

(എന്നു കുറച്ചു ചുററിനടന്നിട്ട്)

കണ്ഠീരവനെച്ചത്തിഹ
കണ്ടീടുന്നുണ്ടിതാരു പററിച്ചു?
കുണ്ഠത വിട്ടൊരു കരടിയൊ-
ട്ടുണ്ടായിതു ലഹളയെന്നു തോന്നുന്നു. വൃന

ഈ കരടിക്കരഞ്ഞൻ പററിച്ചതാവണം. ഇതിൻെറ അടിയേ പോകതന്നെ. (എന്നു കുറച്ചു നടന്നു നോക്കീട്ട്)

പെരിയൊരു ഗുഹകാണുന്നുണ്ടതിൽതാൻമനുഷ്യ-
ക്കരടിയതു കടന്നാനെന്നു തോന്നുന്നു ചിത്തേ;
പരമവിഷമമാണീക്കൂരിരുട്ടിൽ കടപ്പാൻ
പരമിവിടെ വസിച്ചാൽപോരുമിക്കൈസ്സൈന്യമെല്ലാം.

(അണിയറയിൽ)

'ഇരുട്ടുകൂട്ടം ഗുഹയിൽ കടപ്പാ-
നൊരിത്തിരിക്കും മടിയില്ല പക്ഷേ;
പരം ഭവാൻ തന്നുടെ കല്പനയ്ക്കായ്
പുറത്തു നില്ക്കാമടിയങ്ങളെല്ലാം.' നൃഫ

എന്ന്

ശ്രീകൃ—എന്നാലങ്ങിനെ മതി. എത്ര ദിവസമാണീഗുഹ യിൽ കടന്നാൽ താമസം വരുന്നതെന്നു തീർച്ചപ്പെടു ത്തുവാൻ വയ്യല്ലോ.

എത്ര ഗുഹ വലിയതെന്നും,
തത്ര പെട്ടും ശത്രുവെത്ര ബലിയെന്നും,
ഒത്തുപറവാൻ ഞരുക്കമ-
തത്രേ കണ്ടാലറിഞ്ഞിടാം കാര്യം. നവ.

എന്നാലങ്ങിനെയാകട്ടെ. ദാരുകനും സൈന്യങ്ങളു ടെ കൂട്ടത്തിൽ ചെന്നു നിന്നാൽ മതി. ചെല്ലൂ. ഞാൻ ഗുഹയ്ക്കകത്തു കടക്കട്ടെ.

(എന്ന് എല്ലാവരും പോയി)

മൂന്നാമങ്കം കഴിഞ്ഞു

## നാലാമങ്കം

(അനന്തരം രണ്ടു ബ്രാഹ്മണർ പ്രവേശിക്കുന്നു.)

ഒന്നാമത്തവൻ—ഹേഹേ! ഗോവിന്ദശാസ്ത്രികളേ! അങ്ങ യ്ക്കിങ്ങിനെ പറയണം. ഓരോ ദിക്കിൽ പ്രസംഗമോ അധികപ്രസംഗമോ ഉണ്ടെങ്കിൽ അവിടെയൊക്കെ തെണ്ടിനടക്കയല്ലേ? ഇവിടത്തെ സുഖം അനുഭവി ക്കാൻ പാടുണ്ടോ?

ഗോവിന്ദശാസ്ത്രികൾ—ഹേ! അനന്തവാദ്ധ്യാരേ! എന്തായി രുന്നു ഇവിടെ?

അ-വാ—ഇവിടെ വലുതായൊരു ഭഗവതിസ്സേവ ഉണ്ടായി രുന്നു. ആയിരം വൈദികന്മാർ പുഷ്പാഞ്ജലി. ആയി രമെന്നുവെച്ചാൽ ആയിരത്തിൽ കുറയരുതെന്നേയു ള്ളു. വന്നാളുകൾക്കൊക്കെ ഉണ്ട്. എല്ലാവക്കും എല്ലാ ജാതിക്കാർക്കും മൃഷ്ടാന്നമായിട്ടു സദ്യ. തനിക്കതൊ ന്നും കിട്ടിയില്ലല്ലൊ! കഷ്ടംതന്നെ.

ഗോ-ശാ—പോയതു പോയി, പറഞ്ഞാ—
ലായതു തിരിയേ വരുന്നതല്ലല്ലൊ;
മായമകന്നൊരിതിന്നു—
ണ്ടായൊരു മൂലം പറഞ്ഞു കേൾക്കേണം. നന്ദ

അ-വാ—അതു പറയാം. പ്രസേനനെ അന്വേഷിപ്പാൻ പോയിരുന്ന ശ്രീകൃഷ്ണൻ ഒരു ഗുഹയിൽ പോയിട്ടു തിരിയേ കാണാഞ്ഞതുകൊണ്ട് ഈ യദുരാജധാനി യിൽ അദ്ദേഹത്തെ കിട്ടാനായിട്ട് വലുതായി ഒരു ഭ ഗവതീസേവ ചെയ്തു എന്നേയുള്ളു.

ഗോ-ശാ—എന്തോ! ഒരു വലുതായ അടിയന്തരമുണ്ടെന്നു കേട്ടാണ് പരിഭ്രമിച്ചിങ്ങോട്ടു പോന്നത്. അതു കഴിഞ്ഞുവോ?

അ-വാ—കാര്യം സാധിക്കുന്നതുവരേ ഭഗവതീസേവ ഉണ്ടാ യുള്ളു. അങ്ങിനെയല്ലേ ലോകസ്വഭാവം. ആപത്തു വരുമ്പോൾ ഈശ്വരവിചാരമുണ്ട്; ബ്രാഹ്മണഭ ക്തിയും ഉണ്ട്. അല്ലെങ്കിൽ എന്തീശ്വരൻ! എന്തു ബ്രാഹ്മണൻ!

ഗോ-ശാ—കാൎയ്യം സാധിച്ചുവോ? ഭഗവാൻ തിരിയേ വ
　　　ന്നുവോ?

അ-വാ—തിരിയേ വന്നു എന്നുതന്നെയല്ല പോയതുപോ
　　　ലെയല്ല വന്നതും.

ഒരു കയ്യതിൽ മണിയോടും,
മറുകയ്യിൽ മനോജ്ഞതരുണിമണിയോടും,
വിരവൊടു സാക്ഷാൽ കണ്ണൻ—
തിരുവടിയെഴുന്നെള്ളിയിന്നലെപ്പകലേ. നര.

ഗോ-ശാ—അദ്ദേഹത്തിന്നു ചെന്നേടത്തൊക്കെ ഓരോ
　　　പെണ്ണുങ്ങളേയും കിട്ടുമെന്നുണ്ടോ?

അ-വാ—പെണ്ണെന്നുവെച്ചാൽ അസാരം ഒരു വിദ്യയുണ്ട്.

ഗോ-ശാ—എന്താണ്?

അ-വാ—ഒരു കുരങ്ങപ്പെണ്ണാണ്.

ഗോ-ശാ—തരക്കേടില്ല. മൂപ്പക്കെന്തു പെണ്ണായാലും വേ
　　　ണ്ടില്ല. ജാതിഭേദമില്ല; സൌന്ദൎയ്യവും നോക്കേ
　　　ണ്ട; കിടച്ചതു കല്യാണം, അല്ലേ?

അ-വാ—അങ്ങിനേ വെക്കേണ്ട. കുരങ്ങപ്പെണ്ണാണെങ്കി
　　　ലും വേണ്ടില്ല ബഹുസുന്ദരിയാണ്.

ഗോ-ശാ—ഏതു കുരങ്ങന്റെ മകളാണ്? എന്താണുപേര്?

അ-വാ—ജാംബവാന്റെ മകളാണ്. 'ജാംബവതി' എ
　　　ന്നാണ് പേര്.

ഗോ-ശാ—എങ്ങിനെ സമ്പാദിച്ചു ഇതിനെ ഭഗവാൻ?

അ-വാ—ആ മണി അന്വേഷിപ്പാനായി ഗുഹയിൽ ചെ
　　　ന്നപ്പോൾ ഒരു അതിസുന്ദരിയായ പെൺകുട്ടിയു

ടെ കയ്യിൽ ആ മണി കണ്ടിട്ട അടുത്തുചെന്നു. അ
പ്പോഠം അതിന്റെ വളൎത്തമ്മ, കാണാത്തതായ ഒരു
മനുഷ്യനെ കണ്ടപ്പോഠം പേടിച്ചു നിലവിളിച്ചു.

പെട്ടെന്നന്നേരമോടിപ്പെരിയ ജവമൊടും
ജാംബവാൻ വന്നുചാടി-
ച്ചുട്ടററാക്ഷേപമോടീ ഹരിയൊടു പടയാ-
ടിപ്പരം വാശികൂടി
ഒട്ടാം വാൎദ്ധക്യമാടീടിലുമുരുബലനാ-
മായവൻമേനി വാടീ-
ലൊട്ടല്ലേഴേട്ടു കൂടീടുമൊരിരുപതുനാ-
ളീവിധം നിന്നുകൂടി. ൯൭

ഒട്ടുക്കമൊ നമ്മുടെ കണ്ണനല്ലോ-
രിടിക്കു കൂട്ടുന്നൊരു ശക്തിമൂലം
മിട്ടുക്കനാം മൎക്കടവൃദ്ധനല്ലോ-
രുടൽക്കു വാട്ടം പെരുതുത്ഭവിച്ചു. ൯൮

ഇടികൊണ്ടു മശങ്ങിയോരുനേരം
തടികൊണ്ടാക്കപി കൺമിഴിച്ചുനോക്കി
ഉടൽ കണ്ടുരചെയ്തു കണ്ണനോടായ്
മുടികൊണ്ടാക്കഴൽ മുട്ടുമാറു കുപ്പി. ൯൯

'അല്ലാ നമ്മുടെ സേതുബന്ധകരനായ്,
രക്ഷോബലാരാതിയായ്,
ചൊല്ലാളും രഘുനാഥനായ ഭഗവാൻ
മൽഭാഗ്യമല്ലോ ഭവാൻ?
അല്ലാതിങ്ങിനെ ഞാനൊരാളൊടു മട-
ങ്ങീടില്ല, പിന്നാക്കമാ-
കില്ലാ നമ്മുടെ രാമഭദ്രനലിവോ-
ടെന്നിൽ പ്രസാദിക്കയാൽ. ൧൦൦

കഷ്ടം ഞാൻ മമ നാഥനായ രഘുനാ-
ഥൻതന്നിലിന്നീവിധം
പൊട്ടമ്മാറിടി കൂട്ടിനേൻ; നിതിന മേ-
ലെന്തൊന്നഹോ സാഹസം!
ആട്ടേ, നിന്തിരുമേനിതന്റെ വരമാ-
ണല്ലോ നമുക്കീവിധം
കാട്ടാൻ കാരണമായതെന്നു തിരുവു-
ള്ളക്കേടു കൊള്ളില്ല മേ. ൯൯

എങ്കിലുമെൻപിഴ തീരാൻ
പെൺകുലമണി പുത്രി ജാംബവതിയേ ഞാൻ
നിങ്കലണക്കുന്നേൻ രവി-
തങ്കലയാകും സ്യമന്തകത്തോടും.' ൧൦൦

എന്നു പറഞ്ഞ്, ഈ ജാംബവതിയേയും സ്യമന്തകമണിയേയും ഭഗവാങ്കൽ സമപ്പിച്ചു. ഭഗവാൻ ശ്രീകൃഷ്ണനും, ഇതു രണ്ടും വാങ്ങിച്ചു ജാംബവാനെ തൊട്ടതലോടി ക്ഷീണമൊക്കെ തീൎത്തു വളരെ നല്ലതു വരും എന്നനുഗ്രഹിച്ച് ഇങ്ങോട്ടു പോരികയും ചെയ്തു. ഇതിന്റെ ഇടയിലാണ് സൈന്യങ്ങൾ ഭഗവാനെ കാണാതെ വ്യസനത്തോടുകൂടി ദ്വാരകയിൽ വന്ന് ഈ വൎത്തമാനം അറിയിച്ചത്. അന്ന് ഉദ്ധവരുടെ ബുദ്ധികൌശലംകൊണ്ടും വസുദേവാദികളുടെ ആസ്തിക്യംകൊണ്ടും ഈ ഭഗവതീസേവ അടിയന്തരം നടത്തിയിരുന്നു. ഇന്നലെ ഭഗവാൻ എഴുന്നെള്ളിയപ്പോൾ അതൊക്കെ കാലംകൂടി.

ഗോ-ശാ.—ആട്ടെ; ഇനിയൊരു കല്യാണഅടിയന്തരമുണ്ടല്ലൊ. അതിന്നു് എനിക്കും വല്ലതും വകയുണ്ടാ.

വും.-വലിയ സഭയും പ്രസംഗവുമൊക്കെ ഉണ്ടാ
വാതെകണ്ടിരിക്കയില്ല.

അ-വാ—അതു ശരിയാണ്.

ഗോ-ശാ—ആട്ടെ. സ്യമന്തകമണി സത്രാജിത്തിന്നു കൊ
ടുക്കുക കഴിഞ്ഞുവോ?

അ-വാ—ഇന്നു സഭയിൽ വരുത്തി കൊടുപ്പാൻ പോകുന്നു
എന്നാണ് കേട്ടത്.

ഗോ-ശാ—ആട്ടേ, നമുക്കു സഭയിലേക്കു പോവുക. അ
പ്പോഴത്തെ സത്രാജിത്തിന്റെ മുഖവും മററുമൊ
ക്കെ കാണാമല്ലൊ.

മഹാജനത്തിന്നതിദോഷമാകും
മഹാപവാദങ്ങൾ കൃതിച്ചതിന്നായ്
മഹാസഭകളുള്ളിൽ നമുക്കു കാണാ-
മിഹായവൻ വിഢിയതാവതെല്ലാം. ൧൦൭

(രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം ശ്രീകൃഷ്ണനും, സത്രാജിത്തും മററും
കൂടിയ സഭ പ്രവേശിക്കുന്നു)

ശ്രീകൃഷ്ണൻ—സ്യമന്തകമണി എടുത്തു കയ്യിൽ പിടിച്ചിട്ട്.,

അങ്ങുന്നിങ്ങിനെയെന്നിലല്പമയശ-
സ്സുണ്ടാക്കിയെന്നീവിധം
മങ്ങുന്നില്ല മുഷിച്ചിലില്ലതിനെനി-
യ്ക്കേതും ധരിച്ചീടണം;

തിങ്ങും സങ്കടമായതിൽ പലതുമോ-
തീട്ടും ജനം, കേട്ടു കേ-
ട്ടിങ്ങേവം നിരൂപിച്ചതെൻ ശനിപിഴ-
ക്കാലത്തു കൊല്ലും ഫലം. ൨൦൨

(എന്നു മണി കൊടുക്കുന്നു. സത്രാജിത്തു വാങ്ങി ലജ്ജിക്കുന്നു)

ശ്രീകൃ—എന്നാലീ മണി കിട്ടിയോരു വിവരം
സർവ്വം ചുരുക്കിക്കഥി-
ക്കുന്നേൻ; നിങ്ങടെ തമ്പിയെബ്ബലമെഴും
സിംഹേന്ദ്രനാം കൊന്നതും;
പിന്നീടായവനെക്കടുത്തു പൊരുതി-
ശ്രീജാംബവാൻ കൊന്നു; ഞാൻ
ചെന്നിട്ടായവനോടെതൃത്തു പൊരുതി-
ക്കൈക്കൊണ്ടു രത്നത്തെയും. ൨൦൩

ഇങ്ങിനെയാണിതിന്റെ ആഗമം. അല്ലാതെകണ്ടു മറിച്ചൊന്നും വിചാരിക്കരുത്.

സത്രാ—(ലജ്ജയോടും ഭയത്തോടും കൂടി തൊഴുതുംകൊണ്ട്)
നിന്തിരുവടിയരുളുന്നതി-
നന്തരമില്ലധികമൂഢനാകും ഞാൻ
എന്തൊരു പിഴ ചെയ്തീടിലു-
മന്തരമോർത്തു പൊറുത്തുകൊള്ളണമേ. ൨൦൪

അന്നിജ്ജനം പിഴകൾ ചെയ്തതു, സത്യഭാമ-
യെന്നുള്ളൊരെന്റെ മകളെത്തവ തന്നിടാനീം
മന്ദതമററ കൃപകൊണ്ടു പൊറുക്കുവാനാ-
യിന്നോർത്തുകൊണ്ടു മകളെത്തവ തന്നിടുന്നേൻ.

എന്നു തിരിഞ്ഞു നോക്കുന്നു.

(അനന്തരം സത്യഭാമയേയുംകൊണ്ട് സഖി പ്രവേശിക്കുന്നു)

സത്യ—(ശ്രീകൃഷ്ണനെ നോക്കീട്ട്, വിചാരം)

കൊണ്ടൽക്കാർക്കുപ്പമോമൽത്തിരുവുടൽനിറവും,
നീണ്ടിടംപെട്ട കണ്ണും,
കണ്ടാൽ കിട്ടാത്ത മാദ്ധ്യസ്ഥ്യവു,മധികമതായ്
നീണ്ട തൃക്കയ്യു രണ്ടും,
പൂണ്ടീടും പുഞ്ചിരിപ്പൂമ്മൃദുലതരനിലാ-
വേന്തുമാസ്യേന്ദുവും താൻ
കണ്ടീട്ടും കഞ്ജനേർക്കണ്ണികളുടെ മനതാർ
മട്ടു മാറാതെയാമോ? ൧൦൩

എന്ന് ലജ്ജയോടുകൂടി തല താഴ്ത്തുന്നു.

ശ്രീകൃ—(സത്യഭാമയെ നോക്കീട്ട്)

അന്നു രുഗ്മിണിയെ വേട്ടനാളിൽവെ-
ച്ചൊന്നുകൂടിയധികം മനോഭവൻ
ഇന്നു നമ്മോടു കയർത്തിടുന്നിതാ!
നന്നു നന്നു നളിനാക്ഷിയേറവും. ൧൦൪

സഖി—(വിചാരം)

നമ്മുടെ തോഴിക്കേററം
നന്ദിയോടൊക്കുന്നൊരാളു ഗോവിന്ദൻ;
ഇമ്മറിമായകളിവളുടെ
കമ്മമതെന്നേ നിനയ്ക്കേണ്ടു. ൧൦൫

(സ്പഷ്ടം) അച്ഛന്റെ അടുക്കലേക്കു പോവുക.

സത്യ—അവിടെ പിന്നെ ചിലരൊക്കയില്ലേ? ഞാനെ
ങ്ങിനെയാണങ്ങോട്ടു ചെല്ലുന്നതു്?

സഖി—(പിടിച്ചു സത്രാജിത്തിന്റെ അടുക്കെക്കൊണ്ടു നി
ൎത്തുന്നു.)

സത്രാ—സത്യഭാമയെ പിടിച്ചുംകൊണ്ടു്,

നമുക്കു പെട്ടീടിന കുററമെല്ലാം
ക്ഷമിച്ചുകൊണ്ടീടുക കൊണ്ടൽവൎണ്ണ!
സമസ്തപാപത്തിനുമെന്റെ സൎവ്വ-
സമസ്തമാം നന്ദിനിയെത്തരുന്നേൻ. ൧൦൯

എന്നു ശ്രീകൃഷ്ണനു കൊടുക്കുന്നു.

ഘോരാപരാധമതിനും
കാരണമാമിസ്യമന്തകത്തേയും
പാരാതെ തന്നീടുന്നേൻ
നേരേ കൈക്കൊണ്ടു കൊണ്ടീടുകവേണം ൧൧൦

ശ്രീകൃ—(പുഞ്ചിരിയിട്ടുംകൊണ്ടു്) അതു വേണ്ട:

ആദിത്യഭക്തികലരുന്ന ഭവാനു നിത്യ-
മാദിത്യപൂജയതിനായിതിരുന്നിടട്ടേ;
വാദത്തെവിട്ടു വടിവോടിഹ നാമിതിന്റെ
മോദത്തൊടൊത്ത ഫലമൊന്നു ലഭിച്ചുകൊള്ളാം.

സത്രാ—എന്നാലങ്ങിനെയാവട്ടെ. തിരുമനസ്സുപോലെ.
ഇപ്പോഴും ഞാനൊരു തെററുകാരനെപ്പോലെയിരിക്കു
ന്നു. എന്റെ മനസ്സിന്നൊരു തൃപ്തിവരുന്നില്ല.

ശ്രീകൃ—എന്മണിയതൃപ്തിവേണ്ടാ;
പെൺമണിയാം സത്യഭാമയേ വാങ്ങി
നമ്മുടെ പരിഭവമെല്ലാം
നന്മയോടിഹ തീൎന്നു: തൃപ്തികൊണ്ടാലും. ൧൧൨

(അണിയറയിൽ)

'പാരാതിപ്പുരമൊക്കയും പദവിയിൽ-
പ്പാരം വിദാനിയ്ക്കയാൽ-
ച്ചേരും നൽപുത്തുഭംഗിയോടു വിലസീ-
ടുന്നുണ്ടതെന്നല്ലഹോ!
സൈ്വരം സവ്വവധൂജനങ്ങളുമുടൻ
കല്യാണഘോഷത്തിനായ്
ഭാരം പൂണ്ടതുപോലെ വന്നു വിലസീ-
ടുന്നുണ്ടിതെല്ലാടവും. ൧൱൩

അത്രതന്നെയല്ല,

ചെമ്മേ ജാംബവതിക്കു വേണ്ടഴകൊട്ടും
മോടിപ്പെടുത്തിത്തെളി-
ഞ്ഞുന്മേഷത്തോടു വന്നിടുന്നു വസുദേ-
വൻ ദേവകീദേവിയും;
നന്മേളത്തോടു കൊട്ടു പാട്ടു പലതു-
ണ്ടാഘോഷമിപ്പോൾ മുദാ
സമ്മൌഹൂത്തികർ ചൊന്നപോലെ വെളിവാ-
യ്വേളിക്കെഴും നേരവും. ൧൱൪

എന്ന്.

(അനന്തരം അലങ്കരിച്ച ജാംബവതിയോടുകൂടി വസുദേവനും ദേവകിയും പ്രവേശിക്കുന്നു)

ജാംബവതി—(വിചാരം)

തെളിവുകൂടിന കണ്ണനെ നോക്കിടു-
ന്നളവു കണ്ണിനു നാണമെഴുന്നു മേ;
വളവുകൂടിന കണ്ണുകൾ പിന്നെയും
കളവൊടായവനിൽ പതിയുന്നിതാ. ൧൱൫

ശ്രീകൃ—(ജാംബവതിയെ കണ്ടിട്ട്, വിചാരം)

നന്മയതിയായ് വിളങ്ങും
ജാംബവതീതനെ പിതന്നിലെത്തുമ്പോൾ
കണ്മതികൾക്കു വികാസം
വെണ്മ തിരണ്ടിട്ടുരുണ്ടുകൂടുന്നു. ൧൧൩

(ഒരു ഉപാദ്ധ്യായൻ പ്രവേശിച്ചിട്ട്)

വേളിയ്ക്കുള്ളൊരു ക്രിയതുട-
ന്നാളിടുമനലപ്രകാശമോടിവിടെ
മേളമൊടൊരുക്കമായി-
ട്ടാളുകൾ കാത്തുണ്ടു നില്ക്കുന്നു. ൧൧൪

മുഹൂർത്തമായി. അങ്ങോട്ടു ചെല്ലുകതന്നെ.

(ഉപാദ്ധ്യായൻ മുമ്പിൽ നടക്കുന്നു. എല്ലാവരും പിന്നാലെ നടക്കുന്നു.)

ഉപാ—ഇനി ക്രിയ നടത്തുകയല്ലേ?

വസുദേവൻ—അങ്ങിനേതന്നെ.

നിങ്ങൾ പറയുന്നതിന്നിഹ
ഞങ്ങൾക്കുണ്ടോ മറിച്ചൊരാൾപക്ഷം?
മംഗളകർമ്മമിതെന്നാ-
ലങ്ങിനെയാട്ടേ നടക്കട്ടേ. ൧൧൫

ഉപാദ്ധ്യായൻ ശ്രീകൃഷ്ണനെക്കൊണ്ടും മറ്റും ക്രിയ നടത്തിക്കുന്നു. ശ്രീകൃഷ്ണൻ സത്യഭാമയേയും ജാംബവതിയേയും ക്രമത്തിൽ വിവാഹം ചെയ്യുന്നു.

ദേവകി—(വിചാരം)

കണ്ണനു ചേരുന്നവരീ-
പ്പെണ്ണുങ്ങൾ ഗുണങ്ങളൊക്കെയോക്കുമ്പോൾ
കണ്ണിനുമധികമെനിക്കീ-
വണ്ണം വന്നൂ രസം, മനസ്സിന്നും. ൧൧൯

സത്രാ—എനിക്കുമീനിങ്ങളൊടിത്ര ചാൎച്ച-
ജനിക്കയാൽ പ്രീതി വളൎന്നിടുന്നു;
അനൎഘകീൎത്തേ! വസുദേവ! ഹേ! ഞാ-
നിനിഗ്ഗമിക്കട്ടെ; മുകുന്ദ! പോട്ടേ! ൧൨൦

എല്ലാവരും അനുവദിക്കുന്നു. (സത്രാജിത്തു പോകുന്നു.)

ഉപാ—മംഗളതൂൎയ്യനിനാദം
ഭംഗിയിലിപ്പോൾ പുറത്തു കേൾക്കുന്നു;
ഇങ്ങിനെ മേലാലനവധി
മംഗളമുണ്ടായ്വരും മുകുന്ദനും. ൧൨൧

(എന്നു് അനുഗ്രഹിച്ചു പോകുന്നു.)

ശ്രീകൃ—കൃപാകടാക്ഷാൽ തവ താത! ഞാനീ-
വിപത്തിലും മംഗളമാൎന്നു പോന്നു;
സ്വഭാവകാരുണ്യമിവണ്ണമെന്നും
ശുഭത്തൊടമ്മേ! കലരേണമെന്മേൽ. ൧൨൨

(എന്നു് എല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു.

## അഞ്ചാമങ്കം

(അനന്തരം രണ്ടു ശിപായിമാർ പ്രവേശിക്കുന്നു.)

ഒരുത്തൻ—രാമദാസാ! എന്താ വർത്തമാനം? ഭഗവാന്മാരായ ശ്രീകൃഷ്ണനും ബലഭദ്രരും ഹസ്തിനപുരത്തിൽ നിന്നു വന്നുവോ?

രാമദാസൻ—കൃഷ്ണദാസാ! പോയിരുന്ന വിവരംതന്നെ ഞാനിപ്പോളേ അറിഞ്ഞുള്ളൂ.

കൃഷ്ണ—എന്ത്? താനിത്രനാളും എവിടെയായിരുന്നു?

രാമ—ബലഭദ്രദേവനരുൾചെയ്ക കാരണം

മലമററിടുന്ന ജനകേന്ദ്രമന്ദിരേ

നലമോടു തൻതിരുവെഴുത്തു കൊണ്ടുപോയ്

പലനാളതത്ര സുഖമായി വാണു ഞാൻ. ഹവന.

ഇന്നേ ഇവിടെ എത്തിയുള്ളൂ.

കൃഷ്ണ—ശരി: ബലഭദ്രദേവനും ജനകരാജാവുമായിട്ടു വളരെ മമതയാണെന്നു ഞാൻ മുമ്പുതന്നെ ധരിച്ചിട്ടുണ്ട്. തിരുവെഴുത്തയച്ച വിവരം താൻ പറഞ്ഞപ്പോഴേ അറിഞ്ഞുള്ളൂ.

രാമ—ആട്ടെ, അവരെന്താണ് ഹസ്തിനപുരത്തേക്കെഴുന്നെള്ളാൻ കാരണം? പിന്നെ തിടുക്കത്തിൽ തിരിയേ എഴുന്നെള്ളാനെന്താണ് കാരണം?

കൃഷ്ണ—രണ്ടും പറയാം.

ദുഷ്ടന്മാരായ ദുര്യോധനമുഖകുരുഭൂ-

പാലരൊന്നിച്ചുകൂടി-

ശ്ശിഷ്ടന്മാരായ കുന്തീസുതരൊടുടനര-

ക്കില്ലവും ചുട്ടുപോറ്റും

രാമ—കഷ്ടം കഷ്ടം! ഇത്ര കഠിനക്കാരാണവർ!

കൃഷ്ണ—പെട്ടെന്നീ വാർത്ത കേട്ടപ്പൊഴുതു ഹലധരൻ
കണ്ണനീവീരർ ബദ്ധ-
പ്പെട്ടന്നാംതന്നെ ചെന്നാർ കരിവരനഗര-
ത്തേക്കു പൂൽത്താപഭരമോടും. ഫവര

രാമ—അതു ശരി: ബദ്ധപ്പെട്ട തിരിയേപ്പോരാനുള്ള കാരണമെന്താ?

കൃഷ്ണ—അതു കുറച്ചു വിസ്തരിച്ചു പറയാനുണ്ട്. കേട്ടോളൂ.

അക്കാലമക്രൂരനോടൊത്തുകൂടി-
സ്സൽക്കാരപൂർവ്വം കൃതവർമ്മമന്നൻ
വിക്രാന്തികൂട്ടും ശതധന്വാനെത്തൻ-
വക്രോക്തികൊണ്ടേറ്റമിളക്കിവിട്ടു. ഫവര

എന്തെന്നുവെച്ചാൽ,

അങ്ങുസ്ത്രീയായിത്തരാമെന്നഴകൊടു ശപഥം
ചെയ്യോരാസ്സത്യയെത്താ-
നെങ്ങും ചിന്തിച്ചിടാതാച്ചപലത പരമൊ-
ത്തോരു സത്രാജിതാഖ്യൻ
ഭംഗംകൂടാതെ ഗോവിന്ദനു സപദി കൊടു-
ത്തില്ലയോ? കണ്ടു താനും
പൊങ്ങച്ചാരെന്നപോലിങ്ങിനെയിഹ മരുവീ-
ടുന്നതിന്നെന്തു ബന്ധം? ഫവന

സത്യാദി കൈവിട്ടൊരു ദുഷ്ടനായ
സത്രാജിതൻതന്നെ വധിച്ചു വേഗം

ചിത്തംതെളിഞ്ഞാമണിറി കയ്യിലാക്കി-
പ്പാർത്തീടട്ടോ സൌഖ്യമൊടിന്നി മേലിൽ,

എന്നും മററമാണ്.

രാമ—എന്നിട്ടോ?

കൃഷ്ണ—ഇതു കേട്ടു ചൊടിച്ചു രാത്രി സത്രാ-
ജിതനൊട്ടും നിനയാതുറങ്ങിടുമ്പോൾ
ധൃതിപെട്ടരികത്തു വന്നുകൂടി-
ബ്ബത! വെട്ടി ശതധന്വാമന്നവേന്ദ്രൻ. ൧൮൬

അപ്പോൾ,

താതൻ മരിച്ചതു നിനച്ചഴലോടു കണ്ണീർ
പെയ്യുംഗമമൊടുടനെണ്ണയിലിട്ടുവെച്ചു,
ഏതെങ്കിലും ഹരിയൊടോതണമെന്നു യാത്ര-
ചെയ്താൾ ഗജാഹ്വയപുരത്തിനു സത്യഭാമ. ൧൮൭

പാണ്ഡവർക്കുടയ നാശമോർത്തു ത-
ന്നണ്ണനൊത്തു ഹരി കേണിടുമ്പൊഴേ
കണ്ണറ്റദുസ്സഹമതായിടുന്നൊരീ-
വണ്ണമുള്ള കഥയോതി ഭാമയും. ൧൮൮

രാമ—എന്നിട്ടോ?

കൃഷ്ണ—എന്നിട്ട്,

അതു കേട്ടു ചൊടിച്ചു വേഗമന്നാ-
ക്ഷിതി വിട്ടണ്ണനൊടൊത്തു ചേർന്നു കണ്ണൻ
ധൃതിപെട്ടിവിടത്തിലെത്തിയെന്നു-
ള്ളതുമൊട്ടൊന്നൊരു കിംവദന്തി കേട്ടു. ൧൮൯

രാമ—ഇനി ശതധന്വാവിൻെറ കഥ നോക്കേണ്ട. ഈ ഭക്ത
നായിട്ടുള്ള അക്രൂരനും കൃതവർമ്മാവും എന്തിനാണ്
ചാടിപ്പുറപ്പെട്ടുന്നത്?

കൃഷ്ണ—സഖിതാമുണ്ടാം ചിലനാൾ, ചിലപ്പോ-
ളകന്നു നില്ക്കും, പരമിപ്രകാരം
അഖണ്ഡ്യമാം ചേഷ്ടകളോർത്തുകണ്ടാൽ
സഖേ! മഹാന്മാർമതമാരറിഞ്ഞു! ൧൩൨

രാമ—ആട്ടെ, ഇപ്പോൾ ശതധന്വാവിൻെറ കഥയെ
ന്താണ്?

കൃഷ്ണ—അദ്ദേഹമിക്കഥയറിഞ്ഞു ഭയം കലന്നി-
ട്ടുദ്വേഗമോടു കൃതവർമ്മസമീപമെത്തി
ഉദ്ദേശമോടിതറിയിച്ചു സഹായിയാവു-
കിദ്ദുർഘടത്തിലിതി വേണ്ടപടിയിരന്നാൻ.

രാമ—എന്നിട്ടോ?

കൃഷ്ണ—അമർത്ത്യരാകുന്നിവരോടെതൃപ്പാൻ
നമുക്ക വയ്യെന്നു തികച്ചു ചൊല്ലി
സമർത്ഥനാകും കൃതവർമ്മനന്നീ-
ക്രമത്തിൽ വിട്ടാൻ ശതധന്വനാരെ. ൧൩൪

പിന്നെ അയാൾ അക്രൂരൻെറ അടുക്കൽ ചെന്നു.
അപ്പോൾ അക്രൂരൻ,

വമ്പേറ്റ വയ്യെന്നണ്ണനും കണ്ണനും താൻ
കയ്യോടൊക്കും വിഷ്ണുവാണെന്നിരിക്കേ
കണ്ടും കൂപ്പിക്കാക്കൽ വീഴാതെ, ശപ്പ-
ക്കയ്യന്മാരേ പോരിനായ് നേരിട്ടുള്ളൂ. ൧൩൫

എന്നു തികച്ചു പറഞ്ഞു. അതു കേട്ടു പരിഭ്രമിച്ചു സ്യമന്തകമണി അക്രൂരനു മനസ്സില്ലെങ്കിലും അവിടെയിട്ടു കുതിരപ്പുറത്തു കേറി ഓടിയിരിക്കുന്നു എന്നാണ് കേട്ടത്.

(അണിയറയിൽ)

'കുററംചെയ്യോരു ദുഷ്ടനാം ശതധന-
സ്സശപത്തിലേറി, ക്ഷയം-
പാരം ചെററിതു പാൎത്തു ജാതഭയനായ്
പായുന്നു മായംവിനാ;
തെററെന്നായതു കണ്ടു രാമനുമഹോ!
ശ്രീകൃഷ്ണനും പിമ്പുറം
പാരമന്തു ജവമേറിട്ടും നിജരഥം
വെച്ചാഞ്ഞടിച്ചങ്ങിനേ. ഹന്ത

എന്ന്

രാമ—നോക്ക് അതു കാണാൻ പോവുക.

(എന്നു രണ്ടാളുംപോയി)

വിഷ്കംഭം കഴിഞ്ഞു

---

അനന്തരം തേരോടിച്ചുംകൊണ്ട് ശ്രീകൃഷ്ണനും ബലഭദ്രനും പ്രവേശിക്കുന്നു.

ശ്രീകൃ—നിൽക്കെടാ! നിൽക്ക് നിൽക്ക്!

ചതിച്ചു നീയെന്നുടെ ഭാൎയ്യതന്റെ
പിതാവിനെക്കൊന്നവരെന്നിവണ്ണം
അതിക്രമം ചെയ്തുകൊണ്ടു നിന്നെ
വധിച്ചിടുന്നുണ്ടു മടിച്ചിടാതെ. ഹന്ത

ബല—ഇതാ! നന്നെ അടുത്തു അവൻ.

എന്നല്ലവന്റെ കുതിരക്കു കിതപ്പുതട്ടി-
യിന്നല്ലൽപെട്ടു കുഴയുന്നിതു കാലുനാലും;
നോക്കീട്ടു്,
എന്നോ! പതിച്ചിതു ഹയം; ജവമോടു ചാടി-
യൂന്നിക്കുതിച്ചു ശതധന്വനുമോടിടുന്നു. ൧൩൭

ശ്രീകൃ—എന്നാൽ ഞാനോടിച്ചെന്നു് പിടിച്ചുകളയാമവനെ (എന്നു് ഇറങ്ങിപ്പോയി)

ബല—അല്ലാ പിടിച്ചു ശതധന്വനെയൊന്നെതൃത്തു
വല്ലാതെകണ്ടിഹ കുടഞ്ഞതൊഴിഞ്ഞു വീരൻ
നില്ലാതെകണ്ടു മുടിയിൽ പിടിപെട്ടു കണ്ണൻ;
നില്ലാ മിടുക്കിതൊഴിവാക്കിടുവാനിവന്നും. ൧൩൮
ചക്രം കയ്യിലെടുത്തിഹ
ചക്രാകാരം തിരിച്ചു ഗോവിന്ദൻ
അക്രമിയാമിവനുടെ തല
വിക്രമമോടും മുറിച്ചു വീഴ്ത്തുന്നു. ൧൩൯

(അനന്തരം ശതധന്വാവിന്റെ കബന്ധവും ശിരസ്സും കൊണ്ടു് ശ്രീകൃഷ്ണൻ പ്രവേശിച്ചിട്ടു്)

ആവു! ഇവനെക്കൊന്നു. ഇനി സ്യമന്തകം ഇവന്റെ ദേഹത്തിൽ വല്ലേടത്തും ഉണ്ടോ എന്നു പരിശോധിക്കതന്നെ.

(ബലഭദ്രനും താഴത്തിറങ്ങി. രണ്ടുപേരും പരിശോധിക്കുന്നു.)

ബലഭദ്രൻ—അല്ലോ ഇവൻെറ ദേഹത്തിലൊന്നും കാണാനില്ലല്ലോ.

ശ്രീകൃ—എന്നാലിനി നോക്കെന്താണ് വേണ്ടത്?

ബല—കൃഷ്ണൻ ദ്വാരകയിലേക്കു ചെന്ന് അന്വേഷിക്കു. അവിടെ വല്ലവരുടേയും കൈവശത്തിൽ ഉണ്ടാവും. എന്നാൽ ഞാൻ,

എന്നുടെ സഖിയാകും ജന-
കേന്ദ്രനെഴും മന്ദിരത്തിലൊട്ടുദിനം
ചെന്നു വസിക്കട്ടേ; കുരു-
നന്ദനനേകട്ടെ ഗദയിൽ വൈദഗ്ദ്ധ്യം. ൧൪൭

(എന്നു പോയി)

(ശ്രീകൃഷ്ണൻ തേരോടിച്ച് യദുസഭയിൽ വന്നിട്ട് വേണ്ടതുപോലെ സിംഹാസനത്തിന്മേൽ ഇരിക്കുന്നു)

സാത്യകി—ധന്വികൾവരനാകും ശത-
ധന്വാവിനെ നേരിട്ടു പോരിൽ വെന്നില്ലേ?
നന്ദിയോടരുളിച്ചെയ്യുക
ധന്യൻ ബലദേവനെങ്ങെഴുന്നെള്ളി? ൧൪൮

ശ്രീകൃ—കൊന്നു ശതധന്വാവിനെ-
യെന്നാൽ മണി കണ്ടതില്ലവൻകയ്യിൽ;
ഒന്നിവിടെച്ചിന്തിക്കേ-
ണ്ടുന്നതിനുണ്ടതു കിടപ്പതെങ്ങെന്ന്. ൧൪൯

ബന്ധുവാം ജനകരാജമന്ദിരേ
ചന്തമോടുമെഴുന്നെള്ളിയഗ്രജൻ;
അന്തമററ മമതയ്ക്കു തെല്ലു നാ-
ളെന്തു വേണ്ടു സുഖമങ്ങു പാർത്തിടും. ൧൪൰

ആട്ടെ; ഈ ശതധന്വാവിനെ ഇങ്ങിനെയുള്ള വികടത്തിൽ ചാടിച്ചത് അക്രൂരനും കൃതവർമ്മാവുമാണെന്നാണല്ലോ കേട്ടത്. അവരെ ഒന്നു കാണേണ്ടിയിരുന്നു.

സാത്യ—അവരിക്കഥ കേട്ടപ്പൊഴ‌ു-
തവമാനത്തിങ്കലുള്ള ഭയമോടെ
ജവമൊടു ചാടിപ്പോയെ-
ന്നിവിടെച്ചിലർ ചൊല്ലുകൊണ്ടു ഞാൻ കേട്ടു.

ശ്രീകൃ—ഹെ,! അവർ പോയാൽ പന്തിയാവില്ല. വേഗം അവരെ കൂട്ടിക്കൊണ്ടുവരുവാൻ ദൂതന്മാരെ പലദിക്കിലേക്കുമായിട്ടയക്കു.

സാത്യകി—കല്പനപോലെ (എന്നു പോയി)

(അനന്തരം അക്രൂരനും രണ്ടു ദൂതന്മാരും പ്രവേശിക്കുന്നു.)

(ശ്രീകൃഷ്ണൻ കണ്ടു സന്തോഷിക്കുന്നു)

(അക്രൂരൻ യഥാസ്ഥാനം ഇരിക്കുന്നു.)

ഒരു ദൂതൻ—നാടുവിട്ടു പിരിയുന്നതിന്നമു-
ന്വുടുകിട്ടിയിവിടത്തെയിന്നു ഞാൻ
പേടിവിട്ടിടുക നിങ്ങളെന്നു കൊ-
ണ്ടോടിയിഷ്ടമൊടു കൊണ്ടുവന്നതെ. ഹരിന്നു

ശ്രീകൃ—വളരെ സന്തോഷമായി.

(എന്നു കയ്യിൽ കിടക്കുന്ന വള ഊരി സമ്മാനിക്കുന്നു.)

(നാലുപുറത്തും നോക്കീട്ട്)

ഇദ്ദേഹമമ്പോടു വെടിഞ്ഞുപോയാ-
ലിദ്ദിക്കിൽ മേലാൽ മഴ പെയ്യുകയില്ല;
ഉദ്ദേശമേവം പലരുണ്ടതാണീ-
വിദ്വാനെ ഞാനിപ്പൊഴടൻ വരുത്തീ. ഹരി

മറെറാരു ദൂതൻ—കൃതവൎമ്മാവിനെ ഞാൻ കണ്ടു. പക്ഷേ അദ്ദേഹം 'എന്റെ ഗുരുനാഥനായ കൎണ്ണന്റെ അടുക്കൽ അംഗരാജ്യത്തു പോയി രണ്ടു കൊല്ലം പാൎക്കണമെന്നുണ്ട്. അതുകൊണ്ടു തിരിയേ വരണമെന്നു വലിയ നിൎബ്ബന്ധമില്ലെങ്കിൽ ഈ വഴിയേതന്നെ പോയിക്കോട്ടെ. ഞാൻ യാത്ര പുറപ്പെട്ടിട്ടു തിരിയേ പോരുന്നതു കഷ്ടമല്ലേ? അതുകൊണ്ടീവിവരം ഭഗവാനെ അറിയിച്ചു മറുപടി കിട്ടുന്നതുവരെ ഇവിടെത്തന്നെ ഞാൻ കാത്തുനില്ക്കാം' എന്നു പറഞ്ഞിരിക്കുന്നു. ഇനി ഇവിടുത്തെ കല്പനപോലെ.

ശ്രീകൃ—ഇഷ്ടംപോലെ ആയിക്കോട്ടെ. എന്നെ പേടിച്ചു പോയി എന്നു വരരുത്. ഈ കുററത്തിൽ എനിക്കൊരു മുഷിച്ചിലുമില്ല എന്നു പറഞ്ഞേക്കൂ.

ദൂതൻ—കല്പനപോലെ (എന്നു പോയി)

ശ്രീകൃ—(അക്രൂരനെ നോക്കീട്ടു്)

ആട്ടേ, സ്യമന്തകമെടുക്കുക; സഭ്യർ നോക്കി-
ക്കോട്ടേ; മനസ്സിനു പരം സുഖമായിടട്ടേ;
ഒട്ടേറെയും ഗുണമെഴും തവ കയ്യിൽ വാണി-
ടട്ടേ മറിച്ചിനിയുമീമണി വേണ്ടെനിക്കു്. ൱൪൮

അക്രൂ—(മണി എടുത്തു കാണിച്ചിട്ടു്)

ശതധന്വാവിഹ ചാടു-
ന്നപ്പൊഴതെൻ മുമ്പിലിട്ടെറിഞ്ഞല്ലോ
ധൃതിയൊടു പോയതു; പിന്നീ-
ടിതു ഞാൻ സൂക്ഷിച്ചു; മററല്ലേ. ൱൪൯

ശ്രീകൃ—(മേടിച്ചു നോക്കീട്ടു്)

നിതാന്തമേറുന്നൊരു കാന്തിഭാര-
മതേന്തിടുന്നീമണി കാൺകമൂലം
ഇതിൽ പലക്കും, ബലഭദ്രനും ചെ-
റ്റിതിൽ ഭ്രമം വന്നതു മാരമല്ലോ. ഉപ

അല്ലാതെകണ്ടിനിക്കൊരാവശ്യവുമില്ല. അങ്ങുതന്നെ എടുക്കാം. (എന്നു് അക്രൂരന്റെകയ്യിൽ കൊടുക്കുന്നു)

അക്രൂ—(മേടിച്ചിട്ടു്) ഇനി ഞാനിവിടെക്കെന്താണൊന്നു ചെയ്യേണ്ടതു്?

ശ്രീകൃ—ഒന്നും ചെയ്യേണ്ടതില്ല.

മണികൊണ്ടു വന്നൊരയശസ്സുപോയ് വധൂ-
മണിമാരെനിക്കിരുവർ വന്നു കയ്വശം;
ഘൃണവിട്ടൊരാശ്ശതധനസ്സു ചത്തുപോയ്;
ഗുണമൊക്കെയോക്കിലെനിക്കു പൂർണ്ണമായ്.

എന്നാലും ഇതിരിക്കട്ടെ.

(ഭരതവാക്യം)

ഇക്കഥ നാടകമെല്ലാം
സൽകൃതിയെന്നിഹ ജനം പുകഴ്ത്തട്ടേ;
നൽകൃതിയുള്ള കവീന്ദ്രർ ച-
മൽകൃതിയോടും കൃതിച്ചു കൂട്ടട്ടെ. ഉറ

(എന്നു് എല്ലാവരും പോയി)

അഞ്ചാമങ്കം കഴിഞ്ഞു.

സ്യമന്തകം ഭാഷാനാടകം സമാപ്തം.